# താമരമൊട്ടുകൾ

വാല്യം 22 | മാർച്ച് 2020 | ലക്കം 3 | Price ₹25



# LENT


## A SEASON OF SPIRITUAL PREPARATION


താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 29-02-2020 |






Printed & Published by Fr. Abraham Kavilpurayidathil, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.

# Bishop's Programme

## March 2020

| | | |
|---|---|---|
| 01 | | Chippilithode - Pastoral Visit |
| 02 | | Vilangad |
| 03 | | Marudonkara |
| 04 | | Thottumukkom |
| 05 | 11.00 | Thamarassery |
| | 15.00 | Venappara |
| 06 | | Office day |
| | 16.45 | Mukkom |
| 07-08 | | Kodanchery - Pastoral Visit |
| 09 | | Office day |
| 10 | 06.30 | Pullanjimedu |
| | | Thamarassery |
| 11 | | Thiruvambady |
| 12 | | Kodanchery |
| 13 | | Koorachundu |
| 14 | 10.30 | Thamarassery |
| 14-15 | | Thiruvambady - Pastoral Visit |
| 16 | 06.30 | Devagiri |
| | | Paroppady |
| 17 | | Karuvarakundu |
| 18 | | Perinthalmanna |
| 19 | 10.00 | Mariapuram |
| | 17.00 | Kakkadampoil |
| 20 | | Mangalapuzha |
| | 17.00 | Narinada |
| 21 | | Office day |
| | 17.00 | Kozhikode |
| 22 | | Coimbatore |
| 23-25 | | Chanda |
| 26-28 | | Adhilabad |
| 29 | 17.00 | Marudonkara |
| 30 | | Kothamangalam |
| 31 | 06.30 | Bethania |
| | | Office day |
| | 15.30 | Vilangad |

വാല്യം 22 താമരമൊട്ടുകൾ മാർച്ച് 2020 ലക്കം 03

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും".
(അപ്പ. 16:31)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 151 |
| 2. | പ്രോഗ്രാം മാർച്ച് 2020 | 153 |
| 3. | സർക്കുലർ | 154 |
| 4. | സർക്കുലർ 1/2020 | 159 |
| 5. | സർക്കുലർ 2/2020 | 162 |
| 6. | സർക്കുലർ 3/2020 | 167 |
| 7. | നോമ്പുകാല സന്ദേശം | 171 |
| 8. | കച്ചേരിക്കാര്യം | 176 |
| 9. | സെമിനാരി വാർത്തകൾ | 181 |
| 10. | വൊക്കേഷൻ ബ്യൂറോ | 183 |
| 11. | മതബോധനം | 184 |
| 12. | കെ.സി.വൈ.എം | 188 |
| 13. | ലിറ്റർജി കമ്മീഷൻ | 194 |
| 14. | ഫാമിലി അപ്പോസ്റ്റലേറ്റ് | 195 |
| 15. | മദ്യവിരുദ്ധ സമിതി | 196 |
| 16. | വിൻസെന്റ് ഡി പോൾസംഘടന | 197 |
| 17. | ഫ്രാൻസിസ്ക്കൻ അൽമായ സഭ | 199 |
| 18. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 200 |
| 19. | അൽഫോൻസാ കോളേജ് തിരുവമ്പാടി | 202 |
| 20. | ആൽഫ മരിയ അക്കാദമി | 204 |
| 21. | മാതൃവേദി | 206 |
| 22. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 208 |
| 23. | മനോമയ കൗൺസിലിംങ് സെന്റർ | 208 |
| 24. | പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട് | 209 |
| 25. | എ.കെ.സി.സി | 209 |
| 26. | ബഥാനിയ വാർത്തകൾ | 210 |
| 27. | ആദരാഞ്ജലികൾ | 212 |
| 28. | ഫിയാത്ത് റിട്രീറ്റ് സെന്റർ | 138 |
| 29. | കരിസ്മാറ്റിക് മൂവ്മെന്റ് | 213 |
| 30. | വിദ്യഭ്യാസരംഗം | 215 |
| 31. | കേരള ലേബർ മൂവ്മെന്റ് | 217 |
| 32. | വികസനവേദി | 218 |
| 33. | ചെറുപുഷ്പ മിഷൻലീഗ് | 220 |
| 34. | ക്രിസ്റ്റീൻ മൂവ്മെന്റ് | 222 |
| 35. | യേശുനിധി | 224 |
| 36. | അജപാലനക്കുറിപ്പുകൾ | 225 |

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Karottuzhunnalil Jose | March | 1 |
| Panachickal Alex | | 3 |
| Panachipuram Mathew | | 3 |
| Thekkumcherikunnel Mathew | | 3 |
| Oliakattil Joseph | | 4 |
| Thoomkuzhy Dominic | | 6 |
| Nandalath Johnson | | 6 |
| Kunnath Joseph | | 7 |
| Munjanattu Mathew | | 10 |
| Thuruthiyil Joseph | | 10 |
| Kothanickal Chacko | | 11 |
| Cheeramattathil Sebastian | | 12 |
| Puthettupadavil Joseph | | 12 |
| Purayidathil Antony | | 13 |
| Njezhukumkattil Mathew | | 14 |
| Cheruvelil Mathew | | 15 |
| Chempukandathil Sebastian | | 16 |
| Mannoor Joseph | | 18 |
| Elamthuruthil Joseph | | 21 |
| Pattaniyil Augustine | | 27 |
| Vadakkedom Jose | | 29 |
| Kalathoor Varghese | | 29 |
| Chemplani Kuriakose | | 31 |
| Kochuparambil Thomas | | 31 |

**Mar Remigiose Inchananiyil**

# Feast Day Greetings

## March 19

Rev. Fathers

Alappattukottayil Joseph
Aranjaniolickal Joseph (Sr.)
Aranjaniolickal Joseph (Jr.)
Chirakandathil Jose
Chundayil Joseph
Chirathalackal Joseph
Elamthuruthil Joseph
Ezhanikatt Joseph
Edakkattil Joseph
Kalappurackal Joseph
Kalarickal Joseph
Kalathil Joseph
Kappil Joseph
Karottuzhunnalil Jose
Keelath Joseph
Koonanickal Joseph
Kunnath Joseph
Kuzhikattumyalil Joseph
Maliyeckal Joseph
Manjakazhakunnel Joseph
Mannancheril Joseph
Mannoor Joseph
Mukaleparambil Joseph
Njavallil Jose
Oliakattil Joseph
Palakattu Joseph
Palliyodil Joseph Christie
Pamplaniyil Joseph
Pennaparambil Jose
Poothakuzhy Joseph
Puthettupadvil Joseph
Pulichamakkal Joseph
Thandaparmbil Joseph
Thekkumkattil Joseph
Thuruthiyil Joseph
Vadakkedom Jose
Vadakkel Joseph

**Mar Remigiose Inchananiyil**

# പ്രോഗ്രാം മാർച്ച് 2020

| | | |
|---|---|---|
| 01 | ഞായർ | ബഥാനിയ: ആന്തരികസൗഖ്യ ദൈവാനുഭവ ധ്യാനം (1-5) |
| 06 | വെള്ളി | ബഥാനിയ : ജാഗരണപ്രാർത്ഥന |
| 07 | ശനി | മരിയൻ പ്രോ-ലൈഫ് - എസ്.എസ്.എൽ.സി., പ്ലസ്.ടു. കുട്ടികൾക്കായി പ്രാർത്ഥന (ബഥാനിയ, പെരിന്തൽമണ്ണ, കരുവാരകുണ്ട്), AKCC : യൂണിറ്റ് സെമിനാർ ഉദ്ഘാടനം. ക്രിസ്റ്റീൻ: പരീക്ഷ ഒരുക്ക സെമിനാർ - മരുതോങ്കര |
| 09 | തിങ്കൾ | പ്രീ-കാനാ കോഴ്സ് (9-11) |
| 14 | ശനി | മതബോധനം: വിശ്വാസോത്സവ അധ്യാപക പഠനശിബിരം PBI: Class ADCT |
| 15 | ഞായർ | ബഥാനിയ: ആന്തരികസൗഖ്യ ദൈവാനുഭവ ധ്യാനം (15-19) |
| 19 | വ്യാഴം | **വി. യൗസേപ്പ്** |
| 22 | ഞായർ | PBI: ഫൊറോന ദൈവശാസ്ത്ര പഠനക്ലാസ്സ് |
| 24 | ചൊവ്വ | ചരമദിനം: ഫാ. ജോർജ്ജ് പരുത്തപ്പാറ (2011) മരിയൻ പ്രോ-ലൈഫ് - ജീവന്റെ സംരക്ഷണത്തിനും സമൃദ്ധിക്കുവേണ്ടി അഖണ്ഡജപമാല |
| 25 | ബുധൻ | **മംഗളവാർത്ത തിരുനാൾ** |
| 27 | വെള്ളി | ബഥാനിയ: ഏകദിന കൺവെൻഷൻ |
| 28 | ശനി | മലബാർ വിഷൻ എഡിറ്റോറിയൽ മീറ്റിംഗ് |
| 29 | ഞായർ | ചരമദിനം: ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ (2018) മതബോധനം: **വിശ്വാസോത്സവം** ആരംഭിക്കുന്നു |
| 30 | തിങ്കൾ | പ്രീ-കാനാ കോഴ്സ് (30 - ഏപ്രിൽ 1) ബഥാനിയ: ദൈവവിളി ക്യാമ്പ് (30 - ഏപ്രിൽ 1) |

Ref: 3254/K-5/KCBC/OL/DS

# മദ്യവിരുദ്ധ ഞായർ, 2020 മാർച്ച് 8

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നൽകുന്ന സർക്കുലർ

മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാസഭ മാർച്ച് 8 മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണല്ലോ. എല്ലാവിധ ദുശ്ശീലങ്ങളിൽ നിന്നും തിന്മയുടെ സ്വാധീനങ്ങളിൽ നിന്നും പിൻതിരിഞ്ഞ് നടക്കുവാനുള്ള ആഹ്വാനമാണ് വലിയ നോമ്പിലെ ഈ ദിനാചരണം നമുക്കു നൽകുന്നത്. വളരെ ഗുരുതര സ്വഭാവമുള്ള ഈ വിഷയം നോമ്പുകാലത്ത് നമ്മുടെ ചർച്ചക്കും പരിചിന്തനത്തിനും വിഷയീഭവിക്കേണ്ടിയിരിക്കുന്നു. ഭാരതത്തിൽ ലഹരി ഉപയോഗത്തിലും വിപണനത്തിലും കേരളം രണ്ടാം സ്ഥാനത്ത് എത്തിനില്ക്കുന്നു. ഈ അടുത്ത കാലത്ത് ബഹു. കേരളാ ഹൈക്കോടതി നടത്തിയ നിരീക്ഷണം നമ്മുടെ സത്വരശ്രദ്ധയാകർഷിക്കുന്നു: 'തലമുറയെയും ജനങ്ങളുടെ ആരോഗ്യത്തെയും തകർക്കുന്ന ആഗോള പകർച്ചവ്യാധിയായി മദ്യലഹരി മാറിയിരിക്കുന്നു. സാമ്പത്തിക സുസ്ഥിരതയെയും സംവിധാനങ്ങളെയും അതു നശിപ്പിക്കുന്നു.' കോടതി നടത്തിയ ഈ പരാമർശം അതീവ ഗൗരവത്തോടെ നാം വിലയിരുത്തേണ്ട ഒരു സമയമാണിത്.

സാമൂഹ്യ പ്രശ്നങ്ങൾ രണ്ടു തരമുണ്ട്. ആദ്യത്തേത് പ്രകൃത്യാ അഥവാ സ്വഭാവികമായി സംഭവിക്കുന്നതാണ്. പ്രകൃതിയിൽ നിന്നുതന്നെ അത് ഉത്ഭവിക്കുന്നതിനാൽ അവയെ സ്വാഭാവികമായി നിയന്ത്രിക്കുക സാധ്യമല്ല. കഴിയുന്നത്ര മുൻകരുതലുകൾ എടുക്കുക മാത്രമാണ് മനുഷ്യനു ചെയ്യാൻ സാധിക്കുക. എന്നാൽ, രണ്ടാമത്തെ ഗണത്തിൽപ്പെടുന്നവ മനുഷ്യനിർമ്മിത സാമൂഹ്യ പ്രശ്നങ്ങളാണ്. മദ്യ-ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു സാമൂഹ്യ പ്രശ്നമാണ്. അതിനാൽ, മനുഷ്യൻ മനസ്സുവച്ചാൽ ഇല്ലാതാക്കുവാൻ കഴിയുന്നതാണിത്. ജീവിതത്തിന്റെ വിവിധ തലങ്ങളിലുള്ളവർ ഈ സാമൂഹിക പ്രശ്നത്തിനെതിരേ ജാഗരൂകതയോടെ പ്രവർത്തിക്കേണ്ടത് തീർത്തും അനിവാര്യംതന്നെ.

മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും ഉപയോഗം മനുഷ്യനെ ശാരീരികമായും മാനസികവുമായും രോഗഗ്രസ്തനാക്കുന്നു. കുടുംബത്തിൽ ഒരാൾ ലഹരിക്കടിമപ്പെട്ട് രോഗിയായിത്തീർന്നാൽ അതിന്റെ ദൂഷ്യഫലങ്ങൾ കുടുംബം മുഴുവനും അനുഭവിക്കേണ്ടി വരുന്നു. ഇന്ന് മദ്യപാനംമൂലം അനേകം കുടുംബങ്ങൾ തകർച്ചയിലും ദുരിതത്തിലും കഴിയുന്നു. തലമുറ

യുടെ വാഗ്ദാനങ്ങളായ കുട്ടികളും യുവാക്കളും ഇന്ന് ലഹരിയുടെ പിടിയിൽ അമർന്നുകൊണ്ടിരിക്കുന്നു. വിദ്യാർത്ഥികളടങ്ങുന്ന യുവാക്കളിൽ വളരെയധികം പേർ ലഹരി വസ്തുക്കൾക്ക് അടിമകളാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിപണനവും ഉപയോഗവും നടക്കുന്നുവെന്നത് നമ്മെ ഏറെ ആശങ്കപ്പെടുത്തുന്നു. ഒരു വശത്ത് മദ്യം യഥേഷ്ടം ലഭ്യമാക്കുകയും ഉപയോഗിക്കാനുള്ള ഒത്താശ ചെയ്തുകൊടുക്കുകയും മറുവശത്ത് മദ്യത്തിനെതിരേ ബോധവത്കരണം നടത്തുകയും ചെയ്യുന്നത് തീർത്തും വൈരുദ്ധ്യം തന്നെ. താഴെ പറയുന്ന ഏതാനും ഉദാഹരണങ്ങളിൽ നിന്നും ഇത് വ്യക്തമാകും.

ബവ്കോ-കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ 10 ശതമാനം വീതം വർഷംതോറും പൂട്ടിക്കൊണ്ടിരുന്നത് ഈ സർക്കാർ നിർത്തലാക്കി. തങ്ങളുടെ പ്രദേശത്ത് മദ്യശാലകൾ വേണമോ വേണ്ടയോ എന്നു തീരുമാനിക്കാൻ അധികാരം നല്കുന്ന പഞ്ചായത്ത് രാജ്-നഗരപാലിക ബില്ലിലെ 232, 443 വകുപ്പുകൾ റദ്ദു ചെയ്തു. സുപ്രീംകോടതി വിധിയെ തുടർന്ന് ദേശീയ പാതയോരങ്ങളിലെ മദ്യശാലകൾ ജനവാസ കേന്ദ്രങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള നീക്കത്തെ ജനം ചെറുത്തു തോല്പിച്ചപ്പോഴാണ് ഈ ജനാധികാരവും അവകാശവും സർക്കാർ എടുത്തുകളഞ്ഞത്. തുടർന്ന് വിദേശമദ്യ ചട്ടമനുസരിച്ച് ബിയർ, വൈൻ തുടങ്ങിയ പാർലറുകൾ കൂടുതൽ തുറക്കാൻ തീരുമാനിച്ചു. അടച്ചു പൂട്ടിയ ബാറുകളെല്ലാം ഈ സർക്കാർ തുറന്നു കൊടുത്തു. വിമാനത്താവളങ്ങളിലെ അന്താരാഷ്ട്ര ലോഞ്ചുകൾക്ക് ഒപ്പം ആഭ്യന്തര ലോഞ്ചുകളിലും വിദേശമദ്യം ലഭ്യമാക്കി. ദൂരപരിധി നിയമം 200 എന്നത് 50 മീറ്ററാക്കി കുറച്ചു. വിദ്യാലയങ്ങൾക്കും ആരാധനാലയങ്ങൾക്കും സമീപം ബാർ തുറക്കാമെന്ന സ്ഥിതിവിശേഷവും ഒരു ദുരന്തംപോലെ കടന്നു വന്നു . ഇവയൊക്കെ സർക്കാരിന്റെ മദ്യനയത്തിന്റെ ഇരട്ടത്താപ്പു നയമല്ലേ തുറന്നു കാട്ടുന്നത്? പൗര ന്റെയോ പൗരസമൂഹത്തിന്റെയോ ആരോഗ്യത്തിൽ തരിമ്പും ശ്രദ്ധയില്ലാത്ത ഒരു ഭരണകൂടത്തിനു മാത്രമേ ഇത്രയ്ക്ക് നിരുത്തരവാദ പരമായ നയം സ്വീകരിക്കാനാകൂ.

ഇടതുമുന്നണിയുടെ പ്രകടനപത്രികയിൽ പറയുന്നതുപോലെ, "മദ്യം കേരളത്തിൽ ഗുരുതരമായ സാമൂഹ്യവിപത്തായി മാറിയിട്ടുണ്ട്". രാജ്യത്തെ ജനസംഖ്യയുടെ നാല് ശതമാനത്തിൽ താഴെ മാത്രമേ കേരളത്തിൽ ഉള്ളൂവെങ്കിലും മദ്യവില്പനയുടെ 16 ശതമാനം ഇവിടെയാണ് നടക്കുന്നത്. ദേശീയ ശരാശരിയുടെ മൂന്നിരട്ടി മദ്യമാണ് മലയാളികൾ ഉപയോഗിക്കുന്നത്. മുൻപ് 300 പേരിൽ ഒരാൾ മദ്യപിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 20 പേരിൽ ഒരാൾ വീതം മദ്യപിക്കുന്നു. ജനസംഖ്യയിൽ 5 ശതമാനം പൂർണ്ണമായും മദ്യത്തിന് അടിമകളായി മാറി. 1980-ൽ മദ്യ ഉപഭോക്താക്കളുടെ കുറഞ്ഞ പ്രായം 18 വയസ്സായിരുന്നെങ്കിൽ ഇപ്പോൾ 11-12 വയസ്സിലെത്തി നിൽക്കുന്നുവെന്നുള്ളതാണ് ഭയപ്പെടുത്തുന്ന സത്യം. കേരള ജനസംഖ്യയിൽ 17% മുതൽ 20% വരെ പേർ മദ്യപന്മാരാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ

കണക്കുകൾ പ്രകാരം 20 ശതമാനം കുട്ടികൾ ഏതെങ്കിലും തരത്തിലുള്ള ലഹരിപദാർത്ഥം ഉപയോഗിച്ചിട്ടുള്ളവരാണ്. മദ്യപാനംമൂലം കേരളത്തിൽ 8 ലക്ഷം പേർ കരൾ രോഗികളായി മാറിക്കഴിഞ്ഞു. ഹൃദ്രോഗികളുടെ എണ്ണം 50 ശതമാനം വർദ്ധിച്ചു.

ലോകത്തിലെ ഏതൊരു ഭരണകൂടവും പാലിക്കേണ്ട മൗലിക തത്ത്വം പാവങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും വളർത്തുകയും പരിപോഷിപ്പിക്കുകയും നന്നാക്കുകയും ചെയ്യുക എന്നതാണ്. അതിനു തക്കതായ നയങ്ങളാണ് സർക്കാർ ആവിഷ്കരിക്കേണ്ടത്. മദ്യത്തിന്റെ ഉപയോഗത്തിൽ മുൻനിരയിൽ നിൽക്കുന്ന കേരളത്തിൽ മദ്യവില്പന - നിയന്ത്രണ - നിരോധന നടപടികളാണാവശ്യം. മനുഷ്യനന്മയാണ് സർക്കാർ ലക്ഷ്യം വയ്ക്കേണ്ടത്. കേരളത്തിന്റെ മദ്യപാനഗ്രാഫ് ഉയരുമ്പോളുണ്ടാകുന്ന കുടുംബ-സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക-ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ പഠിക്കണം. മദ്യ വിപത്തിനെ നേരിടാൻ പ്രായോഗിക മാർഗ്ഗങ്ങൾ അവലംബിക്കണം.  ജനങ്ങൾ മദ്യം വർജിച്ചാൽ മതി; ഫലപ്രദമായ മദ്യനിയന്ത്രണവും നിരോധനവും അപ്രായോഗികമാണ് എന്നു വാദിക്കുന്നത് വഞ്ചനാപരമായ നിലപാടാണ്. ജനങ്ങൾ ആഗ്രഹിക്കുന്നിടത്തോളം മദ്യം ലഭ്യമാക്കുകയെന്നത് മദ്യരാജാക്കന്മാരുടെ മനുഷ്യത്വരഹിതവും സ്വാർത്ഥപരവുമായ താല്പര്യമാണ്. ഉത്തരവാദിത്വമുള്ള ഒരു സർക്കാർ ഒരിക്കലും ഇത് മാനദണ്ഡമാക്കാൻ പാടില്ല. മദ്യവില്പനകൊണ്ടു കേരളത്തിന് എന്ത് നേട്ടമുണ്ടായി എന്നു വിലയിരുത്തേണ്ടിയിരിക്കുന്നു. ഒരു തൊഴിലാളി മദ്യംകൊണ്ട് ഉപജീവനം നടത്തുമ്പോൾ ആയിരങ്ങൾ മദ്യം കുടിച്ച് നശിക്കുന്നുണ്ട്. സർക്കാരിന് മദ്യത്തിൽ നിന്നു ലഭിക്കുന്ന വരുമാനം അതിന്റെ പ്രത്യാഘാതങ്ങൾ പരിഹരിക്കാൻ തികയുകയില്ല. കേരള സമൂഹത്തെ മദ്യക്കെടുതിയിൽ നിന്നും മോചിപ്പിക്കുന്നതിനു പകരം മദ്യത്തിൽ മുക്കിക്കൊല്ലാനുള്ള നീക്കങ്ങൾക്ക് ചരിത്രം മാപ്പു നല്കില്ല.

ഈ സർക്കാർ, പൂട്ടിയ ബാറുകൾ തുറക്കുവാനും വീര്യം കുറഞ്ഞ മദ്യം പഴവർഗ്ഗങ്ങളിൽ നിന്ന് ഉല്പാദിപ്പിക്കുവാനും പബ്ബുകൾ ആരംഭിക്കുവാനും എല്ലാമാസത്തിന്റെയും ആദ്യദിനം മദ്യവില്പനയില്ലാതെയുള്ള ഡ്രൈഡേ മാറ്റുവാനും രാത്രിയിൽ ഏറെ വൈകിയും ജോലി ചെയ്യുന്നവർക്ക് ഉല്ലസിക്കാൻ ക്ലബ്ബുകൾ തുടങ്ങുവാനും പദ്ധതികളിടുന്നു. സർക്കാരിന്റെ ഇപ്പോഴുള്ള മദ്യനയം നിശ്ചയമായും തിരുത്തണം. അതിനുള്ള ശക്തമായ നീക്കങ്ങൾ പൗരസമൂഹങ്ങൾ നടത്തുകയും വേണം. ലഹരിയെന്ന സാമൂഹ്യതിന്മയ്ക്കെതിരേ പ്രവർത്തിക്കാനുള്ള കടമ എല്ലാ സഭാംഗങ്ങൾക്കുമുണ്ട്. ദൈവരാജ്യസംസ്ഥാപനത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള ഉത്തരവാദിത്വത്തിന്റെ ഭാഗം കൂടിയാണ് മദ്യ-ലഹരി വിരുദ്ധപ്രവർത്തനങ്ങൾ. ആയതിനാൽ, ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചിരിക്കുന്ന മദ്യ ലഭ്യത കുറയ്ക്കുക, ബോധവൽക്കരണം നടത്തുക, ലഹരിക്കടിമപ്പെട്ടവരെ ചികിത്സിക്കുക എന്നീ കാര്യങ്ങൾ ഒരേസ

മയം നടപ്പിലാക്കിയാൽ മാത്രമേ ആശാവഹമായ മാറ്റങ്ങൾ ഉണ്ടാകുകയു ള്ളൂ. "മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല" (ഗലാ 5:21) എന്ന വേദവാക്യം പ്രത്യേകം ഓർമ്മിക്കുന്നത് നല്ലതാണ്.

മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന ജനറൽ സെക്രട്ടറിയായി ചുമതല യേറ്റിരിക്കുന്ന റവ.ഫാ. ജോൺ അരീക്കലിന് എല്ലാവിധ മംഗളങ്ങളും നേരു ന്നു. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ശക്തി പകരാൻ ഇടവകകൾതോറും യൂണിറ്റുകൾ രൂപീകരിക്കണം. കുടുംബങ്ങളിൽ മാമ്മോദീസ, വിവാഹം തുട ങ്ങിയ ആഘോഷങ്ങളിലും മദ്യത്തിന്റെ ഉപയോഗം ഇല്ലായെന്ന് ഉറപ്പുവരു ത്താൻ നമുക്കു സാധിക്കണം. സ്കൂളുകളും ഇതര കലാലയങ്ങളും ലഹരി വിമുക്ത കാമ്പസുകളാക്കണം. അയൽക്കൂട്ടങ്ങൾപോലെ മദ്യവിരുദ്ധ ബോധ വത്ക്കരണ സമിതികൾ നമ്മുടെ ഗ്രാമങ്ങളിലും പഞ്ചായത്തുകളിലും രൂപ പ്പെടണം. മദ്യവിരുദ്ധ സഭയും സമൂഹവുമെന്ന ലക്ഷ്യം നേടുവാനായി നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം, പ്രാർത്ഥിക്കാം. മാർച്ച് 8-ാം തീയതി ഞായറാ ഴ്ചയിലെ സ്തോത്രകാഴ്ച രൂപതാ മദ്യവിരുദ്ധ സമിതിക്കു നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് യൂഹാനോൻ മാർ തെയോഡോഷ്യസ്**

(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**

(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

**ബിഷപ് ക്രിസ്തുദാസ്. ആർ**

(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

കേരളകത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം

പി.ഒ.സി., കൊച്ചി - 682025

---

N.B. 2020 മാർച്ച് മാസം 8-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപന ങ്ങളിലും വായിക്കണം. ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധ ഞായർ ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരി ശ്രമിക്കണം.

*സർക്കുലർ 01/2020*

# കുടുംബസുരക്ഷ ആരോഗ്യ ഇൻഷൂറൻസ് പദ്ധതി

മിശിഹായിൽ പ്രിയപ്പെട്ടവരേ,

താമരശ്ശേരി രൂപത കോഴിക്കോട് മലപ്പുറം ജില്ലകളിലെ ഇടത്തരക്കാർക്കും പാവങ്ങൾക്കുമായി കഴിഞ്ഞ 3 വർഷ ങ്ങളിലായി നടപ്പിലാക്കിവരുന്ന കുടുംബസുരക്ഷ ഇൻഷൂ റൻസ് പദ്ധതി വിജയകരമായി നടത്തുവാൻ കഴിഞ്ഞു. അസുഖങ്ങളാലും, അപകടങ്ങളാലും വിവിധ ആശുപത്രിക ളിൽ അഡ്മിറ്റായ 1517 കുടുംബങ്ങൾക്ക് 1,35,64,000 രൂപ ആരോഗ്യസംരക്ഷണത്തിനായി നേടിയെടുക്കുവാൻ സാധിച്ചു. രൂപതയുടെ സാമൂഹ്യ സേവനവിഭാഗമായ സെന്റർ ഫോർ ഓവറോൾ ഡവലപ്മെന്റ് (സി.ഒ.ഡി) യും സ്റ്റാർ ഹെൽത്ത് ഇൻഷൂറൻസ് കമ്പനിയുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുന്നത്.

നമ്മുടെ സംസ്ഥാനം സമസ്ത മേഖലകളിലും വികസിത രാജ്യങ്ങൾക്ക് ഒപ്പമാണെങ്കിലും ആരോഗ്യ മേഖലയിൽ അവിചാരിതമായി വന്നു ചേരുന്ന പ്രശ്നങ്ങൾ സാധാരണക്കാരെ ബുദ്ധിമുട്ടിലാക്കുന്നു. ആരോഗ്യപ്രശ്നങ്ങളെ നേരിടുവാൻ കർമ്മപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ടെങ്കിലും കാലാനുസൃതമായി വരുന്ന ഭാരിച്ച ചികിത്സാ ചിലവുകൾ സാധാരണക്കാർക്ക് താങ്ങാവുന്നതിലും അധികമാണ്. ഈ അവസരങ്ങളിൽ സാധാരണക്കാർക്ക് താങ്ങും തണലുമാകുന്നതിന് ഇത്തരത്തിലുള്ള ഇൻഷൂറൻസ് പദ്ധതികൾക്ക് കഴിയുന്നു. ഗ്രാമീണ തലത്തിലുള്ള സാധാരണക്കാരുടെ ആരോഗ്യപരിരക്ഷക്കും സാമ്പത്തികഭദ്രത ഉറപ്പുവരുത്തുന്ന തിനുമായി രൂപത നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയിൽ നമ്മുടെ സാധാരണക്കാരായ ജനങ്ങളെ പരമാവധി പങ്കാളികളാക്കുവാൻ നേതൃത്വനിരയിലുള്ളവർ ശ്രദ്ധിക്കുമല്ലോ.

സാധാരണക്കാരുടെ ദൈനംദിന ജീവിതത്തിൽ അവിചാരിതമായി വന്നുചേരുന്ന ആരോഗ്യപ്രശ്നങ്ങൾ കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് ഭീഷണിയാകുന്നു. ഇങ്ങനെയുള്ള പ്രതിസന്ധിഘട്ടങ്ങളെ അതിജീവി ക്കുവാൻ ഈ ആരോഗ്യ ഇൻഷൂറൻസ് പദ്ധതി കൊണ്ട് സാധ്യമായിട്ടുണ്ട്. 1 ലക്ഷം രൂപ വരെ ഒരു കുടുംബത്തിലെ ഭാര്യ, ഭർത്താവ്, 70 വയസ്സ് വരെയുള്ള മാതാപിതാക്കൾ, കുട്ടികൾ എന്നിങ്ങനെ 6 പേർക്ക് ഇന്ത്യയിലെ എല്ലാ നെറ്റ്

വർക്ക് ഹോസ്പിറ്റലിലും വരുന്ന 24 മണിക്കൂർ കിടത്തി ചികിത്സാ ചിലവിന് ഈ പദ്ധതിയിൽ ക്ലെയിം ചെയ്യാവു ന്നതാണ്.

ഇടവകാ വികാരിമാരുടെയും, സന്നദ്ധ സംഘടന പ്രവർത്തകരുടെയും, സി.ഒ.ഡി പ്രവർത്തകരുടെയും അകമഴിഞ്ഞ സേവനങ്ങൾ ഈ മേഖലയിൽ ലഭ്യമാകുന്ന തുകൊണ്ടാണ് പദ്ധതി വിജയപ്രദമായി നടത്താൻ കഴിയുന്നത്.

മുൻവർഷങ്ങളിലെപ്പോലെ എല്ലാവരുടെയും അകമഴിഞ്ഞ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊള്ളുന്നു. ആരോഗ്യ സമ്പൂർണ്ണമായ ഒരു സമൂഹത്തെ കെട്ടിപ്പടുക്കുവാൻ നമുക്കും പങ്കാളികളാകാം.

സ്നേഹപൂർവ്വം,

**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

N.B. ഈ സർക്കുലർ 2020 മാർച്ച് 15-ാം തീയതി വി. കുർബാനമദ്ധ്യേ വായിക്കുകയോ ഇതിലെ ഉള്ളടക്കം ദൈവജനത്തെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.

*സർക്കുലർ 02/2020*

# ദൈവവിളി

മിശിഹായിൽ പ്രിയപ്പെട്ടവരേ,

രക്ഷാകര ചരിത്രത്തിലൂടെ കടന്നുപോകുമ്പോൾ ദൈവം തന്റെ പ്രത്യേക ദൗത്യമേല്പിക്കുന്നതിനായി പലരേയും വിളിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യു ന്നത് നാം വായിക്കുന്നു. "നിന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട് ഞാൻ കാണിച്ചുതരുന്ന ദേശത്തേയ്ക്ക് പോവുക" എന്ന ദൈവത്തിന്റെ അരുളപ്പാടിനോട് പ്രത്യുത്തരിച്ചതിനാലാണ് അബ്രാഹം വലിയൊരു ജനതയുടെ പിതാവായിത്തീരുന്നതും അബ്രാഹത്തിലൂടെ ഭൂമുഖത്തെ വംശമെല്ലാം അനുഗ്രഹീതമാകുന്നതും. ദൈവത്തിൽ പ്രത്യാശയർപ്പിച്ച് ദൈവവിളിയോട്

പ്രത്യുത്ത രിച്ചതിലൂടെ മോശ ഇസ്രായേൽ ജനതയുടെ വിമോചനത്തിനുള്ള ഉപകരണമായിത്തീർന്നു. പുതിയ നിയമത്തിൽ ദൈവപുത്രന്റെ അമ്മയാകാനുള്ള വിളി ലഭിച്ച മറിയവും വളർത്തു പിതാവാകുവാനുള്ള നിയോഗം ലഭിച്ച യൗസേപ്പും ഈശോയ്ക്ക് വഴിയൊരുക്കുവാൻ കടന്നുവന്ന സ്നാപക യോഹന്നാനും തങ്ങൾക്ക് ലഭിച്ച വിളിയോട് ക്രിയാത്മ കമായി സഹകരിച്ചവരാണ്.

തന്റെ പ്രത്യേക നിയോഗങ്ങൾ നിറവേറ്റാൻ ദൈവം ഇന്നും അനേകരെ വിളിക്കുന്നുണ്ട്. ദൈവവിളി ദൈവ ത്തിന്റെ ദാനമാണ്; അത് അവിടുത്തെ തിരഞ്ഞെടുപ്പാണ്. "തനിക്കിഷ്ടമുള്ളവരെ അവിടുന്ന് തന്റെ അടുത്തേയ്ക്ക് വിളിച്ചു" (മർക്കോ 3:13). ഉത്തമ കുടുംബങ്ങളിലാണ് നല്ല ദൈവവിളികൾ മൊട്ടിടുക. ദൈവവിളികളുടെ ഗുണവും എണ്ണവും വർദ്ധിക്കുവാൻ കുടുംബങ്ങളുടെ ഗുണമേന്മ വർദ്ധിക്കുതന്നെ വേണം. രണ്ടാം വത്തിക്കാൻ കൗൺസി ലിന്റെ വീക്ഷണമനുസരിച്ച്, ഗാർഹികസഭയായ കുടുംബ ത്തിൽ മാതാപിതാക്കളാണ് വാക്കുകളും മാതൃകകളും വഴിയായി കുട്ടികളെ വിശ്വാസം പരിശീലിപ്പിക്കേണ്ടതും, അവരിലെ ദൈവവിളി പരിപോഷിപ്പിക്കേണ്ടതും. കുടുംബ നവീകരണ വർഷത്തിൽ ദൈവവിളി പ്രോത്സാഹനം നമ്മുടെ ഒരു പ്രത്യേക പ്രാർത്ഥനാ നിയോഗമാണെന്നറി യാമല്ലോ. തങ്ങളുടെ അഞ്ചുമക്കളെയും സന്ന്യാസ സമർപ്പണ ജീവിതത്തിന് പ്രോത്സാഹിപ്പിച്ച വി. ലൂയി മാർട്ടിനും, വി. സെലിൻ മാർട്ടിനും ഓരോ മാതാപിതാ ക്കൾക്കും മാതൃകയായി നിലകൊള്ളുന്നുണ്ട്. ദൈവഹിത ത്തിന് പൂർണ്ണമായി വിധേയപ്പെട്ട് ജീവിച്ച വിശുദ്ധരായ ആ മാതാപിതാക്കളും, അവരോടൊപ്പം ഇന്നോളം പൗരോ ഹിത്യ സമർപ്പിത ദൈവവിളികളെ പ്രോത്സാഹിപ്പിച്ച നമ്മുടെ പൂർവ്വികരും ഉദാത്തമായ ദൃഷ്ടാന്തങ്ങളായി നമ്മുടെ മുമ്പിലുണ്ട്.

കുടുംബങ്ങളോടൊപ്പം തന്നെ ക്രൈസ്തവ സമൂഹം മുഴുവനെയും ദൈവം ഈ ഉത്തരവാദിത്വം ഏല്പിച്ചിരി ക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വൈദിക പരിശീലനത്തെ സംബന്ധിച്ചുള്ള ഡിക്രിയിലെ (*Optatam Totius*) രണ്ടാം ഖണ്ഡികയിൽ ഇപ്രകാരം പറയുന്നു "ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ട കടമ ക്രൈസ്തവ സമൂഹം മുഴുവനിലും നിക്ഷിപ്തമായിരിക്കുന്നു. ഈ ഉത്തരവാദിത്വം നിർവ്വഹിക്കപ്പെടേണ്ടത് പൂർണ്ണമായ ക്രിസ്തീയ ജീവിതം വഴിയാണ്".

തിരുസഭ നിരവധിയായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്ന ഈ കാലഘട്ടത്തിൽ സഭാശുശ്രൂഷകൾക്കുവേണ്ടി ജീവിതം സമർപ്പിക്കാൻ കടന്നുവരുന്നവരുടെ എണ്ണം കുറയുന്നത് നാം കാണുന്നുണ്ട്. അടുത്തയിടെ ഫ്രാൻസിസ് മാർപ്പാപ്പ ഇറ്റാലിയൻ മെത്രാൻ സംഘത്തിന്റെ എഴുപത്തി യൊന്നാമത് ജനറൽ അസംബ്ലി ഉദ്ഘാടനം ചെയ്ത് സംസാരിച്ച അവസരത്തിൽ ദൈവവിളിയോട് പ്രത്യുത്തരിക്കുന്നതിലുള്ള പ്രതിസന്ധികളെക്കുറിച്ചും പ്രത്യുത്തരിക്കുന്നവരുടെ കുറവിനെക്കുറിച്ചും സൂചിപ്പിക്കുകയു ണ്ടായി. അതിന്റെ കാരണങ്ങളായി മാർപ്പാപ്പ ചൂണ്ടിക്കാണി ക്കുന്നത് മൂന്നു കാര്യങ്ങളാണ്.

ഒന്നാമതായി, മാധ്യമങ്ങൾ ഗതി നിയന്ത്രിക്കുന്ന ഇന്നത്തെ ലോകത്തിൽ നാമമാത്രമായ വൈദികരും സന്യസ്തരും ചെയ്യുന്ന തെറ്റുകൾ പർവ്വതീകരിക്കുകയും ബഹുഭൂരിപക്ഷം വരുന്ന വൈദികരും സന്യസ്തരും ചെയ്യുന്ന നന്മകളെ തമസ്ക്കരിക്കുകയും ചെയ്യുന്നു. രണ്ടാമതായി, മാർപ്പാപ്പ സൂചിപ്പിക്കുന്നത് ജനന നിരക്കിലുള്ള കുറവിനെക്കുറിച്ചാണ്. ക്രൈസ്തവ കുടുംബങ്ങളിൽ മക്കളുടെ എണ്ണം കുറയുന്നു. മൂന്നാമതായി, തങ്ങളുടെ വാക്കുകളും പ്രവൃത്തികളും മാതൃകകളും വഴി ദൈവവിളിയെ പ്രോത്സാഹിപ്പിക്കേണ്ട മാതാപിതാക്കൾ മക്കളെ പലപ്പോഴും നിരുത്സാഹപ്പെടുത്തുന്നു. ദൈവം തങ്ങൾക്ക് നല്കിയ മക്കളെ ദൈവനിയോഗങ്ങൾക്കായി വിട്ടുകൊടുക്കുന്നത് ഏറ്റവും ശ്രേഷ്ഠമാണെന്ന് തിരിച്ചറിഞ്ഞ് മാതാപിതാക്കൾ ദൈവവിളികളെ പ്രോത്സാഹിപ്പിക്കാൻ തയ്യാറാ കണം.

ഒരു പ്രത്യേക കാര്യം നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ നമ്മുടെ രൂപതയും ഇടവകകളും ഇന്ന് ഏറെ വളർന്നിട്ടുണ്ടെങ്കിൽ അത് അനേകം വൈദികരുടെയും സന്യസ്തരുടെയും ത്യാഗത്തിന്റെയും സമർപ്പണത്തിന്റെ യും കൂടി ഫലമായിട്ടാണ്. അതുകൊണ്ട് ത്യാഗശീലരായ സമർപ്പണ മനോഭാവമുള്ള യുവതീയുവാക്കന്മാരെ സഭയ്ക്ക് ഇന്ന് ആവശ്യമാണ്. നമ്മുടെ രൂപതയിൽ ചേർന്ന് വൈദികരാകുവാൻ അനേകർ കടന്നുവരുന്നത് ഏറെ സന്തോഷത്തോടെ ഓർക്കുകയാണ്. രൂപതാ മൈനർ സെമിനാരിയിലും വിവിധ മേജർ സെമിനാരികളിലുമായി 88 വൈദിക വിദ്യാർത്ഥികൾ പഠിച്ചുകൊണ്ടിരിക്കുന്നു. ദൈവവിളി പ്രോത്സാഹനത്തിൽ നമ്മുടെ രൂപതയ്ക്ക് പ്രഥമ പരിഗണന നല്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

പത്താം ക്ലാസ്സിൽ പരീക്ഷയെഴുതിയിരിക്കുന്നവരും അതിൽ കൂടുതൽ വിദ്യാഭ്യാസയോഗ്യതയുള്ളവരുമായ യുവതീയുവാക്കൾക്കുവേണ്ടി നമ്മുടെ രൂപതയിൽ നടത്തിവരുന്ന പൊതുവായ ദൈവവിളി ക്യാമ്പ് മാർച്ച് 30, 31, ഏപ്രിൽ 1 തീയതികളിലാണ്. ആൺകുട്ടികൾക്കുവേണ്ടി രൂപതയുടെ ആത്മീയ നവീകരണ കേന്ദ്രമായ ബഥാനിയായിലും, പെൺകുട്ടികൾക്കുവേണ്ടി രൂപതയുടെ പാസ്റ്ററൽ സെന്ററായ പി.എം.ഒ.സി.യിലുമാണ് ക്യാമ്പുകൾ നടക്കുന്നത്. സെമിനാരികളിലും കോൺവെന്റുകളിലും ചേരുവാൻ ആഗ്രഹിക്കുന്നവർക്ക് രൂപതയിൽ നിന്നും NOC ലഭിക്കുന്നതിന് ദൈവവിളി ക്യാമ്പുകളിലെ പങ്കാളിത്തം അനിവാര്യമാണ്. അതുകൊണ്ട് സമർപ്പിത ജീവിതം തിരഞ്ഞെടുക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികൾ നിർബന്ധമായും ഈ ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.

പ്രാർത്ഥന വഴിയായും ദൈവവിളി ക്യാമ്പ് വഴിയായും തങ്ങളെപ്പറ്റിയുള്ള ദൈവഹിതം തിരിച്ചറിയുവാനും ആ വിളിയെ സ്നേഹത്തോടെ ആശ്ലേഷിക്കുവാനും മക്കളെ പ്രോത്സാഹിപ്പിക്കുവാൻ കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെയെല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

+Remigius

**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2020 മാർച്ച് 22-ാം തീയതി വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

*സർക്കുലർ 03/2020*

# യേശുനിധി

മിശിഹായിൽ പ്രിയപ്പെട്ടവരേ,

നമ്മുടെ രൂപതയുടെ ജീവകാരുണ്യഫണ്ടായ യേശുനിധി ആരംഭിച്ചിട്ട് 24 വർഷങ്ങൾ പൂർത്തിയാവുകയാണ്. രൂപതയുടെ രണ്ടാമത്തെ മെത്രാനായിരുന്ന അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴിപ്പിതാവിന്റെ വലിയ ഒരു സ്വപ്ന സാക്ഷാത്കാരമാണ് ഈ സാധുസഹായ നിധി. കഴിഞ്ഞ 24 വർഷങ്ങൾക്കുള്ളിൽ ഏകദേശം 10 കോടി രൂപ സമാഹരിക്കുവാനും അർഹതപ്പെട്ടവരിലേക്ക് അത് എത്തിക്കുവാനും കഴിഞ്ഞു എന്നുള്ളത് നിസ്സാരകാര്യമല്ല. നമ്മുടെ രൂപതയിലെ ഓരോ കുടുംബവും സന്ന്യാസഭവനങ്ങളും ഒരുമിച്ച് കൈകോർത്തപ്പോൾ ആലംബഹീനരുടെ അത്താണിയായി മാറുവാൻ യേശുനിധിക്ക് സാധിച്ചു എന്നത് വളരെ അഭിമാനകരമായ കാര്യമാണ് എന്നതിൽ സംശയമില്ല. കഴിഞ്ഞ നാളുകളിൽ അകമഴിഞ്ഞ് സഹകരിച്ച ഓരോരുത്തരോടുമുള്ള നന്ദിയും കടപ്പാടും ഈയവസരത്തിൽ അറിയിക്കട്ടെ.

"കർത്താവായ യേശുവിൽ വിശ്വസിക്കുക, നീയും കുടുംബവും രക്ഷപ്രാപിക്കും" (അപ്പ. 16/31) എന്ന ദൈവ വചനം ധ്യാനിച്ചുകൊണ്ട് കുടുംബനവീകരണം ആചരിക്കുമ്പോൾ ആദിമക്രൈസ്തവ സമൂഹത്തിന്റെ ചൈതന്യം സ്വന്തമാക്കുവാനും കൂടിയുള്ള ഒരുവസരമായി യേശുനിധിയെ കാണുവാൻ നമുക്ക് കഴിയട്ടെ. ''വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു. അവർ ഏകമനസ്സോടെ താത്പര്യപൂർവ്വം അനുദിനം ദൈവാലയത്തിൽ ഒന്നിച്ചു കൂടുകയും ഭവനംതോറും അപ്പം മുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടുംകൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു". (അപ്പ. 2/44-46). "അവരുടെയിടയിൽ ദാരിദ്ര്യമനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല'' (അപ്പ. 4/34). ആവശ്യക്കാരനുമുമ്പിൽ അപ്പമാകുവാനും അത്താണിയാകുവാനും ഈ കുടുംബ നവീകരണ വർഷത്തിൽ ഈശോ നമ്മെ ഓരോരുത്തരേയും ക്ഷണിക്കുന്നുണ്ട്.

ദൈവവചനം നമ്മോട് ഇപ്രകാരം പറയുന്നു: "നിങ്ങ ളുടെ ദൈവമായ കർത്താവ് നിങ്ങൾക്ക് നല്കുന്ന ദേശത്തെ പട്ടണങ്ങളിൽ ഏതിലെങ്കിലും

ഒരു സഹോദരൻ ദരിദ്രനായിട്ടുണ്ടെങ്കിൽ, നീ നിന്റെ ഹൃദയം കഠിനമാക്കുകയോ അവന് സഹായം നിരസിക്കുകയോ അരുത്" (നിയമാവർത്തനം 15/7) എന്ന്. ദരിദ്രരോടും പാവപ്പെട്ടവരോടുമുള്ള നമ്മുടെ മനോഭാവം എന്തായിരിക്കണമെന്ന് വ്യാഖ്യാനം ആവശ്യമില്ലാതെ തന്നെ ഈ വചനം നമ്മോടു പറയുന്നുണ്ട്. ദൈവത്തിന്റെ സന്നിധിയിൽ നീതി നിഷ്ഠരും സത്യസന്ധരുമായി ജീവിച്ചിരുന്നവർ പാവങ്ങളോടും പാർശ്വവത്കരിക്കപ്പെട്ടിരുന്നവരോടും പ്രത്യേകമായ കാരുണ്യം കാണിച്ചിരുന്നവരായിരുന്നു എന്ന് നമുക്കറിയാം. ജോബിന്റെ പുസ്തകത്തിൽ ജോബ് അഭിമാനത്തോടെ പ്രാർത്ഥിക്കുന്നത് ഇങ്ങനെയാണ്: "പാവങ്ങൾ ആഗ്രഹിച്ചതെന്തെങ്കിലും ഞാൻ മുടക്കിയിട്ടുണ്ടെങ്കിൽ, വിധവയുടെ കണ്ണുകൾ ഞാൻ അന്ധമാക്കിയിട്ടുണ്ടെങ്കിൽ, എന്റെ ആഹാരം ഞാൻ തനിയെ ഭക്ഷിക്കുകയും, അനാഥർക്ക് അതിന്റെ ഓഹരി ലഭിക്കാതിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, വസ്ത്രമില്ലാതെയോ പുതപ്പില്ലാതെയോ ആരെങ്കിലും നശിക്കുന്നത് ഞാൻ കണ്ടിട്ടുണ്ടെങ്കിൽ,... എന്റെ തോളിൽ നിന്ന് തോൾപ്പലക വിട്ടുപോകട്ടെ! എന്റെ കരം അതിന്റെ കുഴിയിൽ നിന്ന് വേർപെട്ടുപോകട്ടെ!" (ജോബ് 31/16-22). പതിതരോടും പാവപ്പെട്ടവരോടും കരുണ കാണിക്കാതെ സുഖകരമായ ഒരു ജീവിതം വേണ്ട എന്നാണ് ജോബ് ആഗ്രഹിക്കുന്നത്.

സമൃദ്ധിയുടെയും സമ്പന്നതയുടെയും നടുവിലാണ് ലോകം എന്ന് ചിന്തിക്കുമ്പോഴും ദരിദ്രർ എന്നും ദരിദ്രരായിക്കഴിയുന്ന അവസ്ഥ ഇന്നും നിലനില്ക്കുന്നു എന്നത് ദുഃഖകരമായ സത്യമാണ്. "ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അകലം ഇന്നും വർദ്ധിക്കുന്നു എന്നതും ചുരുക്കം ചിലരുടെ ആർത്തി ആലംബഹീനരുടെ എണ്ണം വർദ്ധിപ്പിക്കുന്നു എന്നതും വലിയ വേദനയുളവാക്കുന്നതായി ഫ്രാൻസിസ് മാർപ്പാപ്പ പറഞ്ഞത് എത്രയോ വാസ്തവമാണ് (Sunday Nov. 17, 2019, on Wold day of Poor).

നമ്മുടെ രൂപതയിൽ കഷ്ടപ്പെടുന്ന കുടുംബങ്ങളെ സഹായിക്കുന്നതിന് നാം സമാരംഭിച്ച കരുതലിന്റെയും കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും സദുദ്യമത്തെ ഈ വർഷവും എല്ലാവരും നിറമനസ്സോടെ സ്വീകരിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. രൂപതയുടെ ഏറ്റവും വലിയ ജീവകാരുണ്യ സംരംഭമാണ് യേശുനിധി. കഴിഞ്ഞ വർഷം തന്നെ 61,36,393 രൂപയോളം നമുക്ക് സമാഹരിക്കാനായി. അതിൽ 57,43000 രൂപ ഈ വർഷം സഹായമായി നൽകുവാൻ കഴിഞ്ഞിട്ടുണ്ട് എന്നതിൽ നമുക്കെല്ലാവർക്കും സന്തോഷിക്കാം. സുഭാഷിതങ്ങളുടെ പുസ്തകത്തിൽ കർത്താവ് പറയുന്ന വചനം പാവപ്പെട്ടവരോട് കരുണ കാണിക്കുവാൻ നമ്മെ പ്രേരിപ്പിക്കണം. "ദരിദ്രരോട് കരുണ കാണിക്കുന്നവൻ കർത്താവിനാണ് കടം കൊടുക്കുന്നത്; അവിടുന്ന് ആ കടം വീട്ടും" (സുഭാ. 19/17). വിധവയുടെ കാണിക്കയെക്കുറിച്ച് ഈശോ

പറഞ്ഞത് എല്ലാവരും സമൃദ്ധിയിൽ നിന്ന് സംഭാവന ചെയ്തപ്പോൾ ആ വിധവയായ സ്ത്രീ അവളുടെ ദാരിദ്ര്യത്തിൽ നിന്നും തനിക്കുള്ളവയെല്ലാം നിക്ഷേപിക്കുകയാണ് ചെയ്തത് എന്നാണ്. ദരിദ്രരോട് കാണിക്കുന്ന കാരുണ്യവും ദൈവീക ശുശ്രൂഷയ്ക്കായി നല്കുന്നവയുമെല്ലാം ദൈവസന്നിധിയിൽ വിലപ്പെട്ടവയാണെന്ന് തിരുവചനം സാക്ഷ്യപ്പെടുത്തുന്നു.

പാവപ്പെട്ടവരായ നമ്മുടെ പ്രിയ സഹോദരങ്ങൾക്കു വേണ്ടി ഈ വർഷവും ഞാൻ നിങ്ങളുടെ മുമ്പിൽ കൈ നീട്ടുകയാണ്. ദൈവം നമുക്ക് നല്കിയിരിക്കുന്നതിന് ആനുപാതികമായി ദൈവസ്നേഹത്തെപ്രതി നമുക്ക് പങ്കു വയ്ക്കാം. ‘‘ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തത്’’ എന്ന വചനം നമുക്കോർക്കാം.

എല്ലാവർഷവും ചെയ്യുന്നതുപോല, നിങ്ങളുടെ വീടുകളിൽ എത്തിച്ചിരിക്കുന്ന കവറിൽ യേശുനിധിയിലേക്കുള്ള നിങ്ങളുടെ കാണിക്കകൾ നിക്ഷേപിച്ച് ഓശാന ഞായറാഴ്ച ദിവ്യബലി മദ്ധ്യേ അത് ദൈവാലയത്തിൽ സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വലിയ കാരുണ്യപ്രവൃത്തിയിൽ വലിയ ഹൃദയവിശാലതയോടെ നമുക്ക് പങ്കുചേരാം. ദൈവം നിശ്ചയമായും നിങ്ങളെ അനുഗ്രഹിക്കും. നിങ്ങൾക്ക് ദൈവാനുഗ്രഹപ്രദമായ പീഡാനുഭവവാരവും സന്തോഷപ്രദമായ ഉയിർപ്പുതിരുനാളും ആശംസിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**✠ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2020 മാർച്ച് 29-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

Ref: 3251/K-5/KCBC/OL/DS

# 2020-ലെ നോമ്പുകാല സന്ദേശം

## ഫ്രാൻസിസ് പാപ്പാ

**"ഞങ്ങൾ ക്രിസ്തുവിനെ പ്രതി നിങ്ങളോട് അഭ്യർത്ഥിക്കുന്നു: നിങ്ങൾ ദൈവത്തോടു രമ്യപ്പെടുവിൻ" (2 കോറി 5:20)**

പ്രിയ സഹോദരി സഹോദരന്മാരേ,

നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിന്റെ മൂലക്കല്ലാണ് ക്രിസ്തുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും മഹത്തായ രഹസ്യം. ആ രഹസ്യത്തെ പുതുക്കപ്പെട്ട ഹൃദയത്തോടെ ആചരിക്കാൻ നാം തയ്യാറാകണം. അതിന് ഈ വർഷം കർത്താവ് വീണ്ടും തക്കസമയം നല്കുന്നു. നമ്മൾ ആ രഹസ്യത്തിലേക്ക് മനസ്സുകൊണ്ടും ഹൃദയംകൊണ്ടും എപ്പോഴും തിരിച്ചുപോകണം. എന്തെന്നാൽ, അതിന്റെ ആധ്യാത്മികശക്തിയോട് നാം കാണിക്കുന്നതനുസരിച്ച് അത് നമ്മിലുള്ള വളർച്ച തുടർന്നുകൊണ്ടിരിക്കും. സ്വാതന്ത്ര്യത്തോടും ഔദാര്യത്തോടും കൂടെ പ്രത്യുത്തരിക്കുകയും ചെയ്യും.

### 1. പെസഹാരഹസ്യം: മാനസാന്തരത്തിന്റെ അടിസ്ഥാനം

യേശുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സദ്വാർത്ത കേൾക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതിൽ നിന്നാണ് ക്രൈസ്തവസന്തോഷം ഒഴുകുന്നത്. ഈ കെരിഗ്മ സ്നേഹത്തിന്റെ രഹസ്യത്തെ സമാഹരിക്കുന്നു. അത് "യഥാർത്ഥവും സത്യസന്ധവും വസ്തുനിഷ്ഠവുമാണ്. അതുകൊണ്ട് തുറവിയുടെ ബന്ധത്തിലേക്കും ഫലപ്രദമായ സംവാദത്തിലേക്കും അതു നമ്മെ ക്ഷണിക്കുന്നു" (ക്രിസ്തു ജീവിക്കുന്നു 117). നമ്മുടെ ജീവിതം നമ്മുടേതാണെന്നും നമ്മുടെ ഇഷ്ടംപോലെ അതിനെ ഉപയോഗിക്കാമെന്നുമുള്ള നുണ ഈ സന്ദേശത്തിൽ വിശ്വസിക്കുന്ന ആരും തള്ളിക്കളയുന്നു. നമ്മുടെ പിതാവായ ദൈവത്തിന്റെ സ്നേഹത്തിൽ നിന്നാണ് ജീവൻ ഉണ്ടായത്. നമുക്ക് ജീവൻ സമൃദ്ധമായി നല്കാനുള്ള ആഗ്രഹത്തിൽ നിന്നു തന്നെ (cf യോഹ 10:10)."നുണകളുടെ പിതാവിന്റെ" (യോഹ 8:44) പ്രലോഭിപ്പിക്കുന്ന ശബ്ദം നാം ശ്രവിച്ചാൽ യുക്തിയില്ലായ്മയുടെ അഗാധതയിലേക്ക് മുങ്ങിത്താഴുകയും ഈ ഭൂമിയിൽത്തന്നെ നരകം അനുഭവിക്കുകയും ചെയ്യുകയെന്ന സാധ്യതയുണ്ടാകും. വ്യക്തിപരവും സാമൂഹികവുമായ മാനുഷികാനുഭവത്തിലെ ദുരന്തപരമായ അനേകം സംഭവങ്ങൾ അതിന് ഖേദകരമായി സാക്ഷ്യം വഹിക്കുന്നു.

രണ്ടായിരത്തി ഇരുപതിലെ ഈ നോമ്പുകാലത്ത്, ക്രിസ്തു ജീവിക്കുന്നു എന്ന അപ്പസ്തോലികാഹ്വാനത്തിൽ യുവജനങ്ങൾക്കായി ഞാൻ എഴുതിയത് ഓരോ ക്രൈസ്തവനോടും കൂടെ പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു: "ക്രൂശിതനായ ക്രിസ്തുവിന്റെ വിരിക്കപ്പെട്ട കൈകളിൽ നിങ്ങളുടെ കണ്ണുകൾ ഉറപ്പിച്ചു പിടിക്കുക. നിങ്ങൾ വീണ്ടും വീണ്ടും രക്ഷിക്കപ്പെടട്ടെ. നിങ്ങൾ പാപങ്ങൾ ഏറ്റു പറയാൻ പോകുമ്പോൾ നിങ്ങളെ കുറ്റത്തിൽ നിന്നു സ്വതന്ത്രമാക്കുന്ന അവിടത്തെ കാരുണ്യത്തിൽ ഉറച്ചു വിശ്വസിക്കുക. വലിയ സ്നേഹത്തോടെ ചൊരിയപ്പെട്ട അവിടത്തെ രക്തത്തെപ്പറ്റി ധ്യാനിക്കുക. നിങ്ങൾ അതുവഴി ശുദ്ധീകരിക്കപ്പെടാൻ അനുവദിക്കുക. ഇങ്ങനെ നിങ്ങൾക്കു എന്നേക്കും പുതുതായി ജനിക്കാൻ കഴിയും" (നമ്പർ 123). യേശുവിന്റെ പെസഹാ ഒരു കഴിഞ്ഞകാല സംഭവമല്ല. പിന്നെയോ, സഹിക്കുന്നവരിൽ ക്രിസ്തുവിന്റെ ശരീരത്തെ വിശ്വാസത്തോടെ കാണാനും തൊടാനും നമ്മെ സഹായിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ ശക്തി വഴി അത് എന്നും സന്നിഹിതമാണ്.

## 2. മാനസാന്തരത്തിന്റെ അടിയന്തിരാവശ്യം

പെസഹാ രഹസ്യത്തെ കൂടുതൽ ആഴത്തിൽ ധ്യാനിക്കുക നല്ലതാണ്. ആ രഹസ്യത്തിലൂടെയാണ് ദൈവത്തിന്റെ കരുണ നമ്മുടെമേൽ ചൊരിയപ്പെട്ടത്. യഥാർത്ഥത്തിൽ "എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി സ്വയം നല്കുകയും ചെയ്ത" (ഗലാ 2:20) ക്രൂശിതനും ഉത്ഥിതനുമായ കർത്താവുമായി "മുഖത്തോടുമുഖം" പുലർത്തുന്ന ബന്ധത്തിൽ - സുഹൃത്തുക്കൾ തമ്മിലുള്ള ഹൃദയപൂർവകമായ സംവാദത്തിൽ - മാത്രമേ കാരുണ്യത്തിന്റെ അനുഭവം സാധ്യമാകുകയുള്ളൂ. അതുകൊണ്ടാണ് നോമ്പുകാലത്ത് പ്രാർത്ഥന ഏറെ പ്രാധാന്യമുള്ളതായിരിക്കുന്നത്. പ്രാർത്ഥന ഒരു കടമയെന്നതിനെക്കാൾ കൂടുതലായി ദൈവത്തിന്റെ സ്നേഹത്തോട് പ്രത്യുത്തരിക്കാനുള്ള നമ്മുടെ ആവശ്യത്തിന്റെ പ്രകാശനമാണ്. ആ സ്നേഹം എപ്പോഴും നമുക്കു മുമ്പേ പോകുന്നതും നമ്മെ നിലനിറുത്തുന്നതുമാണ്. നമ്മൾ അയോഗ്യരാണെങ്കിലും നമ്മൾ സ്നേഹിക്കപ്പെടുന്നു എന്ന് അറിഞ്ഞുകൊണ്ടാണ് ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുന്നത്. പ്രാർത്ഥനയ്ക്ക് വിവിധങ്ങളായ എത്രമാത്രം രൂപങ്ങളുമുണ്ടാകാം. എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ പ്രാധാന്യമർഹിക്കുന്നത് ഇതാണ്: അത് നമ്മുടെ ഹൃദയത്തിന്റെ ആഴത്തിലേക്ക് തുളച്ചുകയറുന്നു. എന്നേക്കും കൂടുതൽ പൂർണതയോടെ ദൈവത്തിലേക്കും അവിടത്തെ ഇഷ്ടത്തിലേക്കും തിരിയാൻവേണ്ടി നമ്മുടെ ഹൃദയ കാഠിന്യത്തെ ചീകിക്കളയുന്നു.

അതുകൊണ്ട് മരുഭൂമിയിലേക്കു ഇസ്രായേൽ നയിക്കപ്പെട്ടതുപോലെ

(cf ഹോസി 2:14) നയിക്കപ്പെടാൻ അനുകൂലമായ ഈ കാലഘട്ടത്തിൽ നമുക്കു നമ്മെത്തന്നെ അനുവദിക്കാം. നമ്മുടെ ദിവ്യമണവാളന്റെ ശബ്ദം കേൾക്കുകയെങ്കിലും ചെയ്യാനും നമ്മിൽ കൂടുതൽ ആഴത്തിൽ അത് പ്രതി ധ്വനിക്കാനും അനുവദിക്കാം. നാം എത്ര പൂർണമായി ഈ വചനത്തിൽ നിലനില്ക്കുമോ അത്ര കൂടുതലായി അവിടന്നു നമുക്കു ദാനമായി നല്കുന്ന കാരുണ്യം നാം അനുഭവിക്കും. അവിടത്തെ അടുക്കലേക്കുള്ള നമ്മുടെ തിരി ച്ചുപോക്കിന്റെ കാലങ്ങളും മാർഗങ്ങളും നമുക്കു നിയന്ത്രിക്കാൻ കഴിയുമെന്ന വിഡ്ഢിത്തപരമായ മിഥ്യാബോധം വഴി കൃപാവരത്തിന്റെ ഈ സമയം വെറുതേ കടന്നുപോകാൻ അനുവദിക്കാതിരിക്കാം.

### 3. തന്റെ മക്കളോടു സംവദിക്കാനുള്ള ദൈവത്തിന്റെ തീവ്രമായ ആഗ്രഹം

ദൈവം നമുക്കു മാനസാന്തരത്തിനുള്ള സമുചിതമായ ഒരു സമയം വീണ്ടും തരുന്നു. അതു തനിയേ സംഭവിച്ചുകൊള്ളുമെന്നു കരുതരുത്. ഈ പുതിയ അവസരം കൃതജ്ഞതയുടെ ബോധം നമ്മിൽ ഉണർത്തണം; നമ്മുടെ അലസതയിൽ നിന്നു നമ്മെ ഇളക്കിവിടണം. നമ്മുടെയും സഭയുടെയും ലോക ത്തിന്റെയും ജീവിതത്തിൽ ചിലപ്പോൾ തിന്മയുടെ ദുരന്തപരമായ സാന്നിധ്യം ഉണ്ടാകും. എന്നാലും നമ്മുടെ ജീവിതഗതി മാറ്റാനുള്ളതാണ് ഈ സന്ദർഭം. അത് നമ്മളുമായുള്ള അവിടത്തെ രക്ഷയുടെ സംവാദം തടയാതിരിക്കാനുള്ള അചഞ്ചലമായ ദൈവേഷ്ടത്തെ അത് പ്രകാശിപ്പിക്കുന്നു. പാപം അറിയാ ത്തവനും എന്നാൽ നമുക്കുവേണ്ടി പാപമാക്കപ്പെട്ടവനുമായ (cf. 2 കോറി 5:21) ക്രൂശിതനുമായ യേശുവിൽ തന്റെ പുത്രനിൽ നമ്മുടെ പാപങ്ങളുടെ ഭാരം ചുമത്താൻ രക്ഷാകരമായ ഈ ഇഷ്ടം പിതാവിനെ പ്രേരിപ്പിച്ചു. അങ്ങനെ, ബനഡിക്ട് 16-ാമന്റെ വാക്കുകളിൽ പറഞ്ഞാൽ, "ദൈവം തനി ക്കെതിരായി തന്നെത്തന്നെ തിരിച്ചു" (ദൈവം സ്നേഹമാകുന്നു 12). കാരണം ദൈവം തന്റെ ശത്രുക്കളെ സ്നേഹിക്കുന്നു (cf.മത്താ 5:43-48).

ദൈവം തന്റെ പുത്രന്റെ പെസഹാരഹസ്യം വഴി നമ്മിൽ ഓരോരുത്ത രുമായി നടത്താൻ ഉദ്ദേശിക്കുന്ന സംവാദത്തിന് പൊള്ളയായ സംസാരവു മായി യാതൊരു ബന്ധവുമില്ല. അത്തരം സംസാരം ആഥൻസിലെ ജനതയ്ക്ക് ഉണ്ടായിരുന്നതായി പറയപ്പെടുന്നു. അവർ "പുതുതായി എന്തെങ്കിലും പറ യാനും കേൾക്കാനുമായിട്ടല്ലാതെ മറ്റൊന്നിനും വേണ്ടി സമയം ചെലവഴി ച്ചില്ല" (അപ്പ.17:21). ശൂന്യവും ഉപരിപ്ളവവുമായ ജിജ്ഞാസയാൽ നിശ്ചയി ക്കപ്പെടുന്ന അത്തരം സംഭാഷണം ഒരോ യുഗത്തിന്റെയും ലൗകായതികത്വ ത്തിന്റെ സ്വഭാവമാണ്. നമ്മുടെ കാലത്തും മാധ്യമങ്ങളുടെ ദുരുപയോഗത്തിന് അതു കാരണമാകും.

**4. സമ്പന്നത പങ്കുവയ്ക്കാനുള്ളതാണ്, സ്വന്തമായി സൂക്ഷിക്കാനുള്ളതല്ല**

പെസഹാരഹസ്യത്തെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രത്തിൽ സ്ഥാപിക്കുകയെന്നതിന്റെ അർത്ഥം ഇതാണ്: യുദ്ധങ്ങളുടെ നിരപരാധികളായ അനേകം ഇരകളിലും ജീവന്റെ മേലുള്ള ആക്രമണങ്ങളിലും സന്നിഹിതമായിരിക്കുന്ന ക്രൂശിതനായ ക്രിസ്തുവിന്റെ മുറിവുകളെക്കുറിച്ച് സഹതാപം തോന്നുക. ജനിക്കാനിരിക്കുന്നവർ മുതൽ വാർദ്ധക്യത്തിലെത്തിയ വ്യക്തികൾക്കെതിരേ വരെ അത്തരം ആക്രമണങ്ങളുണ്ട്. അക്രമത്തിന്റെ വിവിധ രൂപങ്ങളുമുണ്ട്. പരിസ്ഥിതിപരമായ അപകടങ്ങളിലും ഭൂമിയുടെ വസ്തുക്കളുടെ തുല്യമല്ലാത്തരീതിയിലുള്ള വിതരണത്തിലും എല്ലാ രൂപങ്ങളിലുമുള്ള മനുഷ്യക്കടത്തുകളിലും വിഗ്രഹാരാധനയുടെ ഒരു രൂപമായിരിക്കുന്ന ലാഭത്തിനുവേണ്ടിയുള്ള അനിയന്ത്രിതമായ ദാഹത്തിലും അവയുണ്ട്.

സന്മനസ്സുള്ള സ്ത്രീപുരുഷന്മാരോട്, ഏറ്റവും ആവശ്യത്തിൽപ്പെട്ടവർക്ക് തങ്ങളുടെ വസ്തുക്കൾ ദാനധർമ്മം വഴി പങ്കുവയ്ക്കാൻ അഭ്യർത്ഥിക്കുകയെന്നത് ഇന്നും ഒരാവശ്യമാണ്. കൂടുതൽ നല്ല ലോകത്തെ പടുത്തുയർത്തുന്നതിന് വ്യക്തിപരമായി പങ്കുചേരാനുള്ള മാർഗ്ഗമാണത്. പരസ്നേഹപരമായ ദാനം നമ്മെ കൂടുതൽ മനുഷ്യത്വമുള്ളവരാക്കുന്നു. അതേ സമയം അപകടസാധ്യതകളെ വർദ്ധിപ്പിക്കുന്നത് നമ്മെ മനുഷ്യത്വമുള്ളവരാക്കുന്നു. നമ്മുടെ സ്വാർത്ഥതയിൽ നാം തടങ്കലിലാക്കപ്പെടുന്നു. നമുക്ക് മുമ്പോട്ടു പോകാൻ കഴിയും, മുമ്പോട്ടു പോകുകയും വേണം. നമ്മുടെ സാമ്പത്തിക ജീവിതത്തിന്റെ ഘടനപരമായ വശങ്ങൾ പരിഗണിക്കുകയും വേണം. ഇക്കാരണത്താൽ നോമ്പുകാലത്തിന്റെ മധ്യത്തിൽ മാർച്ച് 26 മുതൽ 28 വരെ അസീസിയിൽ ഒരു സമ്മേളനം നടത്താൻ ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. യുവധനതത്ത്വശാസ്ത്രജ്ഞർ, സംരംഭകർ, മാറ്റം കൊണ്ടുവരുന്നവർ എന്നിവരുടെ സമ്മേളനമാണത്. കൂടുതൽ നീതിപൂർവ്വകവും എല്ലാവരെയും ഉൾക്കൊള്ളിക്കുന്നതുമായ സാമ്പത്തിക വ്യവസ്ഥ രൂപപ്പെടുത്തുകയെന്നതാണ് അതിന്റെ ലക്ഷ്യം. സഭയുടെ പ്രബോധനാധികാരം പലപ്പോഴും ആവർത്തിച്ചിട്ടുള്ളതുപോലെ രാഷ്ട്രീയജീവിതം പരസ്നേഹത്തിന്റെ ശ്രേഷ്ഠമായ രൂപമാണ് (cf. Pius XI, Adress to Italian Federation of Cathoic University Students ,18 December 1927). സാമ്പത്തിക ജീവിതത്തെ സംബന്ധിച്ചും ഇതു ശരിയാണ്. സുവിശേഷാത്മക ചൈതന്യത്തിൽ, സൗഭാഗ്യങ്ങളുടെ ചൈതന്യത്തിൽ അതിനെ സമീപിക്കാൻ കഴിയും.

നമ്മുടെ നോമ്പാചരണം ദൈവത്തോടു രമ്യപ്പെടാനുള്ള വിളി കേൾക്കാനും നമ്മുടെ നോട്ടം പെസഹാരഹസ്യത്തിൽ ഉറപ്പിക്കാനും അവി

ടുത്തോട് തുറവിയുള്ളതും ആത്മാർത്ഥതയുള്ളതുമായ സംവാദം നടത്താനും വേണ്ടി പ്രാർത്ഥിക്കാൻ പരിശുദ്ധ കന്യകമറിയത്തോട് ഞാൻ അപേക്ഷിക്കുന്നു. ഇങ്ങനെ തന്റെ ശിഷ്യർ എപ്രകാരമുള്ളവരായിരിക്കണമെന്ന് ക്രിസ്തു ആവശ്യപ്പെടുന്നുവോ അപ്രകാരമായിരിക്കും നമ്മൾ - അതായത് ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിരിക്കും (cf.മത്താ 5:13-14).

**ഫ്രാൻസിസ് പാപ്പാ**
റോമ, സെന്റ് ജോൺ ലാറ്ററനിൽ 7 ഒക്ടോബർ 2019
ജപമാല മാതാവിന്റെ തിരുനാൾ ദിവസം

# കച്ചേരിക്കാര്യം

### 1. പുതിയ നിയമനങ്ങൾ

ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ : ഡയറക്ടർ, മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്റർ, താമരശ്ശേരി

കെ.സി.വൈ.എം. മേഖലാഡയറക്ടേഴ്സ്

| | |
|---|---|
| ഫാ. തോമസ് ചിലമ്പിക്കുന്നേൽ | : തിരുവമ്പാടി |
| ഫാ. അലക്സ് പനച്ചിക്കൽ | : അസി. ഡയറക്ടർ, തിരുവമ്പാടി |
| ഫാ. തോമസ് കടപ്ലാക്കൽ | : താമരശ്ശേരി |
| ഫാ. മാത്യു കോട്ടയ്ക്കൽ | : കോടഞ്ചേരി |

### 2. ദൈവവിളി ക്യാമ്പ്

ഈ വർഷത്തെ ദൈവവിളി ക്യാമ്പ് 2020 മാർച്ച് 30-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് എപ്രിൽ 1-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് സമാപിക്കുന്നതാണ്. ആൺകുട്ടികൾക്ക് പുല്ലൂരാംപാറ ബഥാനിയായിലും പെൺകുട്ടികൾക്ക് മേരിക്കുന്ന് പി.എം.ഒ.സി.യിലുമാണ് ക്യാമ്പുകൾ ക്രമീകരിച്ചിരിക്കുന്നത്. വൈദിക സമർപ്പിത വിളികൾ തിരഞ്ഞെടുക്കാൻ താൽപ്പര്യമുള്ളവരെ ക്യാമ്പിലേക്ക് പറഞ്ഞയയ്ക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**3. രൂപതാദിനം 2020**

ഈ വർഷത്തെ രൂപതാദിനം മാതൃവേദിയുടെ ആഭിമുഖ്യത്തിൽ 2020 മെയ് 23 ശനിയാഴ്ച മാതൃവേദി സംഗമമായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്. വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

**4. രൂപതാവിഹിതം (7.5%), പൊതുപിരിവുകൾ**

രൂപതാനിയമാവലിയിൽ പറഞ്ഞിരിക്കുന്നതുപോലെ ഇടവകയുടെ വാർഷിക വരുമാനത്തിന്റെ 7.5% രൂപതാവിഹിതമായി നൽകേണ്ടതാണ്. വാർഷിക തിരട്ട് പാസാക്കുന്നതിനും പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാരുടെ പേരുകൾ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുംമുമ്പ് രൂപതാവിഹിതം അടച്ചുതീർക്കണമെന്ന് അറിയിക്കുന്നു. രൂപതാവിഹിതം ഈ വർഷം ഫൊറോന കേന്ദ്രങ്ങ ളിൽവച്ച് സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഫൊറോന വികാരിയച്ചന്മാർ വഴി നിങ്ങളെ അറിയിക്കുന്നതാണ്.

2019-20 സാമ്പത്തിക വർഷത്തെ പൊതുപിരിവുകൾ ഇനിയും അടച്ചു തീർക്കാനുള്ള ഇടവകകൾ എത്രയുംവേഗം അത് രൂപതാകേന്ദ്രത്തിൽ എത്തി ക്കണമെന്ന് അറിയിക്കുന്നു.

**5. വി. യൗസേപ്പിതാവിനോടുള്ള വണക്കം**

നമ്മുടെ രൂപത കുടുംബനവീകരണ വർഷത്തിലൂടെ കടന്നുപോകു കയാണല്ലോ. തിരുക്കുടുംബത്തിന്റെ സംരക്ഷകനായ വി. യൗസേപ്പി താവിന്റെ തിരുസ്വരൂപം ദൈവാലയത്തിലും ഭവനങ്ങളിലും സമുചിത മായി അലങ്കരിച്ച് വച്ച് വി. യൗസേപ്പിതാവിനോടുള്ള ഭക്തിയിൽ കൂടുതൽ വളരുന്നതിന് ദൈവജനത്തെ ഒരുക്കണമെന്ന് ഓർമ്മിപ്പി ക്കുന്നു. മാർച്ച് 19 ന് വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ആചരി ക്കുവാനും കുടുംബങ്ങളിൽ വണക്കമാസം ചൊല്ലുവാനും ദൈവ ജനത്തെ പ്രോത്സാഹിപ്പിക്കുമല്ലോ.

**6. യേശുനിധി 2020**

നമ്മുടെ രൂപതയുടെ ജീവകാരുണ്യഫണ്ടായ യേശുനിധിയിലേക്കുള്ള സംഭാവനകൾ ഭവനങ്ങളിൽ നിന്ന് സ്വീകരിക്കുന്നതിനുള്ള കവറുകൾ ഫൊറോന കേന്ദ്രങ്ങളിൽ മാർച്ച് 15 ന് മുമ്പ് എത്തിക്കുന്നതാണ്.

**7. 5-ാമത് കുളത്തുവയൽ തീർത്ഥാടനം**

രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന അഞ്ചാമത് കുളത്തുവയൽ തീർത്ഥാടനം നാൽപ്പതാം വെള്ളിയാഴ്ചയായ ഏപ്രിൽ 3-ാം തീയതി സംഘ ടിപ്പിച്ചിരിക്കുന്നു. 2020 ഏപ്രിൽ 2 വ്യാഴാഴ്ച രാത്രി 10 മണിക്ക് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നിന്നും അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ച നാനിയിൽ പിതാവിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന കാൽനടയാത്ര താമ

രശ്ശേരി രൂപതയുടെ കുടിയേറ്റ തീർത്ഥാടനകേന്ദ്രമായ കുളത്തുവയൽ സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ 3-ാം തീയതി വെള്ളിയാഴ്ച രാവിലെ 7 മണിയോടെ എത്തിച്ചേരുന്നതാണ്. തുടർന്ന് വി. കുർബാന. വചനസന്ദേശം നൽകുന്നത് കണ്ണൂർ രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ അലക്സ് വടക്കുംതല പിതാവാണ്. പങ്കെടുക്കുന്നവർക്ക് നേർച്ചഭക്ഷണവും തിരിച്ച്പോകുന്നതിന് പ്രധാനകേന്ദ്രങ്ങളിലേക്ക് ബസ്സ് സർവ്വീസും ക്രമീകരിച്ചിട്ടുണ്ട്. സാധിക്കുന്നിടത്തോളം എല്ലാവരെയും പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പരിശ്രമിക്കുമല്ലോ.

### 8. നോമ്പുകാല മാസധ്യാനവും വി. മൂറോൻ വെഞ്ചരിപ്പും

പതിവുപോലെ വലിയ നോമ്പുകാലത്ത് നടത്തിവരുന്ന വൈദികരുടെ പൊതുമാസധ്യാനവും അഭിഷേകതൈല വെഞ്ചരിപ്പും 2020 ഏപ്രിൽ 6 തിങ്കളാഴ്ച താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് നടത്തുന്നു. രാവിലെ 10 മണിക്ക് മാസധ്യാനം ആരംഭിക്കുന്നു. കുമ്പസാരത്തിനുള്ള അവസരം ക്രമീകരിക്കുന്നതാണ്. 11.30 ന് അഭിഷേകതൈല വെഞ്ചരിപ്പുകർമ്മവും വി. കുർബാനയും ആരംഭിക്കുന്നു. തിരുക്കർമ്മങ്ങൾക്കുശേഷം ഉച്ചഭക്ഷണം ക്രമീകരിച്ചിരിക്കുന്നത് രൂപതാഭവനിലാണ്. ഇടവകകളിലേക്ക് കൊണ്ടുപോകുന്നതിനുള്ള അഭിഷേകതൈലവും രൂപതാഭവനിൽ നിന്നാണ് നൽകുന്നത്. തിരുക്കർമ്മങ്ങൾ കൃത്യസമയത്ത് ആരംഭിക്കേണ്ടതിനാൽ ബഹു. വൈദികർ നേരത്തെതന്നെ എത്തിച്ചേരുവാൻ പരിശ്രമിക്കുമല്ലോ.

### 10 ആദരാഞ്ജലി

ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്ന്യാസിനി സമൂഹാംഗമായ **സി. ഫെലിക്സ് എഫ്.സി.സി. (97)** 2020 മാർച്ച് 20-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 21-ാം തീയതി കോടഞ്ചേരി സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ നടന്ന ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവും തലശ്ശേരി അതിരൂപത മുൻ അദ്ധ്യക്ഷൻ മാർ ജോർജ്ജ് വലിയമറ്റവും നേതൃത്വം നൽകി. ബഹു. സഹോദരിയുടെ വേർപാടിൽ രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

### 11. കുടുംബനവീകരണ വർഷം 2020 മാർച്ച് – പ്രോഗ്രാം

1. ലഹരി വിരുദ്ധ സന്ദേശ യാത്ര
2. ഒരിടവകയിൽ നിന്ന് ഒരാളെയെങ്കിലും ഡി-അഡിക്ഷന് വിധേയമാക്കാനുള്ള ക്രമീകരണം (അതിനുള്ള ഫണ്ട് യൂണിറ്റ് തലത്തിൽ കണ്ടെത്തുന്നു)

3. ബഹു. ചാണ്ടി കുരിശുംമൂട്ടിൽ അച്ചന്റെ സ്മരണാർത്ഥം തോട്ടപ്പള്ളിയിലേക്കുള്ള കുരിശിന്റെ വഴി വിപുലമായി നടത്തുന്നു (ഫൊറോനാ തലത്തിൽ)
4. ലഹരി വിരുദ്ധ പ്രാർത്ഥനാദിനം ആചരിക്കുന്നു.

   (യൂണിറ്റ് തലത്തിൽ - മദ്യവിരുദ്ധ സമിതി പ്രവർത്തകർ)
5. യൗസേപ്പിതാവിന്റെ വണക്കമാസം
6. മദ്യവിരുദ്ധ സമിതി യൂണിറ്റ് രൂപീകരണം

### 12. തിരുശ്ശേഷിപ്പ് പ്രയാണം

വേദപാരംഗതയായ വി. കൊച്ചുത്രേസ്യായുടെ വിശുദ്ധരായ മാതാപിതാക്കൾ വി. ലൂയി മാർട്ടിന്റെയും വി. സെലിൻ മാർട്ടിന്റെയും, കുടുംബങ്ങളുടെ മദ്ധ്യസ്ഥയായ വി. മറിയം ത്രേസ്യായുടെയും തിരുശ്ശേഷിപ്പുകൾ കുടുംബനവീകരണ വർഷാചരണത്തിന്റെ ഭാഗമായി നമ്മുടെ ഇടവകകളിലൂടെ കടന്നുവരികയാണ്. ഓരോ ഫൊറോനയിലും എത്തുന്ന തീയതികൾ ചുവടെ ചേർക്കുന്നു. തിരുശ്ശേഷിപ്പുകൾ ഇടവകകളിൽ വരുന്നതിന് മുമ്പ് 9 ദിവസം പ്രാർത്ഥിച്ച് ഒരുങ്ങുന്നതിനായി ഒരു പ്രാർത്ഥന ക്രമീകരിച്ചിട്ടുണ്ട്. ദൈവജനത്തെ നന്നായി ഒരുക്കി തിരുശ്ശേഷിപ്പ് പ്രയാണം ഏറ്റവും അനുഗ്രഹപ്രദമാകുവാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

| | | |
|---|---|---|
| വിലങ്ങാട് | : | ഫെബ്രുവരി 23 - 29 |
| മരുതോങ്കര | : | മാർച്ച് 1 - 14 |
| കൂരാച്ചുണ്ട് | : | മാർച്ച് 15 - 31 |
| കോടഞ്ചേരി | : | ഏപ്രിൽ 1 - 18 (വിശുദ്ധ വാരം) |
| തിരുവമ്പാടി | : | ഏപ്രിൽ 19 - മെയ് 9 |
| തോട്ടുമുക്കം | : | മെയ് 10 - 23 |
| കരുവാരകുണ്ട് | : | മെയ് 24 - 30 |
| പെരിന്തൽമണ്ണ | : | മെയ് 31 - ജൂൺ 20 |
| മലപ്പുറം | : | ജൂൺ 21 - ജൂലൈ 4 |
| പാറോപ്പടി | : | ജൂലൈ 5 - 25 |
| താമരശ്ശേരി | : | ജൂലൈ 26 - ആഗസ്റ്റ് 15 |

പ്രതികൂല കാലാവസ്ഥയോ മറ്റ് അസൗകര്യങ്ങളോ ഉണ്ടാകുന്ന പക്ഷം തീയതികൾ പുനഃക്രമീകരിക്കുന്നതാണ്.

### 13. സ്മരണാഞ്ജലി

13-03-1987 - റവ. ഫാ. വർഗ്ഗീസ് സി.എം.ഐ.

17-03-1991 - റവ. ഫാ. ജോസഫ് കൊട്ടുകാപ്പള്ളി

**24-03-2011 - റവ. ഫാ ജോർജ് പരുത്തപ്പാറ**

**29-03-2018 - റവ. ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ**

**പ്രോട്ടോസിഞ്ചെല്ലൂസ്**




## സെമിനാരി വാർത്തകൾ

### മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ്

രൂപതയുടെ പ്രഥമ മെത്രാനായ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ ഓർമ്മയ്ക്കായി അൽഫോൻസ മൈനർ സെമിനാരിയിൽ വിവിധ മൈനർ സെമിനാരി വൈദിക വിദ്യാർത്ഥികൾക്കായി വോളിബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു. ജനുവരി 28-ന് നടന്ന ടൂർണമെന്റിൽ തലശ്ശേരി സെന്റ് ജോസഫ്സ് സെമിനാരി, മേരി മാതാ കോളേജ് മാനന്തവാടി, M.S.T. സെമിനാരി താമരശ്ശേരി, M.S.F.S സെമിനാരി താമരശ്ശേരി, O.C.D സെമിനാരി കൂമ്പാറ, അൽഫോൻസ മൈനർ സെമിനാരി താമരശ്ശേരി തുടങ്ങിയ 6 ടീമുകളാണ് പങ്കെടുത്തത്. അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് മത്സരം

ഉദ്ഘാടനം ചെയ്യുകയും നറുക്കെടുപ്പിലൂടെ മത്സരത്തിന്റെ ഫിക്ചർ നിശ്ചയിക്കുയും ചെയ്തു. ഉച്ചകഴിഞ്ഞ് 3.30 ന് നടന്ന വാശിയേറിയ ഫൈനൽ മത്സരത്തിൽ സെന്റ് ജോസഫ്സ് മൈനർ സെമിനാരി തലശ്ശേരി വിജയം കരസ്ഥമാക്കി. M.S.F.S വിനയഭവൻ സെമിനാരി റണ്ണേഴ്സ് അപ് ആയി. സമാപന സമ്മേളനത്തിൽ അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് അദ്ധ്യക്ഷനായിരുന്നു. വിജയികൾക്ക് ട്രോഫികളും മെഡലുകളും അദ്ദേഹം സമ്മാനിക്കുകയും ചെയ്തു. ടൂർണമെന്റ് ട്രോഫികൾ സ്പോൺസർ ചെയ്ത അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന് നന്ദിപറയുന്നു. ടൂർണ്ണമെന്റിന്റെ വിജയത്തിനായി അദ്ധ്വാനിച്ച എല്ലാവരേയും, സാന്നിദ്ധ്യം കൊണ്ടും പ്രോത്സാഹനം കൊണ്ടും ഈ ടൂർണമെന്റിനെ വിജയിപ്പിച്ച എല്ലാ വൈദികരെയും ഒഫീഷ്യൽസിനെയും നന്ദിയോടെ ഓർക്കുന്നു.

### എൻട്രൻസ് പരീക്ഷ

വിവിധ മേജർ സെമിനാരികളിലേയ്ക്ക് തത്വശാസ്ത്ര പഠനത്തിന് വേണ്ടിയുള്ള എൻട്രൻസ് എക്സാം ഫെബ്രുവരി 8-ാം തീയതി ശനിയാഴ്ച മൈനർ സെമിനാരിയിൽ വച്ച് നടന്നു. 3-ാം വർഷ സെമിനാരി വിദ്യാർത്ഥികളും അവസാന വർഷ ഡിഗ്രി വിദ്യാർത്ഥികളുമായ 20 പേർ പരീക്ഷയെഴുതി.

### +1, +2 പരീക്ഷകൾ

ഈ വർഷത്തെ +1, +2 പരീക്ഷകൾ മാർച്ച് 10 ന് ആരംഭിച്ച് മാർച്ച് 25 ന് അവസാനിക്കുന്നു. +1 പരീക്ഷയ്ക്കായി രണ്ടാം വർഷ വൈദിക വിദ്യാർത്ഥികൾ 15 പേരും +2 പരിക്ഷയ്ക്കായി മൂന്നാം വർഷ വൈദിക വിദ്യാർത്ഥികൾ13 പേരും ഒരുങ്ങിക്കൊണ്ടിരിക്കുന്നു.

### ബാസ്ക്കറ്റ് ബോൾ ടൂർണമെന്റും പ്രസംഗമത്സരവും

തലശ്ശേരി അതിരൂപതാ മൈനർ സെമിനാരി മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ഓർമ്മയ്ക്കായി സംഘടിപ്പിക്കുന്ന ഇന്റർ മൈനർ സെമിനാരി ബാസ്ക്കറ്റ് ബോൾ മത്സരവും പ്രസംഗമത്സരവും ജനുവരി 25-ന് തലശ്ശേരി മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെട്ടു. 6 ടീമുകൾ പങ്കെടുത്ത മത്സരത്തിൽ സെമിയിൽ അൽഫോൻസാ മൈനർ സെമിനാരി തലശ്ശേരി ടീമിനോട് പരാജയപ്പെട്ടു. ഫൈനൽ മത്സരത്തിൽ തലശ്ശേരി സെമിനാരി ടീം വിജയിക്കുകയും മാനന്തവാടി ടീം റണ്ണേഴ്സ് അപ് ആകു കയും ചെയ്തു.

ഉച്ചയ്ക്കു ശേഷം നടന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി മെമ്മോ റിയൽ പ്രസംഗമത്സരത്തിൽ താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിലെ 3-ാം വർഷ വൈദികവിദ്യാർത്ഥി ബ്ര. സാമുവൽ വടക്കൻ രണ്ടാം സ്ഥാനം കരസ്ഥമാക്കി. ആറ് സെമിനാരികളിൽ നിന്നായി 11 പേർ പ്രസംഗമത്സരത്തിൽ പങ്കെടുത്തു.

### മ്ശംശാന, ഹെവ്പദ്യാക്കോന, കാറോയ പട്ടങ്ങൾ

വിവിധ മേജർ സെമിനാരികളിൽ രൂപതയ്ക്കുവേണ്ടി ദൈവശാസ്ത്രം പഠിച്ചുകൊണ്ടിരിക്കുന്ന വൈദിക വിദ്യാർത്ഥികൾ ഏപ്രിൽ 2-ാം തീയതി അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിൽ നിന്നും മ്ശംശാന, ഹെവ്പദ്യാക്കോന, കാറോയ പട്ടങ്ങൾ സ്വീകരിക്കുന്നു. 2-ാം തീയതി രാവിലെ 8 മണിക്ക് താമരശ്ശേരി മേരിമാത കത്തീഡ്രൽ ദൈവാലയത്തിൽ വച്ചാണ് പട്ട ശുശ്രൂഷകൾ. വൈദിക വിദ്യാർത്ഥികൾക്ക് പ്രാർത്ഥനാശംസകൾ.

### നവദർശൻ - അവധിക്കാല ക്യാമ്പുകൾ

കുടുംബ നവീകരണ വർഷത്തിൽ, രൂപതയിലെ മേജർ സെമിനാരി വൈദിക വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഈ വരുന്ന ഏപ്രിൽ മാസം എല്ലാ ഇടവകകളിലും രണ്ടു ദിവസം നീണ്ടുനിൽക്കുന്ന നവദർശൻ അവധിക്കാല ക്യാമ്പ് സംഘടിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. കാലഘട്ടത്തിന്റെ പ്രശ്നങ്ങളെയും കുടുംബ ബന്ധങ്ങളുടെ പ്രാധാന്യ ത്തെയും ലൗ ജിഹാദ് പോലുള്ള ആനുകാലിക സാമുദായിക പ്രതിസന്ധി കളെയും സാമുദായിക-ക്രൈസ്തവ ബോധ്യങ്ങളെയും മൂല്യങ്ങളെയും വ്യക്തമായും ശക്തമായും കുട്ടികളിലേയ്ക്ക് എത്തിക്കുക എന്നതാണ് ഈ ക്യാമ്പിന്റെ ഉദ്ദേശ്യം. മതബോധനക്ലാസ്സുകളിൽ 5 മുതൽ +2 വരെയുള്ള കുട്ടികളെയാണ് ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്. കളികളിലൂടെയും നൂതനമായ പ്രവർത്തനങ്ങളിലൂടെയും കുട്ടികൾക്ക് അനുയോജ്യമായ രീതിയിൽ ക്യമ്പ് ഒരുക്കാൻ വൈദിക വിദ്യാർത്ഥികൾ ഒരുങ്ങികൊണ്ടിരി ക്കുകയാണ്. താമരശ്ശേരി രൂപതയുടെ ഭാവി വാഗ്ദാനങ്ങളായി മാറേണ്ട ബ്രദേഴ്സിന് വളരാനുള്ള വലിയൊരു അവസരം കൂടിയാണിത്. ബ്രദേഴ്സിന്റെ സേവനങ്ങൾ ആവശ്യമുള്ള ക്യമ്പ് നടത്താനാഗ്രഹിക്കുന്ന അച്ചന്മാർ മൈനർ സെമിനാരിയുമായി ബന്ധപ്പെടുമല്ലോ.

**ഫാ. അബ്രാഹം കൊച്ചീലാത്ത്**
റെക്ടർ, അൽഫോൻസ് സെമിനാരി

## വൊക്കേഷൻ ബ്യൂറോ

### ദൈവവിളി ക്യാമ്പുകൾ

തീയതി : 2020 മാർച്ച് 30,31 ഏപ്രിൽ 1 വരെ (തിങ്കൾ, ചൊവ്വ, ബുധൻ)

ആൺകുട്ടികൾക്ക് : ബഥാനിയ ധ്യാനകേന്ദ്രം, പുല്ലൂരാംപാറ

പെൺകുട്ടികൾക്ക് : പി.എം.ഒ.സി., മേരിക്കുന്ന്, കോഴിക്കോട്

വൊക്കേഷൻ പ്രൊമോട്ടേഴ്സിന് കുട്ടികളെ സന്ദർശിക്കുവാൻള്ള സമയം ക്യാമ്പിന്റെ സമാപനദിവസമായ ഏപ്രിൽ 1–ാം തീയതി രാവിലെ 9 മണിമുതൽ 11 മണിവരെയായിരിക്കും. ക്യാമ്പിൽ കുട്ടികളെ കാണുവാൻ വരുന്ന വൊക്കേഷേൻ പ്രൊമോട്ടർമാർ സീറോമലബാർ സഭ വൊക്കേഷൻ ബ്യൂറോയുടെ സർട്ടിഫിക്കറ്റ് കൊണ്ടുവരേണ്ടതാണ്.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. ക്യാമ്പിന് വരുന്നവർ ബൈബിൾ, നോട്ട്ബുക്ക്, പേന ബെഡ്ഷീറ്റ്, ടോയ്ലറ്റ് സാധനങ്ങൾ മുതലായവ കൊണ്ടുവരേണ്ടതാണ്.
2. ക്യാമ്പിൽ സംബന്ധിക്കുന്നവർ ബഹു. വികാരിയച്ചന്റെ കത്ത് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.
3. ക്യാമ്പ് ഫീസ് 500/– രൂപയായിരിക്കും. ഫീസിൽ ഇളവ് ആഗ്രഹിക്കുന്നവർ ഇക്കാര്യം സൂചിപ്പിക്കുന്ന വികാരിയച്ചന്റെ കത്ത് കൊണ്ടുവരേണ്ടതാണ്.
4. ക്യാമ്പുകൾ ഏപ്രിൽ 1–ാം തീയതി രാവിലെ 10 മണിക്ക് ആരംഭിച്ച് 3–ാം തീയതി ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കും.
4. മറ്റ് രൂപതകളിലോ, സന്ന്യാസ സമൂഹങ്ങളിലോ ചേരുവാൻ ആഗ്രഹിക്കുന്ന വർ നിർബന്ധമായും രൂപത ദൈവവിളി ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.
5. രൂപതയുടെ പുറത്തുള്ള സെമിനാരികളിലും കോൺവെന്റിലും ചേരാൻ ആഗ്ര ഹിക്കുന്ന കുട്ടികൾ രൂപതയിൽ നിന്നും നിർബന്ധമായും എൻ.ഒ.സി. വാങ്ങ ണം.
7. ബഹു. വികാരിയച്ചന്മാർ നമ്മുടെ രൂപതയിൽ ചേരുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരങ്ങൾ അറിയിക്കുമല്ലോ.

ക്യാമ്പുകൾ മാർച്ച് 29 തിങ്കളാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് ഏപ്രിൽ 1 ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കും.

**ഫാ. ജേക്കബ് അരീത്തറ**
ഡയറക്ടർ, വൊക്കേഷൻ ബ്യൂറോ

# മതബോധനം

വിശ്വാസപരിശീലന കാര്യാലയത്തിൽ നിന്നും ആശംസകൾ!

നോമ്പുകാലത്തിന്റെ പുണ്യദിനങ്ങളിലൂടെയാണ് നാം കടന്നു പോകുന്നത്. ക്രൂശിതന്റെ പിന്നാലെ ജീവിതത്യാഗമാകുന്ന കുരിശെടുത്ത് നടന്നു നീങ്ങുമ്പോൾ എല്ലാ ക്ലേശങ്ങൾക്കും ശേഷം ഒരു ഉത്ഥാനമുണ്ടാകും എന്ന വലിയ പ്രതീക്ഷയാണ് ഈ കുരിശ് നമുക്കു നൽകുന്നത്. പുണ്യവഴികളിലൂടെ യാത്ര ചെയ്ത് നല്ല ഫലങ്ങൾ പുറപ്പെടുവിക്കുവാൻ ഒരുങ്ങുന്ന നമുക്കെല്ലാവർക്കും മാതൃകയും പ്രചോദനവുമായ വി. യൗസേപ്പിതാവിന്റെ തിരുനാൾ ഈ മാസം നാം ആചരിക്കുകയാണ്. നിശബ്ദ സഹനത്തിന്റെ സാക്ഷ്യമാണ് നീതിമാനായ ഈ പിതാവ്. ജീവിതത്തിലെ ക്ലേശങ്ങളെ ശാന്തതയോടെ അഭിമുഖീകരിക്കുവാനുള്ള കൃപയ്ക്കായി യൗസേപ്പിതാവിന്റെ മാധ്യസ്ഥം നമുക്കു തേടാം. വി. യൗസേപ്പിതാവിൽ വിളങ്ങി നിന്ന നീതിബോധം നമുക്കും ജീവിതത്തിൽ സ്വീകരിക്കാം. എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ.

## HCC മൂല്യനിർണയം

HCC ഉത്തരക്കടലാസുകളുടെ മൂല്യനിർണയം ഫെബ്രുവരി 01 ശനിയാഴ്ച രാവിലെ 8.30 മുതൽ വൈകിട്ട് 5.30 വരെ പി.എം.ഒ.സി. യിൽ വച്ച് നടക്കുകയുണ്ടായി. 106 മതാധ്യാപകർ മൂല്യനിർണയത്തിൽ പങ്കെടുത്തു.

## HCC say പരീക്ഷ

2020 ഫെബ്രുവരി 16 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 02 മുതൽ 04 വരെ എല്ലാ മേഖലയിലും ഒരു സെന്ററിൽ വച്ച് HCCസേ (Save an Year) പരീക്ഷ നടത്തുകയുണ്ടായി. മാർച്ച് 01- ന് സേ പരീക്ഷയുടെ ഫലം പ്രസിദ്ധീ കരിക്കുന്നതാണ്.

## ASPCT (Advanced Self-Study Programme for Catechism Teachers)

'വിശ്വാസവഴിയിലെ സംശയങ്ങൾ' എന്ന പുസ്തകത്തെ ആസ്പദമാക്കി 60 വയസ്സിനു താഴെയുള്ള മതാധ്യാപകർക്കായി നടത്തുന്ന തുടർപരിശീലന പരീക്ഷ 2020 ഫെബ്രുവരി 23 ഞായറാഴ്ച 2.00 മണി മുതൽ 4.00 മണിവരെ രൂപതയിലെ എല്ലാ ഇടവകകളിലും നടക്കുകയുണ്ടായി.

**വിശ്വാസോത്സവം 2020**

ഈ വർഷത്തെ വിശ്വാസോത്സവം 2020 മാർച്ച് 29 (ഞായർ) ഏപ്രിൽ 01, 02 (ബുധൻ, വ്യാഴം) തീയതികളിൽ നടക്കുന്നു. ഓരോ ഇടവകയുടേയും സാഹചര്യമനുസരിച്ച് സമയം ക്രമീകരിക്കാവുന്നതാണ്.

1, 2, 3 ക്ലാസുകളിൽ ഓരോ ക്ലാസിനും ഈ വർഷം പ്രത്യേകം വിശ്വാസോത്സവ വർക്ക് ബുക്ക് ഉണ്ടായിരിക്കുന്നതാണ്. 4-ാം ക്ലാസിൽ വർക്ക് ബുക്ക് "ആദ്യകുർബാന സ്വീകരണം" എന്ന പുസ്തകമായിരിക്കും (വില 50/- രൂപ). നാലാം ക്ലാസിൽ ആദ്യകുർബാനസ്വീകരണം കഴിഞ്ഞ കുട്ടികൾ ഉണ്ടെങ്കിൽ പ്രാർത്ഥനകൾ കൂടുതൽ ഹൃദ്ദിസ്ഥമാക്കുന്നതി നുവേണ്ടി അതേ ക്ലാസിൽത്തന്നെ അവരെ വിശ്വാസോത്സവത്തിന് ഇരുത്തുന്നതാണ് ഉചിതം.

### വിശ്വാസോത്സവം ഗ്രൂപ്പുകൾ

ഗ്രൂപ്പ് 1 : ഡൊമിനിക് സാവിയോ (STD V, VI), ഗ്രൂപ്പ് 2 : സെന്റ് അൽഫോൻസ (STD VII, VIII) ഗ്രൂപ്പ് 3 : സെന്റ് തോമസ് (STD IX, X) (വിശ്വാസോത്സവ വർക്ക് ബുക്കിന്റെ വില 40/-രൂപ. വിശ്വാസോത്സവ വർക്ക്ബുക്ക് എല്ലാകുട്ടികളും നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്).

### വർക്ക് ബുക്ക് വിതരണം

വിശ്വാസോത്സവ വർക്ക് ബുക്കുകൾ മാർച്ച് 16 മുതൽ മാർച്ച് 23 വരെ പി.എം.ഒ.സി. മതബോധന കേന്ദ്രത്തിൽ നിന്ന് വിതരണം ചെയ്യുന്നതാണ്.

### വിശ്വാസോത്സവ അധ്യാപക പഠനശിബിരം

2019-2020 അദ്ധ്യയന വർഷത്തെ വിശ്വാസോത്സവത്തിനു മുന്നോടിയായുള്ള വിശ്വാസോത്സവ അധ്യാപക പഠനശിബിരം മൂന്നു സ്ഥലങ്ങളിലായി ക്രമീകരിച്ചിരിക്കുന്നു. ഓരോ സൺഡേ സ്കൂളിലെയും സ്റ്റാഫ് സെക്രട്ടറി ഇതിൽ പങ്കെടുക്കേണ്ടതാണ്.

- മാർച്ച് 14 (ശനി) : രാവിലെ 9.45 മുതൽ 11.45 വരെ @ പി. എം.ഒ.സി (പങ്കെടുക്കേണ്ട ഫൊറോനകൾ : പാറോപ്പടി, താമരശ്ശേരി, കോടഞ്ചേരി, തിരുവമ്പാടി, തോട്ടുമുക്കം)
- മാർച്ച് 14 (ശനി) : ഉച്ചകഴിഞ്ഞ് 2.45 മുതൽ 4.30 വരെ @ കൂരാച്ചുണ്ട് (പങ്കെടുക്കേണ്ട ഫൊറോനകൾ : കൂരാച്ചുണ്ട്, മരുതോങ്കര, വിലങ്ങാട്)
- മാർച്ച് 15 (ഞായർ) : ഉച്ചകഴിഞ്ഞ് 2.45 മുതൽ 4.30 വരെ @ പെരിന്തൽമണ്ണ: (പങ്കെടുക്കേണ്ട ഫൊറോനകൾ : പെരിന്തൽമണ്ണ, കരുവാരകുണ്ട്, മലപ്പുറം)

### ബൈബിൾ പ്രിന്റിംഗ് പേപ്പർ സമാഹരണ പദ്ധതി

കഴിഞ്ഞ വർഷങ്ങളിൽ നടത്തിയതുപോലെ ഈ വർഷവും ഫിയാത്ത് മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന "ബൈബിൾ പ്രിന്റിംഗ് പേപ്പർ സമാഹരണ പദ്ധതി"യിൽ നമ്മുടെ കുട്ടികളെ പങ്കുകാരാക്കാൻ ശ്രദ്ധിക്കുമല്ലോ. കുട്ടികൾ വീടുകളിൽ നിന്ന് പഴയ ബുക്ക്, പേപ്പർ എന്നിവ വിശ്വാസോത്സവം നടക്കുന്ന ദിവസങ്ങളിൽ (മാർച്ച് 29, ഏപ്രിൽ 01, 02 ) കൊണ്ടുവരികയും അധ്യാപകരുടെ

നേതൃത്വത്തിൽ ശേഖരിച്ച് അത് ഏതെങ്കിലും 6 സെന്ററുകളിൽ (പെരിന്തൽമണ്ണ, താമരശ്ശേരി, കൂരാച്ചുണ്ട്, മരുതോങ്കര, കോടഞ്ചേരി, പി.എം.ഒ.സി) എത്തിക്കുകയും ചെയ്യേണ്ടതാണ്. (ഇത് എത്തിക്കാൻ ബുദ്ധിമുട്ടുള്ള സൺഡേ സ്കൂളുകൾക്ക് ഫിയാത്ത് മിഷനുവേണ്ടിയുള്ള കളക്ഷൻ മതബോധന കേന്ദ്രത്തിൽ ഏൽപ്പിക്കാവുന്നതാണ്).

### വാർഷിക/ സ്കോളർഷിപ്പ് പരീക്ഷ

2019–2020 അധ്യയന വർഷത്തെ വാർഷിക പരീക്ഷ ഏപ്രിൽ 04, ശനിയാഴ്ച എല്ലാ ഇടവകകളിലും രാവിലെ 9 മണിമുതൽ 11 മണിവരെ നടക്കുന്നതാണ്.

സ്കോളർഷിപ്പ് പരീക്ഷ ഏപ്രിൽ 8, ബുധനാഴ്ച മേഖലാ കേന്ദ്രങ്ങളിൽ വച്ച് രാവിലെ 9 മണി മുതൽ 11 മണി വരെ നടക്കുന്നതാണ്.

### പ്രതിഭാസംഗമം – VII –ാം ക്ലാസ്സ്

ഈ അദ്ധ്യയന വർഷത്തിലെ 7–ാം ക്ലാസിലെ കുട്ടികളുടെ രൂപതാതല പ്രതിഭാസംഗമം 2020 ഏപ്രിൽ 5–6 (ഓശാന ഞായർ, തിങ്കൾ) തിയതികളിൽ പി.എം.ഒ.സി. യിൽ വച്ച് നടത്തുന്നതാണ്. 5–ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് 6–ാം തീയതി ഉച്ചകഴിഞ്ഞ് 2.45 ന് സംഗമം അവസാനിക്കുന്നതാണ്. എല്ലാ മേഖലകളിൽ നിന്നും മൂന്ന് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പങ്കെടുക്കാവുന്നതാണ്.

### HCC പരീക്ഷാഫലം

2020 ജനുവരി 26– ന് നടന്ന HCC പരീക്ഷയുടെ ഫലം ഫെബ്രുവരി 8 ശനിയാഴ്ച പ്രസിദ്ധീകരിച്ചു. 1650 കുട്ടികൾ രജിസ്റ്റർ ചെയ്ത HCC I (+1) ൽ 87.06% വിജയവും 1531 കുട്ടികൾ രജിസ്റ്റർ ചെയ്ത HCC II (+2) ൽ 86.93% വിജയവും രേഖപ്പെടുത്തി.

### രൂപതാതല സമ്മാനത്തിന് അർഹരായവർ

#### HCC I (+1)

| | | | | |
|---|---|---|---|---|
| 1st Prize | : | ദർശന ജോസ് മൂക്കിലിക്കാട്ട് | : | കൂടരഞ്ഞി |
| 2nd Prize | : | അപർണ തോമസ് തറക്കുന്നേൽ | : | തോട്ടുമുക്കം |
| 3rd Prize | : | ആൻഫിയ ക്ലാര ജോസ് ഇയ്യാലിൽ | : | താഴേക്കോട് |

#### HCC II (+2)

| | | | | |
|---|---|---|---|---|
| 1st Prize | : | ഡെൽന തോമസ് തീക്കുഴിവയലിൽ | : | ചക്കിട്ടപ്പാറ |
| 2nd Prize | : | നയന മനോജ് തറപ്പിൽ | : | തിരുവമ്പാടി |
| 3rd Prize | : | ഡോൺ ജിയോ റെജു കടൽക്കരോട്ട് | : | ചേവായൂർ |

### HCC പരീക്ഷയിൽ 100% വിജയം ലഭിച്ച സൺഡേ സ്കൂളുകൾ

| | | |
|---|---|---|
| കരുവാരകുണ്ട് മേഖല | – | അടക്കാക്കുണ്ട് , പാതിരിക്കോട് |
| കോടഞ്ചേരി മേഖല | – | കൂരോട്ടുപാറ, തെയ്യപ്പാറ |
| കൂരാച്ചുണ്ട് മേഖല | – | പേരാമ്പ്ര, നരിനട, പാത്തിപ്പാറ |
| മരുതോങ്കര മേഖല | – | ചാത്തൻകോട്ടുനട, പൂതംപാറ |
| മലപ്പുറം മേഖല | – | കൊണ്ടോട്ടി, ഊരകം |
| പാറോപ്പടി മേഖല | – | NIT കട്ടാങ്ങൽ |
| പെരിന്തൽമണ്ണ മേഖല | – | ചീരട്ടാമല, കുറ്റിപ്പുറം, മങ്കട, ഒറവുംപുറം, താഴേക്കോട്, വലമ്പൂർ |
| തിരുവമ്പാടി മേഖല | – | പൂവാറൻതോട്, കുളിരാമുട്ടി, കരിമ്പ്, കല്ലുരുട്ടി |
| താമരശ്ശേരി മേഖല | – | കൂമുള്ളി |
| തോട്ടുമുക്കം മേഖല | – | പനംപ്ലാവ്, കോനൂർക്കണ്ടി, പീടികപ്പാറ |
| വിലങ്ങാട് മേഖല | – | വടകര, വാളൂക്ക് |

**ഫാ. ജോസഫ് വടക്കേൽ**
ഡയറക്ടർ, മതബോധനം

# കെ.സി.വൈ.എം.

### കെ.സി.വൈ.എം ഓഫീസ് ഉദ്ഘാടനം

മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പാസ്റ്ററൽ സെന്ററിൽ ആരംഭിച്ച കെ.സി.വൈ.എം താമരശ്ശേരി രൂപത ഓഫീസ് ഉദ്ഘാടനവും വെഞ്ചിരിപ്പും ഫെബ്രുവരി എട്ടാം തീയതി മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. രൂപത വികാരിജനറാൾ മോൺ. ജോൺ ഒറവുങ്കര, രൂപതാ ചാൻസലർ ഫാ. ജോർജ്ജ് മുണ്ടനാട്ട്, രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ, രൂപത പ്രസിഡന്റ് വിശാഖ് തോമസ്, രൂപത ആനിമേറ്റർ സി. ഷാർലറ്റ് റോസ്, സംസ്ഥാന വൈസ് പ്രസിഡന്റ് ലിമിന ജോർജ്ജ്, അഭിലാഷ് കുട്ടിപാറ, രൂപതാ സമിതി അംഗങ്ങൾ, മേഖലാ ഡയറക്ടർമാർ, ആനിമേറ്റർമാർ, സെനറ്റ് അംഗങ്ങൾ എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

## മുൻകാല രൂപത പ്രസിഡന്റുമാരുടെ സംഗമം

ഫെബ്രുവരി എട്ടാം തീയതി ബിഷപ് ഹൗസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന കെസിവൈഎം മുൻകാല പ്രസിഡന്റുമാരുടെ സംഗമവും ആദരിക്കലും രൂപതാ വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര ഉദ്ഘാടനം ചെയ്തു. 1988-89 കാലഘട്ടത്തിൽ കെസിവൈഎം താമരശ്ശേരി രൂപതയുടെ ആദ്യത്തെ പ്രസിഡന്റ് ആയിരുന്ന അഡ്വ. രാജേഷ് മഞ്ചേരിൽ, ശ്രീ. പ്രേംജി ജെയിംസ് കട്ടിപ്പാറ, ശ്രീ. ജോമി ചക്കിട്ടമുറിയിൽ, ശ്രീ. വിനോദ് കിഴക്കയിൽ, ശ്രീ. ജസ്റ്റിൻ തറപ്പേൽ, ശ്രീ. ഷൈജു അതിരമ്പുഴ, ശ്രീ. ജെഫിൻ ഫ്രാൻസിസ് കുന്നേൽ എന്നിവരെ മീറ്റിംഗിൽ ആദരിച്ചു. മുൻകാല പ്രസിഡന്റുമാർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ച് പ്രചോദനാത്മകമായി സംസാരിച്ചു. രൂപതാ ട്രഷറർ റിച്ചാർഡ് ജോൺ സ്വാഗതം ആശംസിച്ചു. സംസ്ഥാന സിൻഡിക്കേറ്റ് മെമ്പർ തേജസ് മാത്യു കറുകയിൽ, രൂപത പ്രസിഡന്റ് വിശാഖ് തോമസ്, രൂപത ജനറൽ സെക്രട്ടറി അഭിലാഷ് കുട്ടിപ്പാറ, രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളക്കാകുടി, രൂപതാ വൈസ് പ്രസിഡന്റ് ജസ്റ്റിൻ സൈമൺ എന്നിവർ സംസാരിച്ചു.

## കെസിവൈഎം അർദ്ധ വാർഷിക സെനറ്റ് സമ്മേളനം

കെസിവൈഎം താമരശ്ശേരി രൂപതയതുടെ 37-മത് അർദ്ധ വാർഷിക സെനറ്റ് സമ്മേളനം ഫെബ്രുവരി എട്ടാം തീയതി താമരശ്ശേരി ബിഷപ്പ് ഹൗസിൽ വെച്ച് നടത്തപ്പെട്ടു. രൂപത ജനറൽ സെക്രട്ടറി അഭിലാഷ് കുട്ടിപ്പാറ സ്വാഗതം ആശംസിച്ചു.

രൂപതാ ചാൻസലർ ഫാ. ജോർജ്ജ് മുണ്ടനാട്ട് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ രൂപതാ പ്രസിഡന്റ് വിശാഖ് തോമസ് അധ്യക്ഷനാ യിരുന്നു. പ്രഥമ രൂപത പ്രസിഡന്റ് അഡ്വ. രാജേഷ് മഞ്ചേരിൽ മുഖ്യപ്രഭാ ഷണം നടത്തി. രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളക്കാകുടിയിൽ, കെസിവൈഎം ആനിമേറ്റർ സി. ഷർലറ്റ് സിഎംസി, സംസ്ഥാന വൈസ് പ്രസിഡന്റ് ലിമിന ജോർജ്ജ് എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. കെസിവൈഎം താമരശ്ശരി രൂപതയുടെ അർദ്ധ വാർഷിക പ്രവർത്തന റിപ്പോർട്ട് ജനറൽ സെക്രട്ടറി അഭിലാഷ് കുട്ടിപ്പാറ അവതരിപ്പിച്ചു. വിവിധ എല്ലാ മേഖലകളിൽ നിന്നുമുള്ള പ്രവർത്തന റിപ്പോർട്ടും അന്നേദിവസം അവതരിപ്പിച്ചു വിലയിരുത്തൽ നടത്തി. എല്ലാ മേഖലകളും കഴിഞ്ഞ ആറു മാസത്തെ പ്രവർത്തന റിപ്പോർട്ട് അവതരണം നടത്തി. 150 ഓളം കെ സി വൈ എം അംഗങ്ങൾ രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി സെനറ്റിൽ പങ്കെടുത്തു. രാവിലെ 9.30 ന് പതാക ഉയർത്തിയതോടെ ആരംഭിച്ച യോഗം വൈകിട്ട് നാലിന് സമാപിച്ചു.

## സെനറ്റ് സമ്മേളനത്തിൽ പാസാക്കിയ പ്രമേയങ്ങൾ

### 1. സംഘടന ഇലക്ഷൻ, വാർഷിക സെനറ്റ് സമ്മേളനം

സംസ്ഥാന വാർഷിക സെനറ്റ് ജനുവരിയിൽ നടക്കുന്ന പശ്ചാത്തലത്തിൽ രൂപതാ വാർഷിക സെനറ്റും ഇലക്ഷനും നവംബർ ഡിസംബർ മാസത്തേക്ക് നീട്ടി വെക്കാൻ അർദ്ധ വാർഷിക സെനറ്റ് യോഗത്തിൽ തീരുമാനമായി. സെപ്റ്റംബർ മാസം യൂണിറ്റുകളിലും ഒക്ടോബർ നവംബർ മാസങ്ങളിൽ മേഖലകളിലും ഡിസംബർ മാസം രൂപതയിലും വാർഷിക സെനറ്റ് നടത്തി പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കാനുള്ള രൂപതാ സമിതിയുടെ പ്രമേയം ഐക്യകണ്ഠേന സെനറ്റ് യോഗം പാസാക്കി.

### 2 ലൗ ജിഹാദിനെതിരെ ജാഗ്രതാ നിർദ്ദേശം

ലൗ ജിഹാദ് വിഷയത്തിൽ സീറോ മലബാർ സിനഡ് കൈകൊണ്ട നിലപാടിനെ കെസിവൈഎം അർധവാർഷിക സെനറ്റ് അനുകൂലിക്കുകയും ലൗ ജിഹാദ് എന്ന പേരിൽ നടക്കുന്ന വ്യാജ പ്രണയങ്ങളേയും, മാധ്യമ ചൂഷണത്തിനെയും, ലൈംഗിക അതിക്രമങ്ങളെയും നിർബന്ധിത മതംമാറ്റത്തിന് എതിരെയും, അന്വേഷണ സംഘത്തെ നിയോഗിക്കണമെന്നും, സീറോ മലബൈർ സിനഡിന്റെ തീരുമാനത്തെ സമൂഹമധ്യത്തിൽ കരിവാരിതേക്കുന്ന രീതിയിൽ വ്യാജപ്രചരണങ്ങൾ പ്രചരിപ്പിക്കുന്നതിന് എതിരെയും കെസിവൈഎം താമരശ്ശേരി അർധവാർഷിക സെനറ്റ് പ്രതിഷേധ പ്രമേയം പാസാക്കി.

### 3. കെസിവൈഎം രൂപതാ വൈസ് പ്രസിഡന്റിനെ തിരഞ്ഞെടുത്തു

രൂപതാ വൈസ് പ്രസിഡന്റായിരുന്ന സിപ്സിയാ മാർട്ടിൻ സ്ഥാന മൊഴിഞ്ഞതിനാൽ പുതിയ രൂപത വൈസ് പ്രസിഡന്റായി പെരിന്തൽമണ്ണ മേഖലയിൽ നിന്നുള്ള ലെറ്റീഷ്യ ജോഷി തെരഞ്ഞെടുക്കപ്പെട്ടു. ലെറ്റീഷ്യയ്ക്ക് എല്ലാവിധ ദൈവാനുഗ്രഹങ്ങളും ആശംസകളും നേരുന്നു.

### കർഷക പ്രക്ഷോഭത്തിന് കെസിവൈഎം ന്റെ ഐക്യദാർഢ്യം

കർഷക ദ്രോഹത്തിനെതിരെ ചക്കിട്ടപാറ നടന്ന കർഷക സമരത്തിന് കെസിവൈഎം താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ ഐക്യദാർഢ്യം പ്രഖ്യാപിച്ചു. അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്ത കർഷക പ്രക്ഷോഭത്തിൽ കെസിവൈഎം രൂപതാ പ്രസിഡന്റ് ശ്രീ. വിശാഖ് തോമസ് നിലപാട് അറിയിച്ചു സംസാരിച്ചു. വൈകുന്നേരം 5 മണിക്ക് ചക്കിട്ടപാറ പഞ്ചായത്ത് ഓഫീസ് പരിസരത്തുനിന്ന് ആരംഭിച്ച കെസിവൈഎം ഐക്യദാർഢ്യ റാലിക്ക് ജനറൽ സെക്രട്ടറി അഭിലാഷ് കുട്ടിപ്പാറ, രൂപതാ ട്രഷറർ റിച്ചാർഡ് എന്നിവർ നേതൃത്വം നൽകി.

### സി വൈ എഫ് സി യൂത്ത് മിനിസ്ട്രി

യൂത്ത് മിനിസ്ട്രിയുടെ ഭാഗമായി കക്കയം, കാറ്റുള്ളമല, വിലങ്ങാട്, പുഷ്പഗിരി, ഈരൂട്, വലിയകൊല്ലി, ഇടവകകളിൽ ഹാഫ് ഡേ സെഷൻസ് നടത്തി.

### ഹോം മിഷൻസ് നടത്തിയ ഇടവകകൾ

1. ആനക്കാംപൊയിൽ – ഫെബ്രുവരി 15–26, ഹോളി ഫാമിലി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ
2. കരുവാരകുണ്ട് – ഫെബ്രുവരി 15–26, ഹോളി ഫാമിലി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ
3. വാണിയമ്പലം – ഫെബ്രുവരി 21–23, ഹോളി ഫാമിലി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ

### രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

ഫെബ്രുവരി ഏഴാം തീയതി മംഗലശ്ശേരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തുകയും ആറു മാസത്തെ പ്രവർത്തന റിപ്പോർട്ട് വായിച്ചു പാസാക്കുകയും ചെയ്തു.

### അറിയിപ്പുകൾ

### "യുവ ഇൻസൈറ്റ്സ്" – നോമ്പുകാല വിചിന്തന മത്സരം

നോമ്പ് കാലം ദൈവാനുഗ്രഹം പ്രദമായ ആക്കാൻ കെസിവൈഎം സ്പിരിചൽ ടീമിന്റെ നേതൃത്വത്തിൽ

'യുവ ഇൻസൈറ്റ്സ്' എന്ന പേരിൽ യുവജനങ്ങൾക്ക് വേണ്ടി നോമ്പുകാല വിചിന്തന മത്സരം സംഘടിപ്പിക്കുന്നു.

നോമ്പുകാലത്തെ അൻപത് ദിവസങ്ങളിൽ ഓരോ ദിവസവും മിശിഹാ ചരിത്രവുമായി ബന്ധപ്പെട്ട ഒരു വ്യക്തിയുടെ ജീവിതം നൽകുന്ന സന്ദേശം പത്ത് വാക്യങ്ങളിൽ അധികമാകാതെ എഴുതി നൽകപ്പെടുന്ന വാട്സ് ആപ്പ് നമ്പറിലേക്ക് അയക്കുക.

എല്ലാദിവസവും തിരഞ്ഞെടുക്കപ്പെടുന്ന വിചിന്തനങ്ങൾ നോമ്പ് കാലത്തിന്റെ അവസാനത്തിൽ കെസിവൈഎം താമരശ്ശേരി രൂപതയുടെ നോമ്പുകാല വിചിന്തന പുസ്തകമായി "ക്രിസ്ത്യാനി" എന്ന പേരിൽ പ്രസിദ്ധീകരിക്കുന്നു.

### എഴുതുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

1. പത്തു വാക്യത്തിൽ കൂടാൻ പാടില്ല.
2. ഓരോ ദിവസത്തെയും നൽകപ്പെടുന്ന വ്യക്തികളുടെ ജീവിതം യുവജനങ്ങൾക്ക് നൽകുന്ന സന്ദേശം ഉൾക്കൊള്ളിച്ചുകൊണ്ട് വേണം എഴുതുവാൻ.
3. ഓരോ ദിവസത്തെയും വിചിന്തനങ്ങൾ ഒരു നോട്ടുബുക്കിൽ എഴുതി ഏപ്രിൽ 12 ഈസ്റ്റർ ദിനത്തിൽ സമർപ്പിക്കതക്ക രീതിയിൽ തയ്യാറാക്കുക.
4. ഓരോ ദിസത്തെയും റിഫ്ളക്ഷൻസ് നൽകപ്പെടുന്ന വാട്സ്ആപ്പ് ഈ നമ്പറിലേക്ക് ഫോട്ടോ എടുത്ത് അയക്കേണ്ടതാണ്. മികച്ച വിചിന്ത നങ്ങൾ നോമ്പുകാലത്ത് തന്നെ സോഷ്യൽ മീഡിയ വഴി പ്രസിദ്ധീകരിക്കുന്നതാണ്.
5. എഴുതി സമർപ്പിക്കുന്ന ബുക്കിന് അതിന്റെ ആകാരഭംഗി, വൃത്തി, വിചിന്തനങ്ങളുടെ ആഴം, ഭാഷ, യുവജന കേന്ദ്രീകൃതമായ സന്ദേശം എന്നിവയെ ആധാരമാക്കി കൊണ്ട് മികച്ച സമ്മാനങ്ങൾ നൽകുന്നു. വാട്സ്ആപ്പിലേക്ക് നിങ്ങൾ അയച്ചു തരുന്ന അനുദിന വിചിന്തനങ്ങൾ തിരഞ്ഞെടുക്കപ്പെടുന്നു എന്നുള്ളത് സമ്മാനത്തിന് ഒരു മാനദണ്ഡം ആയിരിക്കും.
6. എല്ലാ ദിവസവും രാത്രി 9 മണിയോടെ വിചിന്തനങ്ങൾ അയച്ചുതരേണ്ട താണ്. പത്തു മണിക്ക് തന്നെ പിറ്റേ ദിവസത്തേക്കുള്ള വിചിന്തന വിഷയം നൽകുന്നതായിരിക്കും.
7. 12 നും 35 നും ഇടയിൽ പ്രായമുള്ള വ്യക്തികൾക്ക് ആയിരിക്കും യൂത്ത് ഫിംഗേഴ്സ് വിചിന്തന വിചാരത്തിൽ പങ്കെടുക്കാൻ അനുവാദം ഉള്ളത്.
8. താമരശ്ശേരി രൂപത പുറമേയുള്ളവർക്കും പങ്കെടുക്കാവുന്നതാണ്.
9. തെരഞ്ഞെടുക്കപ്പെടുന്ന മികച്ച വിചിന്തനങ്ങൾ എല്ലാദിവസവും സോഷ്യൽ മീഡിയയിലൂടെ പ്രസിദ്ധീകരിക്കുന്നതാണ്.

Ph: 7306389939

## 2. GRATIA PLENA “Full of Grace”

**പരീക്ഷ ഒരുക്ക ആരാധന മാർച്ച് 1 ഞായറാഴ്ച എല്ലാ ഇടവകളിലും**

പ്രിയ യുവജന സുഹൃത്തുക്കളെ, എസ്.എസ്.എൽ.സി., പ്ലസ് വൺ, പ്ലസ്ടു, വിവിധ ഡിഗ്രി, പി.ജി, വിവിധ യോഗ്യതാ പരീക്ഷകൾക്കായെല്ലാം ഒരുങ്ങുന്ന ഈ സമയം എല്ലാവർക്കും നല്ല ഒരു പരീക്ഷകാലം ആശംസിക്കുന്നു.

പരീക്ഷ ഒരുക്കത്തിന്റെ അവസാന ഘട്ടത്തിൽ ദൈവാനുഗ്രഹം യാചിച്ചുകൊണ്ട് താമരശ്ശേരി രൂപതയിലെ എല്ലാ ഇടവകകളിലും മാർച്ച് 1 ഞായറാഴ്ച എല്ലാ പരീക്ഷാർത്ഥികളും ദൈവാലയത്തിൽ ഒന്നിച്ചു ചേർന്ന് പ്രാർത്ഥിച്ചൊരുങ്ങുന്നു. ആരാധനയ്ക്ക് നേതൃത്വം നൽകേണ്ടത് ഇടവക കളിലെ മുതിർന്ന കെ.സി.വൈ.എം. അംഗങ്ങൾ ആയിരിക്കണം. ആരാധന നടത്താൻ ബഹുമാനപ്പെട്ട വൈദീകരുടേയും ആനിമേറ്റർ സിസ്റ്റേഴ് സിന്റെയും ബ്രദേഴ്സിന്റെയും സഹായം തേടാവുന്നതാണ്.

## നിർദ്ദേശങ്ങൾ

1. മാർച്ച് 1 നടത്തുന്ന പ്രാർത്ഥന എല്ലാ യുവജനങ്ങളെയും അറിയിക്കുക.
2. സൗകര്യപ്രദമായ 45 മിനിറ്റു സമയം തിരഞ്ഞെടുക്കാവുന്നതാണ്. (രാവിലെ കുർബാനയ്ക്ക് ശേഷം രണ്ടാമത്തെ കുർബാനയ്ക്ക് മുമ്പായി /രണ്ടാമത്തെ വിശുദ്ധ ബലിക്ക് ശേഷം/ വൈകിട്ടത്തെ കുർബാനയോട് അനുബന്ധിച്ച്)
3. ദിവ്യകാരുണ്യം എഴുന്നള്ളിച്ചു വെച്ചായിരിക്കണം ആരാധന നടത്തേണ്ടത്.
4. 45 മിനിറ്റ് നീളുന്ന ആരാധന - സഹായി പി ഡി എഫ് ഫയൽ ആയി നിങ്ങൾക്ക് എത്തിച്ചു തരുന്നതാണ്.
5. സാധിക്കുമെങ്കിൽ ബഹുമാനപ്പെട്ട വൈദികരുടെ സഹായത്തോടെ ഫെബ്രുവരി 29. മാർച്ച് 1 ദിവസങ്ങളിൽ പരീക്ഷ എഴുതുന്നവർക്ക് കുമ്പസാരിക്കാനുള്ള സൗകര്യം ഒരുക്കുന്നത് നന്നായിരിക്കും.
6. ആരാധനയ്ക്ക് വരുമ്പോൾ നിങ്ങളുടെ പഠനോപകരണങ്ങളും നിനക്ക് പഠിക്കാൻ ബുദ്ധിമുട്ടുള്ള വിഷയങ്ങളുടെ ടെക്സ്റ്റും കൊണ്ടുവരേണ്ട താണ്.
7. പരീക്ഷ സംബന്ധമായ വിദ്യാർത്ഥികളുടെ നിയോഗങ്ങൾ ഒരു പേപ്പറിൽ എഴുതി ദിവ്യകാരുണ്യ സന്നിധിയ്ൽ സമർപ്പിക്കാനുള്ള സൗകര്യം ചെയ്യേണ്ടതാണ്. വികാരിയച്ചന്റെ അനുമതിയോടുകൂടി ഇത് ഇടവകയിലെ സിസ്റ്റേഴ്സിനെയോ മാതൃ സംഘത്തെയോ പ്രാർത്ഥനാ ഗ്രൂപ്പിനെയോ ഏൽപ്പിക്കേണ്ടതാണ്.
8. ആരാധനയിൽ പരീക്ഷാർത്ഥികളുടെ മാതാപിതാക്കൾ പങ്കെടുക്കേ ണ്ടതാണ്. ആരാധനയുടെ അവസാനഭാഗത്ത് മാതാപിതാക്കൾ ഈശോയുടെ നാമത്തിൽ മക്കളെ അനുഗ്രഹിക്കുന്ന കർമ്മം കൂടെ ചേർത്തിട്ടുണ്ട്.
9. ബഹുമാനപ്പെട്ട വികാരിയച്ചനോ മറ്റു വൈദികരോ കുട്ടികളുടെ തലയിൽ കൈവച്ച് പ്രാർത്ഥിക്കുന്നത് നന്നായിരിക്കും. അതോടൊപ്പം വിശുദ്ധജലം

തളിച്ചുകൊണ്ട് കുട്ടികളെ ആശീർവദിക്കേണ്ടതുമാണ്.

ബഹു. വികാരിയച്ചന്മാർ ഈ ആരാധന നടത്താനുള്ള അനുവാദവും സൗകര്യങ്ങളും യുവജനങ്ങൾക്ക് ചെയ്തു കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### 3. നിയോഗപ്പെട്ടി

യുവജന സുഹൃത്തുക്കളെ, പരീക്ഷ കാലഘട്ടം ആയല്ലോ നിങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ ആരുമില്ലേ?? നിങ്ങൾക്ക് പ്രാർത്ഥന സഹായം ആവശ്യമുണ്ടോ? ഈ നോമ്പുകാലം ഞങ്ങൾ നിങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാം. നിങ്ങളുടെ പ്രാർത്ഥനാ നിയോഗങ്ങൾ പ്രാർത്ഥനാ സഹായം ആവശ്യമുള്ള ആളുടെ പേര് സഹിതം താഴെ പറയുന്ന വാട്സ്ആപ്പ് നമ്പറിലേക്ക് അയക്കുക.

Ph: 7306389939

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

## ലിറ്റർജി കമ്മീഷൻ

### ആരാധനക്രമ ക്ലാസ്സ്

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിലുള്ള പഠന പരമ്പരയായ മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ ആഭിമുഖ്യത്തിൽ വി. കുർബാനയെക്കുറിച്ചും സീറോ മലബാർ സഭയുടെ ആരാധനക്രമത്തെക്കുറിച്ചുള്ള ക്ലാസ് എല്ലാ മാസത്തെയും നാലാമത്തെ ശനിയാഴ്ച കോഴിക്കോട് പി.എം.ഒ.സി. യിൽ വച്ച് നടക്കുന്നു. രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെയാണ് ക്ലാസ്സ്. നിലവിൽ ഡോ. മാത്യു കുളത്തിങ്കൽ ആണ് ക്ലാസ് നയിക്കുന്നത്. അൽമായർക്കും സമർപ്പിതർക്കും വേണ്ടിയുള്ള ഈ ക്ലാസ്സിൽ താത്പര്യമുള്ള ആർക്കും സംബന്ധിക്കാവുന്നതാണ്. ശനിയാഴ്ച പി.എം.ഒ.സി. യിൽ വെച്ച് നടന്നു. മുപ്പതോളം പേർ സംബന്ധിച്ചു. മാർച്ച് മാസത്തിലെ ക്ലാസ്സ് 28 ന് ശനിയാഴ്ച ആണ്. Contact Number: 9495479045, 9446261682

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# ഫാമിലി അപ്പോസ്റ്റലേറ്റ്

ഫെബ്രുവരി 03-05 തീയ്യതികളിൽ പി.എം.ഒ.സി-യിൽ വച്ച് പ്രീ-കാനാ കോഴ്സ് നടത്തി. വിവിധ രൂപതകളിൽ നിന്നായി 79 പേർ പങ്കെടുത്തു. ഫാ. ജോസ് പെണ്ണാപറമ്പിൽ, ഫാ. ബെന്നി മുണ്ടനാട്ട്, ഫാ. കുര്യൻ പുരമഠം, ഫാ. റോയി തേക്കുംകാട്ടിൽ, ഫാ. റോണി പോൾ കാവിൽ, ഫാ. വിൽസൺ മൂട്ടത്തുകുന്നേൽ, സി. ആൻജോ എസ്.എച്ച്., ഡോ. അബ്രാഹം ജേക്കബ്, പ്രൊഫ. ചാക്കോ കാളംപറമ്പിൽ, പ്രൊഫ. ഷാന്റി ജോസ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഫാ. ജോസ് പെണ്ണാപറമ്പിൽ, സജീവ് - ഷീബ പുരയിടത്തിൽ, ഡോ. അരുൺ -ഡോ. ചിന്നു, തോമസ്-ഏലിക്കുട്ടി വെട്ടത്ത് എന്നിവരുടെ നേതൃത്വത്തിൽ ഫാമിലി ചാറ്റ് നടത്തി. കോഴ്സിൽ പങ്കെടുത്ത വിവാഹാർത്ഥികളോട് ചോദ്യങ്ങൾ ചോദിക്കുകയും അവരുടെ ചോദ്യങ്ങൾക്ക് ടീം അംഗങ്ങൾ മറുപടി നൽകുകയും ചെയ്തു. കോഴ്സിന്റെ അവസാനദിവസം മാതാപിതാക്കൾക്ക് ഫാ. ജോസ് പെണ്ണാപറമ്പിൽ, മിസ്റ്റർ ജോൺസൺ പൂവ്വത്തിങ്കൽ എന്നിവർ ക്ലാസുകൾ എടുത്തു 120- ഓളം മാതാപിതാക്കൾ പങ്കെടുത്തു. ക്ലാസ്സ് 5 മണിയോടെ അവസാനിച്ചു. എം.എസ്.എം.ഐ സന്ന്യാസിനി സമൂഹത്തിലെ സിസ്റ്റേഴ്സ്, മിസ്റ്റർ തോമസ് പുലിക്കോട്ടിൽ എന്നിവർ കൗൺസിലിംഗിനു നേതൃത്വം നല്കി.

**അടുത്ത പ്രീ - കാനാ കോഴ്സുകൾ**

**മാർച്ച് 09 - 11, മാർച്ച് 30 - ഏപ്രിൽ 1**

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്

# മദ്യവിരുദ്ധ സമിതി

## സംസ്ഥാന സമ്മേളനം

തൃശൂരിൽവെച്ചു നടന്ന കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന സമ്മേളനത്തിൽ താമരശ്ശേരി രൂപതയിൽ നിന്ന് പ്രതിനിധികൾ പങ്കെടുക്കുകയും രൂപതാ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. കേരളത്തിലെ എല്ലാ രൂപതകളിൽ നിന്നും പ്രതിനിധികൾ സംബന്ധിച്ച സമ്മേളനം പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.

പതിനഞ്ചോളം പേരടങ്ങുന്ന രൂപതാ ഭാരവാഹികളുടെയും രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെയും ടീമാണ് താമരശ്ശേരി രൂപതയിൽ നിന്ന് സമ്മേളന വേദിയിലെത്തിയത്. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന ചെയർമാൻ ബിഷപ്പ് യുഹാനോൻ മാർ തിയോഡോഷ്യസ് അദ്ധ്യക്ഷത വഹിച്ച സമ്മേളത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി റവ. ഫാ. ജോൺ അരീക്കൽ, ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ബിഷപ്പ് മാർ ടോണി നീലങ്കാവിൽ, ബിഷപ്പ് മാർ അപ്രേം മേത്രാപ്പോലീത്ത, റവ. ഫാ. പോൾ കാരച്ചിറ, മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി, ശ്രീ. ടി. എൻ. പ്രതാപൻ എം.പി., ശ്രീ. വി. എം. സുധീരൻ, സംസ്ഥാന സെക്രട്ടറി ശ്രീ. രാജൻ ഉറുമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.

## രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി

താമരശ്ശേരി രൂപത കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ഓഫീസിൽ വെച്ചു നടന്ന രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം രൂപത ഡയറക്ടർ ഉദ്ഘാടനം ചെയ്തു. വ്യക്തിത്വ വികസന ക്ലബ്ബ് ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി. മികച്ച സ്കൂളുകളെ കണ്ടെത്തി സമ്മാനങ്ങൾ നൽകുക, കുടുംബ നവീകരണ വർഷത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ മാർച്ച് 8ന് ആരംഭിക്കുന്ന വാഹന പ്രചരണ ജാഥക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക. എന്നിങ്ങനെയായിരുന്നു തീരുമാനങ്ങൾ.

## സ്കൂൾ സന്ദർശനം

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെയും രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും ആഭിമുഖ്യത്തിൽ സ്കൂളുകളിൽ ലഹരി വ്യാപനത്തിനെതിരെ പ്രവർത്തിക്കുന്ന വ്യക്തിത്വ വികസന ക്ലബ്ബുകളിൽ മികച്ച ക്ലബ്ബുകളെ കണ്ടെത്തി ആദരിക്കുന്നതിനും പ്രോത്സാഹനങ്ങൽ നൽകുന്നതിനുമായി സ്കൂൾതല സന്ദർശനങ്ങൾ നടത്തി. മികച്ച ക്ലബ്ബുകൾ പ്രവർത്തിക്കുന്ന സ്കൂളു

കളെ കണ്ടെത്തുകയും ക്ലബ്ബ് ഫലപ്രദമായി പ്രവർത്തിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ശ്രീ. രാജൻ ഉറുമ്പിൽ, ശ്രീ. ജോയിക്കുട്ടി ലൂക്കോസ്, ശ്രീ. ടി.ടി. തോമസ്, ശ്രീ. എൻ.വി. അബ്രാഹം എന്നിവരടങ്ങിയ ടീമാണ് സ്കൂളുകൾ സന്ദർശിച്ചത്

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
ഡയറക്ടർ, മദ്യവിരുദ്ധസമിതി

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

2020 ഫെബ്രുവരി 8-ാം തീയതി CC പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ദേവഗിരി ഒസ്സാനാം ഭവനിൽ വച്ച് രൂപതാ കമ്മിറ്റി കൂടുകയുണ്ടായി. 11 ഏരിയ കൗൺസിലിൽ നിന്ന് പ്രതിനിധികളും സെൻട്രൽ കൗൺസിൽ ബോർഡ് മെമ്പർമാരും പങ്കെടുത്തു.

ജപമാല പ്രാർത്ഥനക്കു ശേഷം CC പ്രസിഡന്റ് പ്രാരംഭ പ്രാർത്ഥന നടത്തി. തുടർന്ന് മാങ്കാവ് സെന്റ് ജോസഫ്സ് പള്ളി വികാരി റവ. ഫാ. റോണി പോൾ കാവിൽ വിശുദ്ധ ഗ്രന്ഥത്തിൽ നിന്ന് ജ്ഞാനവായന നടത്തി വചനം പങ്കുവച്ചു.

തിരുവമ്പാടി ഏരിയാ കൗൺസിൽ ചികിത്സ, വിദ്യാഭ്യാസം, ഭക്ഷണം എന്നീ ഇനങ്ങളിലായി 50000/- രൂപ ചിലവഴിച്ചതായി റിപ്പോർട്ടു ചെയ്തു. പുല്ലൂരാംപാറ ഇടവകയിൽ 2 വീടുകളുടെ പണി ആരംഭിച്ചുവെന്നും അതിൽ ഒരെണ്ണം സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി നേരിട്ടു ചെയ്യുന്നുവെന്നും യോഗത്തെ അറിയിച്ചു. തിരുവമ്പാടി യൂത്ത് കോൺഫ്രൻസ് നിർമ്മിക്കുന്ന ഭവനത്തിന്റെ ജോലികൾ പുരോഗമിക്കുന്നുണ്ടെന്നും ഇടവക ജനം സഹകരിക്കുന്നുണ്ടെന്നും റിപ്പോർട്ട് ചെയ്യപ്പെട്ടു.

സൊസൈറ്റിയിൽ പുതിയതായി ചേർന്ന അംഗങ്ങൾക്കായി സ്നേഹാലയത്തിൽ വച്ച് ഒരു സെമിനാർ നടത്തി. തിരുവമ്പാടി ഏരിയാ കൗൺസിൽ സെമിനാർ മാർച്ച് 21 ന് ആനക്കാംപൊയിലിൽ വച്ച് നടത്തു വാൻ തീരുമാനിച്ചതായും AC പ്രസിഡന്റ് ബ്രദർ അബ്രഹാം കുംബ്ലാനിക്കൽ CC യിൽ റിപ്പോർട്ടുചെയ്തു.

കൂടരഞ്ഞി ഏരിയാ കൗൺസിൽ സെമിനാർ ഫെബ്രുവരി 1 ന് മുക്കം സേക്രട്ട് ഹാർട്ട് പള്ളിയിൽ നടന്നുവെന്നും ഫാ. തോമസ് നാഗപറമ്പിൽ ഉദ്ഘാടനം ചെയ്ത സെമിനാറിൽ ഫാ. ജോൺസൺ പാഴുകുന്നേൽ ക്ലാസ്

എടുക്കുകയും CC യുടെ വൈസ് പ്രസിഡന്റ് ബ്രദർ കുരിയാക്കോസ് കുറുവാച്ചിറ ഏരീയാ കൗൺസിൽ പ്രസിഡന്റ് ബ്രദർ ജോയി വർഗ്ഗീസ് എന്നിവർ സംസാരിച്ചതായും AC പ്രസിഡന്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

തുടർന്ന് എല്ലാ ഏരിയാ കൗൺസിൽ പ്രസിഡന്റുമാരും CC യുടെ ഭാരവാഹികളും അവരുടെ പ്രവർത്തനങ്ങൾ യോഗത്തിൽ വിശദീകരിച്ചു.

പിന്നീട് സംസാരിച്ച CC പ്രസിഡന്റ് രൂപത ആചരിക്കുന്ന കുടുംബ നവീകരണ വർഷത്തെക്കുറിച്ചും ഫെബ്രുവരി മാസത്തിൽ സൊസൈറ്റി അംഗങ്ങൾ അവരവരുടെ ഇടവകകളിൽ പ്രവർത്തിക്കേണ്ട കാര്യങ്ങളെ ക്കുറിച്ചും സംസാരിച്ചു. കിടപ്പുരോഗികളെ ദൈവാലയത്തിലേയ്ക്ക് കൊണ്ടുവന്ന് കുമ്പസാരം വിശുദ്ധ കുർബാന എന്നിവ നൽകണമെന്നും, രോഗികളെ ഭവനങ്ങളിൽ പോയി സന്ദർശിക്കണമെന്നും അവരുടെ മാനസിക ഉല്ലാസത്തിനുവേണ്ടി ചെയ്യാൻ സാധിക്കുന്ന എല്ലാ കാര്യങ്ങളും ഇടവകവികാരിയച്ചനുമായി സംസാരിച്ച് പ്രവർത്തിക്കണമെന്നും നിർദ്ദേശിച്ചു.

മസങ്ങളായി ശമ്പളം ലഭിക്കാതെ കഷ്ടപ്പെടുന്ന അന്യസംസ്ഥാന ജോലിക്കാരുടെ കാര്യത്തിൽ ഇടപെട്ട് കലക്ടറുമായി ബന്ധപ്പെട്ട് അവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന കാര്യം സൊസൈറ്റിയുടെ ബോർഡ് മെമ്പർ സഹോദരി അൽഫോൻസാ മാത്യു യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# ഫ്രാൻസിസ്ക്കൻ അൽമായ സഭ താമരശ്ശേരി രൂപത

ഏകപിതാവിന്റെ സൃഷ്ടികളായ സർവ്വചരാചരങ്ങളെയും സഹോദരീ സഹോദരന്മാരായി കണ്ട് അവയെ ഹൃദയത്തോട് ചേർത്ത്, ഒരൊറ്റ കുടക്കീഴിൽ കൊണ്ടുവന്നവനാണ് അസീസ്സിയിലെ വി. ഫ്രാൻസിസ്. വർഗ്ഗീയത അസഹിഷ്ണുത, യുദ്ധങ്ങൾ, പരിസ്ഥിതി നാശം തുടങ്ങിയ ഇന്നിന്റെ കീറാമുട്ടികളായ എല്ലാ പ്രശ്നങ്ങൾക്കും ഒറ്റമൂലിയായി അസീസ്സി പുണ്യവാളനെ ദൈവം ലോകത്തിന് സമ്മാനിച്ചു. ക്രിസ്തുവിന്റെ സുവിശേഷം ജീവിതമാക്കിയ ഫ്രാൻസിസ്സ് പിതാവിന്റെ വിശുദ്ധി SFO യിലൂടെ പ്രോജ്വലമാക്കപ്പെടട്ടെ.

താമരശ്ശേരി രൂപതയിൽ എല്ലാ ഇടവകകളിലും SFO യൂണിറ്റുകൾ രൂപീകരിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ അനിർവാര്യതയാണെന്ന് ദൈവജനത്തെ ഉദ്ബോധിപ്പിച്ചുകൊണ്ട് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ

റെമിജീയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ സർക്കുലർ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലിമദ്ധ്യേ വായിക്കുകയുണ്ടായി. ഇത് SFO ക്ക് കിട്ടാവുന്നതിൽ ഏറ്റവും വലിയ അംഗീകാരമായി. പ്രസ്തുത സർക്കുലർ ഉൾപ്പെടുത്തി പേരാമ്പ്ര റീജിയന്റെ പ്രഥമ 'മുഖപത്രം' പുറത്തിറക്കാൻ സാധിച്ചത് ദൈവാനുഗ്രഹമായി കാണുന്നു.

### ന്യൂമിഷൻ

ന്യൂമിഷന്റെ ഭാഗമായി താമരശ്ശേരി രൂപതയിൽ കല്ലാനോട്, ഈരൂട്, കൂടത്തായി എന്നീ ഇടവകകളിൽ SFO യൂണിറ്റുകൾ തുടങ്ങി. ഫെബ്രുവരി 21 ന് ഈ മൂന്ന് യൂണിറ്റുകളിലും അഖണ്ഡജപമാല നടത്തപ്പെട്ടു. ബഹു. ജോൺ ബോസ്കോ കപ്പൂച്ചിൻ, ബ്രദർ അപ്പച്ചൻ പഴുക്കാക്കുളം, ബ്രദർ ജോർജ് മുണ്ടക്കൽ എന്നിവർ നേതൃത്വം നല്കി. പേരാമ്പ്ര യൂണിറ്റിൽ ഫെബ്രുവരി 20 ന് ബഹു. ബോസ്കോ കപ്പൂച്ചിന്റെയും, ബഹു. ജോസുകുട്ടി കരിങ്ങട കപ്പൂച്ചിന്റെയും നേതൃത്വത്തിൽ അഖണ്ഡജപമാലയും സെമിനാറും നടത്തുകയുണ്ടായി. എല്ലാ യൂണിറ്റുകളിലും 12 മണിക്കൂർ അഖണ്ഡജപമാല ചൊല്ലി പ്രാർത്ഥിച്ച് കർത്താവിന്റെ ഉയിർപ്പുതിരുനാളിന് ഒരുങ്ങിയിരിക്കാൻ തീരുമാനിച്ചു. ഏവർക്കും അമ്പതു നോമ്പിന്റെ ആശംസകൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.

**ഫാ. ജോസ് മാത്യു കരിങ്ങിടയിൽ OFM Cap**
താമരശ്ശേരി രൂപത, ആത്മീയ സഹായി

## മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

### ബോധവത്ക്കരണ സെമിനാർ നടത്തി

കൂടത്തായി സെന്റ് മേരീസ്ദേവാലയത്തിൽ വച്ച് പ്രണയം നടിച്ചുകൊണ്ടുള്ള നിർബന്ധിത മതപരിവർത്തനം നടക്കുന്ന സാഹചര്യത്തിൽ വിശ്വാസികളെ ബോധവത്ക്കരിക്കുന്നതിനായി ഹൈസ്ക്കൂൾ കുട്ടികൾക്കും, യുവജനങ്ങൾക്കും മാതാപിതാക്കൾക്കുംവേണ്ടി ഏകദിന സെമിനാർ നടത്തി. വികാരി ഫാ. ജോസ് എടപ്പാടി സി.എം.ഐ സെമിനാർ ഉദ്ഘാടനം ചെയ്തു. ഫാമിലി അപ്പസ്തൊലേറ്റ് ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ ക്ലാസ്സ് നയിച്ചു. മുന്നൂറോളം പേർ പങ്കെടുത്തു.

### പോസ്റ്റ്കാനാ കോഴ്സ് നടത്തി

കോടഞ്ചേരി സെന്റ് മേരീസ് ഫൊറോനാ ദേവാലയത്തിൽ കുടുംബവർഷത്തോടനുബന്ധിച്ച് 2010-നു ശേഷം വിവാഹിതരായവർക്കുവേണ്ടി ദമ്പതീശ

ക്തീകരണ സെമിനാർ നടത്തി. സമ്പത്തിന്റെ വിനിയോഗം, എങ്ങനെ കുട്ടികളെ നല്ലവരായി വളർത്താം, ദമ്പതിമാരെ എങ്ങനെ ശക്തീകരിക്കാം, വൈകാരിക പക്വത എന്നീ വിഷയങ്ങളെ അധികരിച്ച് രൂപതാ ഫാമിലി അപ്പസ്തൊലേറ്റ് ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ ക്ലാസ്സ് നയിച്ചു. ഫൊറോനാ വികാരി ഫാ. തോമസ് നാഗപറമ്പിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. പ്രോ-ലൈഫ് രൂപതാ സെക്രട്ടറി ശ്രീ. ജോൺസൺ തെങ്ങുംതോട്ടത്തിൽ അദ്ധ്യക്ഷനായിരുന്നു. പ്രോ-ലൈഫ് രൂപതാ എക്സിക്യൂട്ടീവ് അംഗം മാർട്ടിൻ റ്റി.ഡി. സ്വാഗതവും, യൂണിറ്റ് സെക്രട്ടറി സിബി പുളിമൂട്ടിൽ നന്ദിയും പറഞ്ഞു. സെമിനാർ ഞായറാഴ്ച വി. കുർബ്ബാനയോടുകൂടി ആരംഭിച്ചു. ദമ്പതിമാരെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ചനടത്തുകയും ടീം ലീഡേഴ്സ് റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. കുടുംബങ്ങളുടെ ആദ്ധ്യാത്മികവും വൈകാരികവുമായ അവസ്ഥയെ കണ്ടുപിടിക്കുന്നതിനായി ദമ്പതിമാർക്ക് പ്രത്യേകം ചോദ്യാവലികൾ പൂരിപ്പിക്കുന്നതിനായി നൽകിയിരുന്നു. 2010-നും 2020-നുമിടയിൽ വിവാഹിതരായവർക്കുവേണ്ടയാണ് സെമിനാർ സംഘടിപ്പിച്ചത്. ദമ്പതിമാരെ 10 വർഷം വീതമുള്ള വിവിധ ഗ്രൂപ്പുകളായി തിരിച്ചാണ് ഈ കുടുംബവർഷത്തിൽ ദമ്പതീശക്തീകരണ സെമിനാർ കോടഞ്ചേരി ഇടവകയിൽ സംഘടിപ്പിക്കുന്നതെന്ന് വികാരി ഫാ. തോമസ് നാഗപറമ്പിൽ പറഞ്ഞു. അടുത്ത സെമിനാർ 2000-നും-2010-ത്തിനുമിടയ്ക്ക് വിവാഹിതരായവർക്കുവേണ്ടിയാണ്.

സാമാനമായ രീതിയിൽ വലിയകൊല്ലി സെന്റ് അൽഫോൻസാ ദേവാലയത്തിലും ദമ്പതീശക്തീകരണ സെമിനാർ നടത്തി. രൂപതാ ഫാമിലി അപ്പസ്തൊലേറ്റ് ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ ക്ലാസ്സുകൾ നയിച്ചു. വികാരി ഫാ. ഷിജു ചെമ്പുതൂക്കിയിൽ ഉദ്ഘാടനം ചെയ്തു.

### പ്രോ-ലൈഫ് സമിതിയുടെ നേതൃത്വത്തിൽ പ്രതിഷേധ റാലി

ഗർഭഛിദ്രം 24 ആഴ്ചവരെ നീട്ടാൻ കേന്ദ്രസർക്കാർ അനുമതി നൽകിയതിനെതിരെ മലബാർ മേഖല പ്രോ-ലൈഫ് സമിതിയുടെ ആഭിമുഖ്യത്തിൽ വായ്മൂടിക്കെട്ടി സംയുക്തപ്രതിഷേധ റാലി നടത്തി. കോഴിക്കോട്, താമരശ്ശേരി, ബത്തേരി രൂപതകളിലെ പ്രോ-ലൈഫേഴ്സ്, ജീസസ് യൂത്ത്, മാതൃവേദി, പിതൃവേദി, എ.കെസി.സി, വിൻസെന്റ് ഡി പോൾ, മിഷൻലീഗ് തുടങ്ങിയ വിവിധ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിലാണ് ജനുവരി 31-ാം തീയ്യതി കോഴിക്കോട് ക്രിസ്ത്യൻ കോളേജിനടുത്തുള്ള സെന്റ് ജോസഫ് പള്ളിയിൽനിന്ന് മാനാഞ്ചിറ കിഡ്സൺ കോർണർ വരെ ഇരുനൂറോളം പ്രവർത്തകർ പങ്കെടുത്ത പ്രതിഷേധ റാലി സംഘടിപ്പിച്ചത്. കെ.സി.ബി.സി. പ്രോ-ലൈഫ് മലബാർ മേഖലാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, കോഴിക്കോട് സെന്റ് ജോസഫ് പള്ളി വികാരി ഫാ. ജിജു പള്ളിപറമ്പിൽ, കെ.സി.ബി.സി. പ്രോ-ലൈഫ് സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി ഷിബു കൊച്ചുപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

## താമരശ്ശേരി രൂപത പ്രോ-ലൈഫ് പ്രതിഷേധിച്ചു

**തിരുവാമ്പാടി:** ഗർഭഛിദ്രം 24 ആഴ്ചവരെ നീട്ടാൻ കേന്ദ്രസർക്കാർ അനുമതി നൽകിയതിനെതിരെ താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് പ്രവർത്തകർ തിരിതെളിച്ച് പ്രതിഷേധ റാലി നടത്തി. തെരുവുനായ്ക്കളെ സംരക്ഷിക്കാൻ നിരവധി സാമൂഹ്യസംഘടനകൾ രംഗത്തുവന്ന് വാദിക്കുമ്പോഴും അമ്മയുടെ ഉദരത്തിൽവച്ച് വധിക്കപ്പെടുന്ന മനുഷ്യജീവനെ സംരക്ഷിക്കാൻ ശബ്ദമില്ലാവരുടെ ശബ്ദമാകാൻ അവരുടെ ജീവനുവേണ്ടി വാദിക്കാൻ ആരുമില്ലായെന്നത് ഹൃദയഭേദകമായ അവസ്ഥയാണെന്ന് റാലി ഉദ്ഘാടനം ചെയ്ത താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പറഞ്ഞു. റാലിയിൽ രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, തിരുവാമ്പാടി ഫോറോനാ വികാരി ഫാ. ജോസ് ഓലിയക്കാട്ടിൽ, അസി. വികാരി ഫാ. അലക്സ് പനച്ചിക്കൽ, രൂപതാ പ്രസിഡന്റ് സജീവ് പുരയിടത്തിൽ, സെക്രട്ടറി ജോൺസൺ തെങ്ങുംതോട്ടത്തിൽ, ട്രഷറർ ഡോ. സന്തോഷ് നൂറനാനിയിൽ, ആനിമേറ്റർ സി. റോസ് മേരി സി.എം.സി, കെ.സി.ബി.സി. പ്രോ-ലൈഫ് സംസ്ഥാന ട്രഷറർ ടോമി പ്ലാത്തോട്ടം, കെ.സി.ബി.സി. പ്രോ-ലൈഫ് സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി ഷിബു കൊച്ചുപറമ്പിൽ, രൂപതാ എക്സിക്യുട്ടീവ് അംഗങ്ങൾ, രൂപതയിലെ വിവിധ പ്രോ-ലൈഫ് സെൽ ഭാരവാഹികൾ എന്നിവർ തിരിതെളിച്ച് പ്രോ-ലൈഫ് പ്രതിജ്ഞ ചൊല്ലി കേന്ദ്രസർക്കാർ പ്രസ്തുത അനുമതി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടു. റാലിയിൽ 200-ൽ പരം ആളുകൾ പങ്കെടുത്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ്

# അൽഫോൻസ കോളേജ് തിരുവമ്പാടി

## റാങ്ക് ജേതാവ് ജ്യോതിക ബെന്നിക്ക് ആദരം

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കഴിഞ്ഞ വർഷത്തെ B A ഇംഗ്ലീഷ് ബിരുദ പരീക്ഷയിൽ ഒന്നാം റാങ്ക് നേടിക്കൊണ്ട് കോളേജിന്റെ യശസ്സുയർത്തിയ വിദ്യാർത്ഥി പ്രതിഭ കുമാരി ജ്യോതിക ബെന്നിക്ക് ആദരവും, അഭിനന്ദനവും അർപ്പിച്ചുകൊണ്ട് മാനേജ്മെന്റിന്റെ ആഭി മുഖ്യത്തിൽ അനുമോദന സമ്മേളനം നടത്തി. കോളേജിന്റെ രക്ഷാധികാരി ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും റാങ്ക് ജേതാവ് കുമാരി ജ്യോതിക ബെന്നിയെ ഉപഹാരം നൽകി ആദരിക്കുകയും ചെയ്തു. മാനേജർ റവ. ഫാ. സ്കറിയ മങ്ങരയിൽ ആധ്യക്ഷ്യം വഹിച്ചു

പ്രിൻസിപ്പൽ ഡോ. കെ വി ചാക്കോ മുഖ്യപ്രഭാക്ഷണം നടത്തി. വൈസ് പ്രിൻസിപ്പൽ റവ. ഫാ. കുര്യൻ താന്നിക്കൽ, സ്റ്റാഫ് സെക്രട്ടറി സെബാസ്റ്റ്യൻ ചെറിയാൻ, ഫാ. ജിയോ മാത്യു സിസ്റ്റർ അർപ്പിത സി എം സി, സാനി തോമസ് , ബെർണാഡ് ജോസ്, ജ്യോതിക ബെന്നി യൂണിയൻ ചെയർമാൻ ധീരജ് മാത്യു ബേസിൽ എന്നിവർ പ്രസംഗിച്ചു.

### കരിയർ ഗൈഡൻസ് സെമിനാർ

കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഏകദിന കരിയർ ഗൈഡൻസ് സെമിനാർ നടത്തി. ബിരുദത്തോടൊപ്പം ജോലിയും എന്ന തുടർപദ്ധതിയുടെ ഭാഗമായിട്ടാണ് സെമിനാർ സംഘടിപ്പിച്ചത്. എഡ്യൂസോൺ കരിയർ കൺസൾട്ടന്റ് സോണി വർഗ്ഗീസ് സെമിനാറിൽ ക്ലാസ്സെടുത്തു. പ്രിൻസിപ്പൽ ഡോ. കെ.വി ചാക്കോ സെമിനാർ ഉദ്ഘാടനം ചെയ്തു, വൈസ് പ്രിൻസിപ്പൽ റവ. ഫാദർ കുര്യൻ താന്നിക്കൽ, കൊമേഴ്സ് വിഭാഗം മേധാവി സാനി തോമസ്, ആൻമരിയ ജോസഫ് വിദ്യാർത്ഥി പ്രതിനിധികളായ ടിൻസി പി.ടി, ജെറിൻ ജോസഫ് എന്നിവർ പ്രസംഗിച്ചു.

### സ്റ്റേറ്റ് വെലൽ സൈക്കോളജി സെമിനാർ

ചാത്ത**മംഗലം** M E S കോളേജ് സൈക്കോളജി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സ്റ്റേറ്റ് വെലൽ സൈക്കോളജി സെമി നാറിൽ ഒൻപത് വിദ്യാർത്ഥികൾ വിജയകരമായി പങ്കെടുത്ത് മെറിറ്റ് സർട്ടിഫിക്കറ്റ് നേടി.

### ഗിന്നസ് വേൾഡ് നൃത്ത മത്സരം

ഗിന്നസ് വേൾഡ് റെക്കോഡിനുവേണ്ടി തൃശൂർ തേക്കിൻകാട് മൈതാനത്ത് സംഘടിപ്പിച്ച, അയ്യായിരം നർത്തകരെ ഒന്നിച്ചണിനിരത്തി ക്കൊണ്ടുള്ള മോഹിനിയാട്ട മത്സരത്തിൽ പങ്കെടുത്തുകൊണ്ട് ആദിത്യ ബാബു, അഖില എം എന്നീ വിദ്യാർത്ഥിനികൾ ഗിന്നസ് വേൾഡ് റെക്കോഡ് പട്ടികയിൽ സ്ഥാനം പിടിക്കുകയും മെറിറ്റ് സർട്ടിഫിക്കറ്റിന് അർഹത നേടുകയും ചെയ്തു.

### സ്റ്റേറ്റ് വെലൽ ലിറ്ററി ഫെസ്റ്റ്

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ സ്റ്റേറ്റ് ലെവൽ ഇന്റർ കോളേജിയേറ്റ് ലിറ്ററി ഫെസ്റ്റ് വിവിധ പരിപാടികളോടെ നടത്തി. ഫെസ്റ്റിന്റെ ഭാഗമായി പ്രസംഗം, ക്വിസ് എന്നിവയിൽ മത്സരങ്ങളും, ചാറ്റ്, ആർട്സ് ആന്റ് ഫുഡ് എക്സിബിഷൻ , വിവിധ കലാപരിപാടികൾ ഫാളാഷ് മോബ് എന്നിവയും നടത്തി. മത്സര വിജയികൾക്ക് ക്യാഷ് അവാർഡും നൽകി.

ചാറ്റ് ഓൺ ലിറ്ററേറിയ പ്രോഗ്രാമിൽ സാഹിത്യകാരനായ കൂമ്പാറ ബേബി, ചിത്രകാരി സിസ്റ്റർ സാന്ദ്ര സോണിയ S F N, ചിത്രകാരൻ ജസ്റ്റിൻ കൂടരഞ്ഞി, പാചക വിദഗ്ദ്ധ റിൻസി ജോൺസൺ, സംഗീതജ്ഞൻ ജെസ്റ്റോ ജോസഫ് എന്നിവർ പങ്കെടുത്തു. റവ. ഫാദർ ജോർജ് തെക്കേക്കരമറ്റം, റവ ഫാദർ ജോർജ്

പുതുശ്ശേരിപുത്തൻപുര എന്നിവർ പാനൽ ചർച്ചയിൽ മോഡറേറ്റർമാരായിരുന്നു. ആർട് എക്സിബിഷന്റെ ഭാഗമായി സിസ്റ്റർ സാന്ദ്ര സോണിയ, ജെസ്റ്റോ ജോസഫ് എന്നിവരുടെ ചിത്രരചനകളുടെ പ്രദർശനവും നടത്തി. ഫുഡ് ഫെസ്റ്റിന്റെ ഭാഗമായി രുചികരമായ ഭക്ഷണ വിഭവങ്ങൾ അടങ്ങിയ ഭക്ഷണ സ്റ്റാളുകളും ഒരുക്കി. വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾ ഫെസ്റ്റിൽ പങ്കടുത്തു. തിരുവമ്പാടി, കൂടരഞ്ഞി തുടങ്ങി സമീപപ്രദേശങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും നിരവധി വിദ്യാർത്ഥികൾ ആർട്ട് എക്സിബിഷൻ കാണാനെത്തിയിരുന്നു.

മാനേജർ റവ. ഫാദർ സ്കറിയ മങ്ങരയിൽ ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. പ്രൻസിപ്പൽ ഡോ. കെ. വി. ചാക്കോ ആധ്യക്ഷ്യം വഹിച്ചു. വൈസ് പ്രിൻസിപ്പൽ ഫാദർ കുര്യൻ താന്നിക്കൽ, കോ-ഓർഡിനേറ്റർ മാരായ സെബാസ്റ്റ്യൻ ചെറിയാൻ, ബെർണാഡ് ജോസ്, ഫാദർ ജിയോ മാത്യു, യൂണിയൻ ചെയർമാൻ ധീരജ് മാത്യു ബേസിൽ, ജോർജ് ജോസഫ് ഇഗ്നേഷ്യസ്, എന്നിവർ പ്രസംഗിച്ചു. ഷീബമോൾ ജോസഫ്, ദീപ ഡോമിനിക്ക്, റോബിൻ ജോർജ്, ആൽബിൻ ജോബി, സ്നേഹ സുനിൽ എന്നിവർ നേതൃത്വം നൽകി.

**പ്രസംഗമത്സരത്തിൽ** മണാശ്ശേരി MAMO കോളേജ് ഒന്നും, രണ്ടും സ്ഥാനങ്ങൾ നേടി. കൈതപ്പൊയിൽ ലിസ കോളേജ് മൂന്നാം സ്ഥാനം നേടി.

**ക്വിസ് മത്സരത്തിൽ** ദേവഗിരി സെന്റ് ജോസഫ്സ് കോളേജ് ഒന്നാം സ്ഥാനവും, മണാശ്ശേരി MAMO കോളേജ് രണ്ടാം സ്ഥാനവും, തിരുവമ്പാടി അൽഫോൻസ കോളേജ് മൂന്നാം സ്ഥാനവും നേടി.

**റവ. ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

ALPHA

## ആൽഫ മരിയ അക്കാദമി

### മെഡിക്കൽ, എഞ്ചിനിയറിംഗ് എൻട്രൻസ് ക്രാഷ് കോഴ്സ് ആൽഫ യിൽ 2020 മാർച്ച് 28 ന് ആരംഭിക്കുന്നു

ആൽഫ മരിയ അക്കാദമിയുടെ തിരുവമ്പാടി സെന്ററിൽ മെഡിക്കൽ, എഞ്ചിനിയറിംഗ് എൻട്രൻസ് പരീക്ഷയ്ക്കുള്ള ക്രാഷ് കോഴ്സ് 2020 മാർച്ച് 28 ന് ആരംഭിക്കും. KEAM, NEET, JEE Main – തുടങ്ങിയ പ്രവേശന പരീക്ഷകൾക്കുള്ള തീവ്ര പരിശീലനമാണ് നൽകുന്നത്. മെഡിക്കൽ, എഞ്ചിനിയറിംഗ് എൻട്രൻസ് പരീക്ഷാരംഗത്ത് ഇന്ത്യയിലെ മികച്ച

സ്ഥാപനങ്ങളിലൊന്നായ ബ്രില്ല്യന്റ് പാലായുടെ ഗൈഡൻസിലും നിയന്ത്രണത്തിലുമുള്ള പരിശീലനമായിരിക്കും ആൽഫയിൽ നൽകുക. മെഡിക്കൽ, എഞ്ചിനിയറിംഗ് എൻട്രൻസ് പരീക്ഷയ്ക്ക് പ്രത്യേകമായി പരിശീലനം ഉണ്ടായിരിക്കും. മുൻകൂട്ടി അറിയിക്കുന്നവർക്ക് ഹോസ്റ്റൽ സൗകര്യം ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: 0495-2252180, 9497567689, 8547153669

### പ്രവേശന പരീക്ഷ (IIT Madrass HSEE, CLAT, CUCET, TISS, EFLU etc.)

ആൽഫ മരിയ അക്കാദമിയുടെ കുന്ദമംഗലം സെന്ററിൽ ഹ്യൂമാ നിറ്റീസ്, കൊമേഴ്സ് വിഷയങ്ങളെ ആസ്പദമാക്കി IIT Madrass HSEE, CLAT, CUCET, TISS, EFLU തുടങ്ങിയ യൂണിവേഴ്സിറ്റിയിലേക്കുള്ള പ്രവേശന പരീക്ഷ പരിശീലനം 2020 മാർച്ച് 28 ന് ആരംഭിക്കും. ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം ഉണ്ടായിരിക്കുന്ന താണ്. കൂടുതൽ വിവരങ്ങൾക്ക്: 0495-2800440, 9745745060, 9497567689

### LPSA,UPSA പരിശീലനം

തിരുവമ്പാടി: PSC നടത്തുന്ന അദ്ധ്യാപകർക്കായുള്ള LPSA,UPSA പരിശീലനം തിരുവമ്പാടി ആൽഫ മരിയ അക്കാദമിയിൽ മാർച്ച് 14 ന് ആരംഭിക്കുന്നു. എല്ലാ ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചകളിലും രാവിലെ 10 മുതൽ 2.30 മണി വരെയാണ് ക്ലാസുകൾ.

### കെ.ടെറ്റ് പരിശീലനം

തിരുവമ്പാടി: അധ്യാപക നിയമനങ്ങൾക്ക് K-TET നിർബന്ധമാക്കിയിരിക്കുന്നതിനാൽ അധ്യാപകരുടെ സൗകര്യാർത്ഥം അവധിക്കാലത്ത് K-TET ന്റെ (Category I, II, III) തീവ്ര പരിശീലനം ഏപ്രിൽ 4 മുതൽ ആൽഫയുടെ തിരുവമ്പാടി സെന്ററിൽ ആരംഭിക്കുന്നു. കൂടുതൽ വിവര ങ്ങൾക്ക് 0495-2252180, 9447494190

### +1,and +2 അഡ്മിഷൻ (എൻട്രൻസ് പരിശീലനവും ട്യൂഷനും)

Plus Two Science Entrance Oriented Tuition ക്ലാസുകൾ ഏപ്രിൽ 6 നും Plus One Science ക്ലാസുകൾ മെയ് 4 നും ആൽഫയുടെ തിരുവമ്പാടി സെന്റ റിൽ ആരംഭിക്കുന്നു.

### PSC / Bank Crash Course

2020 ഏപ്രിൽ 6-ാം തീയതി മുതൽ മെയ് 30 വരെ PSC തീവ്ര പരിശീലനം ആൽഫയുടെ തിരുവമ്പാടി സെന്ററിൽ നടക്കുന്നു. തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെയാണ് ക്ലാസുകൾ.

### Vacation Class - 2020 (UP & HS)

UP and HS വിദ്യാർത്ഥികൾക്കായുള്ള വെക്കേഷൻ ക്ലാസുകൾ ഏപ്രിൽ 13-ാം തീയതി തിരുവമ്പാടി സെന്ററിൽ ആരംഭിക്കുന്നു. (Basic Maths, Hindi, English and Malayalam).

**High School Tuitions (Kerala, CBSE & ICSE)**

10th ട്യൂഷൻ ക്ലാസുകൾ ഏപ്രിൽ 6 മുതലും 8, 9 ലേക്കുള്ള ട്യൂഷൻ ക്ലാസുകൾ മെയ് 4 മുതലും ആരംഭിക്കുന്നു.

**ഫാ. തോമസ് പുതിയാപറമ്പിൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# മാതൃവേദി

രൂപത ഭാരവാഹികൾ ബഹു. ഡയറക്ടർ അച്ചനോടും ആനിമേറ്റർ സിസ്റ്ററിനോടുമൊപ്പം അഭിവന്ദ്യ മാർ റെമീജിയോസ് പിതാവിനെ സന്ദർശിക്കുകയും രൂപത മാതൃവേദിയുടെ പ്രവർത്തനങ്ങൾ വിലയിരു ത്തുകയും ചെയ്തു. ഇന്റർനാഷണൽ മാതൃവേദിയുടെ എക്സലൻസ് അവാർഡ് നേടിയ രൂപത ടീമിനെ പിതാവ് അഭിനന്ദനങ്ങൾ അറിയിച്ചു.

അഭിവന്ദ്യ മാർ ചിറ്റിലപ്പിള്ളി പിതാവിനെ രൂപത ഭാരവാഹികൾ സന്ദർശിക്കുകയും ജന്മദിന ആശംസകൾ നേരുകയും ചെയ്തു.

## എക്സലൻസ് അവാർഡ്

ഇന്റർ നാഷണൽ മാതൃവേദി രൂപതകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി നൽകുന്ന എക്സലൻസ് അവാർഡ് താമരശ്ശേരി രൂപത യ്ക്കാണ്. പാലായിൽ വച്ച് നടന്ന ഇന്റർനാഷണൽ ജനറൽ ബോഡിയിൽ വെച്ച് പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ പിതാവിൽ നിന്ന് രൂപതാ ടീം അവാർഡ് ഏറ്റുവാങ്ങി.

## ഗുരുശ്രേഷ്ഠ അവാർഡ്

ഇന്റർനാഷണൽ മാതൃവേദി ഏർപ്പെടുത്തിയ ഗുരുശ്രേഷ്ഠ അവാർ ഡിന് കരുവാരകുണ്ട് മേഖലയിൽ നിന്ന് മറിയക്കുട്ടി പുത്തൻപുരയ്ക്കൽ അർഹയായി.

## ഇന്റർനാഷണൽ ജനറൽബോഡി

പാലാ രൂപതയുടെ അൽഫോൻസിയൻ പാസ്റ്റർ സെന്ററിൽ വെച്ച് ഇന്റർനാഷണൽ ജനറൽ ബോഡി മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. മാർ ജോസ് പുളിക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. താമരശ്ശേരി രൂപത ഭാരവാഹികൾ ജനറൽ ബോഡിയിൽ പങ്കെടുത്തു. 2020-22 പ്രവർത്തന വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ ജനറൽ ബോഡി തിരഞ്ഞെടുത്തു.

### നന്ദി

കഴിഞ്ഞ രണ്ട് വർഷക്കാലം ഇന്റർനാഷണൽ മാതൃവേദിയുടെ ട്രഷറർ ആയി സുത്യർഹമായ സേവനം ചെയ്ത് വിരമിച്ച താമരശ്ശേരി രൂപതാ എക്സിക്യൂട്ടീവ് ശ്രീമതി. മേരി ജോസഫ് കാര്യാങ്കലിന് നന്ദിയും അഭിനന്ദനങ്ങളും.

### തിരുവമ്പാടി മേഖല സന്ദർശനം

തിരുവമ്പാടി മേഖല സന്ദർശനം ഫെബ്രുവരി 11 നു കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ വച്ച് നടന്നു. ബഹു. ഫാ. ജോസഫ് തേക്കുംകാട്ടിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. ജേക്കബ് പുത്തൻപുരയ്ക്കൽ, സി. ലൂസിയാമ്മ എസ്.എ.ബി.എസ്. മേഖലാ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. രൂപത ഡയറക്ടർ ഫാ. സൈമൺ കിഴക്കേക്കുന്നേൽ, ആനിമേറ്റർ സി. ഫിലോ എസ്.എ.ബി.എസ്. പ്രസിഡന്റ് ദീപ റെജി, സെക്രട്ടറി ഷാനി സണ്ണി എന്നിവർ പങ്കെടുത്തു.

### രൂപത ജനറൽ ബോഡിയും പ്രവർത്തന വർഷ ഉദ്ഘാടനവും

2020 പ്രവർത്തന വർഷ ഉദ്ഘാടനവും ജനറൽ ബോഡിയും രൂപതാ ഭവനിൽ വെച്ച് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു. മാർച്ച് 5 ന് രാവിലെ 9.30 ന് ആരംഭിക്കുന്ന പ്രോഗ്രാമിൽ എല്ലാ യൂണിറ്റുകളിൽ നിന്നും ആനിമേറ്റർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരാണ് പങ്കെടുക്കേണ്ടത്.

### മികച്ച മേഖല, യൂണിറ്റ് കണ്ടെത്തൽ

2019 ലെ മികച്ച മേഖലകളേയും യൂണിറ്റുകളേയും കണ്ടെത്താനുള്ള പ്രാഥമിക പരിശോധനകൾക്കായി മേഖല, യൂണിറ്റ് റിപ്പോർട്ടുകൾ രൂപതാ കേന്ദ്രത്തിൽ എത്തിക്കാനുള്ള അവസാന തീയതി മാർച്ച് അഞ്ച് ആയിരിക്കും.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, മാതൃവേദി

## പോപ്പ് ജോൺപോൾ II ഇൻസ്റ്റിറ്റ്യൂട്ട്

### കൗൺസിലിംഗ്

തിരക്കേറിയ ആധുനിക ജീവിതത്തിന്റെ നിലയ്ക്കാത്ത ഓട്ടത്തിനിട യിൽ മാനസ്സീക പിരിമുറുക്കത്തിലായിരിക്കുന്നവർക്ക് ആശ്വാസം കണ്ടെത്തുവാനും പ്രശ്നപരിഹാരത്തിന് സഹായമേകുവാൻ പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് സൗകര്യം ഒരുക്കുന്നു. ഫാ. കുര്യൻ പുരമഠത്തിന്റെയും ഫാ. പ്രഫുൽ IMS ന്റെയും നേതൃത്വത്തിൽ കൗൺസിലിംഗ് നടത്ത പ്പെടുന്നു.

### ഡിപ്ലോമ കോഴ്സ്

ക്രിസ്ത്യൻ ചെയറിന്റെ കീഴിലുള്ള അഡ്വാൻസ്ഡ് ഡിപ്ലോമ കോഴ്സിലെ ആറാമത്തെ ബാച്ച് വിദ്യാർത്ഥികളുടെ കോൺവൊക്കേഷൻ ഫെബ്രുവരി 16-ന് നടക്കുകയുണ്ടായി. പ്രശസ്ത സൈക്കോളജിസ്റ്റ് ഫാ. ഡോ. സെബാൻ ചെരിപുറത്ത് കോഴ്സ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

### മാസ്റ്റർ ഓഫ് സയൻസ് ഇൻ കൗൺസിലിംഗ് സൈക്കോളജി

സിംഗാനിയ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റഡ് ആയ രണ്ടു വർഷത്തെ ദൈർഘ്യമുള്ള MSc in counseling Psychology- ലെ വിദ്യാർത്ഥികൾ ഒന്നാം സെമസ്റ്റർ പൂർത്തിയാക്കി. രണ്ടാം സെമസ്റ്ററിലെ ക്ലാസ്സുകൾ വിജയകരമായി മുന്നോട്ടു പോകുന്നു.

**ഫാ. കുര്യൻ പുരമഠം**
ഡയറക്ടർ, പോപ്പ് ജോൺപോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## മനോമയ കൗൺസിലിംങ് സെന്റർ

### നവീകരിച്ച പുതിയ ക്ലിനിക് ഉദ്ഘാടനം ചെയ്തു

മാനസിക ആരോഗ്യം പരിപോഷിപ്പിക്കുന്നതിലൂടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന മനോമയ കൗൺസിലിങ് സെന്റർ പതിനൊന്നാം വയസിലേക്ക്. നവീകരിച്ച പുതിയ ക്ലിനിക്ക് താമരശ്ശേരി രൂപത ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. പത്താം വാർഷികത്തോടനുബന്ധിച്ച് അവധിക്കാലത്ത് കുട്ടികൾക്കുള്ള ലൈഫ് സ്കിൽസ് മോട്ടിവേഷൻ ക്ലാസുകളും, പഠന വൈകല്യങ്ങൾ പരിഹരിക്കാനുള്ള കൗൺസലിംങ്ങും ആരംഭിക്കുന്നതാണ്. കൂടാതെ കുട്ടികൾക്കും മുതിർന്നവർക്കും ദമ്പതികൾക്കുമുള്ള കൗൺസിലിംങ് സൗകര്യവും ഒരുക്കിയിട്ടുണ്ട്.

വൈഎംസിഎ ക്രോസ് റോഡിലെ ഭാരത് പെട്രോളിയം പമ്പിന് സമീപം കുട്ടീസ് ബിൽഡിങിലാണ് പുതിയ ക്ലിനിക് പ്രവർത്തിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക്: 9495548035, 9497303165

**ഫാ. വിൽസൺ മുട്ടത്തുകുന്നേൽ**
ഡയറക്ടർ, മനോമയ

# പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട്

ഫെബ്രുവരി 8-ാം തീയ്യതി ഇന്ത്യൻ സഭാ ചരിത്രം എന്ന വിഷയത്തെ ആധാരമാക്കി റവ. ഡോ ബിനു കുളത്തിങ്കൽ ക്ലാസ്സിനു നേതൃത്വം നൽകി. ബഹു : അച്ചനു സ്നേഹപൂർവ്വം നന്ദി.

മാർച്ച് 14-ാംതീയ്യതി രണ്ടാം ശനിയാഴ്ച്ച കാനാൻ നിയമം എന്ന വിഷയത്തെ ആധാരമാക്കി റവ. ഫാ. ജോർജ്ജ് മുണ്ടനാട്ട് ക്ലാസ്സ് എടുക്കുന്ന താണ്.

**ഫാ. തോമസ് കളരിക്കൽ**
ഡയറക്ടർ, പോപ്പ് ബനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട്

# എ.കെ.സി.സി

**അക്ഷര കമ്മ്യൂണിക്കേഷന് തിരിതെളിഞ്ഞു.**

എ.കെ.സി.സി. യുടെയും രൂപതാ കമ്മ്യൂണിക്കേഷൻ മീഡിയയു ടെയും ആഭിമുഖ്യത്തിൽ രൂപതയിൽ ആരംഭിച്ച അക്ഷര കമ്മ്യൂണിക്കേഷൻ പുല്ലൂരാംപാറയിൽ വച്ച് രൂപത ചാൻസലർ ഫാ. ജോർജ്ജ് മുണ്ടനാട്ട്, ആദ്യ നാടകത്തിന്റെ ഡയറക്ടർ സ്റ്റേറ്റ് അവാർഡ് ജേതാവ് ശ്രീ. രാജീവൻ മമ്മിളി, പുല്ലൂരാംപാറ വികാരി ഫാ. തോമസ് പൊരിയത്ത് എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. എ.കെ.സി.സിയുടെ രൂപതാ പ്രസിഡന്റ് ശ്രീ. ബേബി പെരുമാലിൽ, രൂപതാ ട്രഷറർ ശ്രീ. അനീഷ് വടക്കേൽ, നാടക സമിതിയുടെ രൂപ കർത്താവും ഗാനരചയിതാവുമായ ശ്രീ. കൂമ്പാറ ബേബി, നാടക രചയിതാവ് ശ്രീ. ജോസഫ് കുരുമ്പൻ, നിർമ്മാതാവ് ശ്രീ. ബിജു പാലക്കുടി, കമ്മ്യൂണിക്കേഷൻ മീഡിയ ഡയറക്ടർ ഫാ. മാത്യു കൊല്ലംപറമ്പിൽ, എ.കെ.സി.സി. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാ കുടിയിൽ എന്നിവർ സന്നിഹിതരായിരുന്നു.

**ആദ്യ നാടകം – പ്രണയ മന്ത്രം**

അക്ഷര കമ്മ്യൂണിക്കേഷൻ ആദ്യ നാടകമായ പ്രണയമന്ത്രം ഇതു വരെ 5 സ്റ്റേജുകളിൽ അവതരിപ്പിച്ചു. ഇതുവരെ പുല്ലൂരാംപാറ, ബിഷപ്സ് ഹൗസ്, ചക്കിട്ടപാറ, മരുതോങ്കര, ചെമ്പുകടവ് എന്നീ വേദികളിൽ അവതരിപ്പിക്കാൻ അനുമതി നൽകിയ വികാരിയച്ചന്മാർക്കും അധികാരി കൾക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. നാടകവുമായി സഹക രിക്കുന്ന എല്ലാവർക്കും പിന്നണി പ്രവർത്തകർക്കും നന്ദി...

**ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ**
ഡയറക്ടർ, എ.കെ.സി.സി

# ബഥാനിയ ധ്യാനകേന്ദ്രം

## ബഥാനിയ 2020 ബൈബിൾ കൺവെൻഷൻ

താമരശ്ശേരി രൂപത 20-ാ മത് ബൈബിൾ കൺവെൻഷൻ ബഥാനിയ 2020 ഫെബ്രുവരി 7 മുതൽ 11 വരെയുള്ള തീയതികളിൽ നടത്തപ്പെട്ടു. കൺവെൻഷന് അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിലെ ബഹു മാനപ്പെട്ട സേവ്യാർഖാൻ വട്ടായിലച്ചനും ബഹു. സോജി ഓലിക്കലച്ച നുമാണ് നേതൃത്വം നൽകിയത്.

കൺവെൻഷന്റെ വിജയത്തിനായി ബഥാനിയാ കുടുംബം ഫെബ്രു വരി 1 മുതൽ 6 വരെ അഖണ്ഡ ജപമാല നടത്തി പ്രാർത്ഥിച്ചു. 6-ാം തീയതി വൈകുന്നേരം ഭാഗികമായി പുനരുദ്ധരിക്കപ്പെട്ട ആവേമരിയ ഹാളും പരിസരങ്ങളും അടങ്ങുന്ന കൺവെൻഷൻ നഗരി മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെയും മറ്റു വൈദികരുടേയും സാന്നിദ്ധ്യത്തിൽ രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് വെഞ്ചരിച്ചു. കൺവെൻഷൻ ദിവസങ്ങളിൽ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാ നിയിൽ, മാർ ജേക്കബ് തൂങ്കുഴി, മാർ ജോസഫ് പാംപ്ലാനി, വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര, ഫാ. ജോർജ്ജ് മുണ്ടനാട്ട് എന്നിവർ വിശുദ്ധ കുർബാനയർപ്പിച്ച് വചന സന്ദേശം നൽകി.

സമാപന ദിവസം താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ കാർമ്മികത്വത്തിൽ നടന്ന വി. കുർബാനയിൽ ഫാ. മാത്യു പുളിമൂട്ടിൽ, ഫാ. സൈമൺ വള്ളോപ്പിള്ളി എന്നിവർ സഹ കാർമ്മികരായിരുന്നു. ദിവ്യകാരുണ്യ പ്രദക്ഷിണത്തോടെ കൺവെൻഷൻ സമാപിച്ചു.

## ബഥാനിയ 2021

അടുത്ത വർഷം 2021 ഫെബ്രുവരി 10,11,12,13,14 തീയതികളിൽ അണക്കര മരിയൻ ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. ഡൊമിനിക്ക് വാളന്മനാക്കൽ അച്ചന്റെ നേതൃത്വത്തിൽ 21-ാമത് താമരശ്ശേരി രൂപതാ ബൈബിൾ കൺവെൻഷൻ നടക്കുന്നതാണ്.

## ബഥാനിയ ശുശ്രൂഷകൾ

ഫെബ്രുവരി 16 മുതൽ 20 വരെ നടന്ന ആന്തരീക സൗഖ്യ ദൈവാ നുഭവ ധ്യാനത്തിന് ബഥാനിയ ടീം നേതൃത്വം നൽകി.

### ഏകദിന കൺവെൻഷൻ

ഫെബ്രുവരി മാസത്തിലെ വെള്ളിയാഴ്ചകളിൽ നടന്ന ഏകദിന കൺവെൻഷൻ അനേകർക്ക് അനുഗ്രഹത്തിന് കാരണമായി.

### മദ്ധ്യസ്ഥ പ്രാർത്ഥന

ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ ബഥാനിയായിൽ ലോകം മുഴുവനും വേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥന നടന്നു. വ്യാഴ്ചകളിൽ നടന്ന ഉപവാസ പ്രാർത്ഥനയിൽ ധാരാളം പേർ പങ്കെടുത്തു.

### മാർച്ച് മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 1 ഞായർ | – | ആന്തരീക സൗഖ്യ ദൈവാനുഭവ ധ്യാനം (1 – 5) |
| 6 ആദ്യവെള്ളി | – | ഏകദിന കൺവെൻഷൻ |
| | – | ജാഗരണ പ്രാർത്ഥന |
| 13 വെള്ളി | – | ഏകദിന കൺവെൻഷൻ |
| 14 ശനി | – | ശുശ്രൂഷകരുടെ കൂട്ടായ്മ |
| 15 ഞായർ | – | ആന്തരീക സൗഖ്യ ദൈവാനുഭവ ധ്യാനം (15 – 19) |
| 20 വെള്ളി | – | ഏകദിന കൺവെൻഷൻ |
| 27 വെള്ളി | – | ഏകദിന കൺവെൻഷൻ |
| 30 തിങ്കൾ | – | ദൈവവിളി ക്യാമ്പ് (മാർച്ച് 30–ഏപ്രിൽ 1) |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

## ആദരാഞ്ജലി

### സി. ഫെലിക്സ് എഫ്.സി.സി.



പാലാ രൂപതയിലെ നീറന്താനം (രാമപുരം) ഇടവക കോതമ്പനാനിയിൽ ഉലഹന്നൻ – അന്ന ദമ്പതികളുടെ നാലു പെൺമക്കളിൽ പ്രഥമ സന്താനമായി 1923 ഓഗസ്റ്റ് 30 ന് ഫെലിക്സമ്മ ജനിച്ചു. 1942 ൽ വി. എസ്. എൽ. സി പാസായ സി. ഫെലിക്സ് 1945 ഓഗസ്റ്റ് 17-ാം തിയതി പാലാ ളാലം ക്ലാരമഠത്തിൽ സന്യാസാർത്ഥിനിയായി ചേർന്നു. 1946 ഏപ്രിൽ 25 ന് സഭാവസ്ത്രം സ്വീകരിച്ച് 1947 മെയ് 15 ന് പ്രഥമ വ്രത

വാഗ്ദാനം നടത്തി. തുടർന്ന് അധ്യാപകപരിശീലനവും മലയാളം ഹയർ പഠനവും പൂർത്തിയാക്കി അധ്യാപികയായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1952 നവംബർ 17 ന് നിത്യവ്രതവാഗ്ദാനം നടത്തി.

മലബാറിൽ തലശ്ശേരി രൂപത സ്ഥാപിതമായപ്പോൾ കോടഞ്ചേ രിയിലും വേനപ്പാറയിലും ക്ലാര മഠം സ്ഥാപിക്കാനായി എത്തിയ തീക്ഷ്ണമതികളായ ഒമ്പത് ക്ലാരസഭാംഗങ്ങളിൽ ഒരാളായിരുന്നു ബഹു. ഫെലിക്സമ്മ. മലബാറിലെ ദൈവജനത്തിന്റെ ആത്മീയ കാര്യങ്ങളിൽ സിസ്റ്റർ ഏറെ ശ്രദ്ധപതിപ്പിച്ചു. ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സന്യാസസമൂഹത്തിന്റെ മലബാർ പ്രൊവിൻസിന്റെ സ്ഥാപന ചരിത്രത്തിൽ മഹത്തായ സ്ഥാനമാണ് ഫെലിക്സമ്മയ്ക്കുള്ളത്. കുടിയേറ്റത്തിന്റെ നാളുകളിൽ മലബാറിലെ സ്കൂളുകളിലേയ്ക്ക് ആവശ്യമായ അധ്യാപകരെ കൊണ്ടുവരാൻ ബഹു. ഫെലിക്സമ്മ വഹിച്ച പങ്കും സ്വാധീനവും വളരെ വലുതായിരുന്നു. എല്ലാ കുഞ്ഞുങ്ങൾക്കും അക്ഷരദീപം തെളിച്ചു നല്കാൻ അമ്മ കാണിച്ച ആത്മാർത്ഥത വിശ്വാസ സമൂഹം അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്.

തന്റെ ജീവിതത്തിന്റെ നീണ്ടകാലയളവ് കോടഞ്ചേരി മഠത്തിലും ഇടവകയിലുമാണ് അമ്മ ചെലവഴിച്ചത്.  കൂടാതെ പാലായിലെ ളാലം, വെള്ളരിക്കുണ്ട്, ഈരുട്, മലാപ്പറമ്പ് എന്നീ സ്ഥലങ്ങളിലും സി. ഫെലിക്സ് ശുശ്രൂഷ ചെയ്തിട്ടുണ്ട്.

സി. ഫെലിക്സിന്റെ സന്യാസജീവിതം വളരെ ലളിതവും എളിമ നിറഞ്ഞതുമായിരുന്നു. വളരെ കൃത്യനിഷ്ഠതയും കണിശതയും ജീവിതശൈലിയായിരുന്നു. അധികാരികളോട് പരിപൂർണ്ണമായ വിധേയത്വവും, അനുസരണവും പുലർത്തി സന്യാസനിയമങ്ങളുടെ പാലനത്തിലും എല്ലാവർക്കും മാതൃകയും പ്രചോദനവുമായി.

ഒരു വിശുദ്ധയാവുക എന്ന ഒരേയൊരു ലക്ഷ്യത്തിനുവേണ്ടി വി. കുരിശിനെ അതിയായി സ്നേഹിച്ചിരുന്ന സിസ്റ്റർ പാപികളുടെ മാനസാന്തരവും പരിഹാര ജീവിതവും തന്റെ പ്രത്യേക മിഷൻദൗത്യമായി തെരഞ്ഞെടുത്തു. 2020 ഫെബ്രുവരി 20 വ്യാഴാഴ്ച തന്റെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട സി. ഫെലിക്സിന്റെ ആത്മാ വിന് നിത്യശാന്തി നേരുന്നു.

# കരിസ്മാറ്റിക് മൂവ്മെന്റ്

## സോണൽ സർവ്വീസ് ടീമുകൾക്ക് പരിശീലനവും അഭിഷേക പ്രാർത്ഥനയും

കേരളത്തിന്റെ 24 സോണുകളിലും പുതിയതായി തെരഞ്ഞെടു ക്കപ്പെട്ട സർവ്വീസ് ടീമംഗങ്ങൾക്കും കോ-ഓർഡിനേറ്റർമാർക്കും വേണ്ടിയുള്ള ഫോർമേഷൻ പ്രോഗ്രാമും അഭിഷേകപ്രാർത്ഥനയും എമ്മാവൂസിൽ വച്ചു ഫെബ്രുവരി 11,12 തീയതികളിൽ നടത്തപ്പെട്ടു. കേരള മെത്രാൻ സമിതിയുടെ (KCBC) കരിസ്മാറ്റിക് കമ്മീഷൻ ചെയർമാനും പത്തനംതിട്ട രൂപതാ ബിഷപ്പുമായ സാമുവൽ മാർ ഐറേനിയോസ് പിതാവാണ് അഭിഷേക പ്രാർത്ഥന നടത്തിയത്.

## സോണൽ മിനിസ്ട്രി സർവ്വീസ് ടീം പുനഃസംഘടന

കോഴിക്കോട് സോണിലെ പ്രധാനപ്പെട്ട മിനിസ്ട്രികളുടെ പുനഃസംഘടന നടത്തപ്പെട്ടു. അവയുടെ കോ-ഓർഡിനേറ്റർമാരായി താഴെപറയുന്നവർ തെരഞ്ഞടുക്കപ്പെട്ടു.

| മിനിസ്ട്രി | | കോ-ഓർഡിനേറ്റർ |
|---|---|---|
| 1. മധ്യസ്ഥ പ്രാർത്ഥന | - | ഡോ. ബാബു മാളിയേക്കൽ,ദേവഗിരി |
| 2. പാരിഷ് | - | ബാബു കോതാനി, മഞ്ഞുവയൽ |
| 3. കെരിഗ്മ | - | രാജു മംഗലശ്ശേരി, പുതുപ്പാടി |
| 4. ദമ്പതി | - | അംബ്രോസ് & സെൽവി അംബ്രോസ് കൂടരഞ്ഞി |
| 5. ജീവജ്വാല | - | മാത്യു (ടോമി) വയലിപ്പാറ, പുല്ലൂരാംപാറ |

ക്രിസ്റ്റീൻ, യൂത്ത്, തുവാനിസ തുടങ്ങിയ മിനിസ്ട്രികളുടെ പുനഃ സംഘടന പ്രക്രിയകൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## വിലങ്ങാട് സബ്സോൺ

ബഹു. സൈമൺ വള്ളോപ്പിള്ളിയച്ചന്റെ നേതൃത്വത്തിൽ സോണൽ സേവനസമിതി കോർ ഗ്രൂപ്പംഗങ്ങൾ വിലങ്ങാട് സബ്സോണിലെ വിലങ്ങാട്, വാളൂക്ക്, മഞ്ഞക്കുന്ന്, ഇടവകകൾ സന്ദർശിച്ച് പ്രാർത്ഥനാ ഗ്രൂപ്പുകൾക്ക് കോർ ഗ്രൂപ്പിനെയും ലീഡർമാരെയും തിരഞ്ഞെടുത്തു. വിലങ്ങാട് സബ്സോണിന് ഒരു സർവ്വീസ് ടീമിനെയും തിരഞ്ഞെടുത്തു.

## സോണൽ മദ്ധ്യസ്ഥ പ്രാർത്ഥനാ ദിനം

മൂന്നാംശനിയാഴ്ചയായ ഫെബ്രുവരി 15 ന് താമരശ്ശേരി ചാവറഭവനിൽ വച്ച് സോണൽ മധ്യസ്ഥ പ്രാർത്ഥനാ ദിനം ആചരിച്ചു.

### സോണൽ മീറ്റിംഗ്

കോഴിക്കോട് സോണിന്റെ സോണൽ കൂട്ടായ്മ 21.02.2020 വെള്ളിയാഴ്ച കോഴിക്കോട് കുന്ദമംഗലം സെന്റ് ജോസഫ്സ് പള്ളിയിൽ വച്ചു നടത്തപ്പെട്ടു. സോണിന്റെയും സബ്സോണുകളുടേയും വിവിധ മിനിസ്ട്രികളുടെയും സർവ്വീസ് ടീമംഗങ്ങളും പ്രാർത്ഥനാ ഗ്രൂപ്പ് ലീഡർമാരും പങ്കെടുത്തു.

### മാർച്ച് മാസം പ്രാർത്ഥനാമാസം

സോണിന്റെ മധ്യസ്ഥപ്രാർത്ഥനാ സർവ്വീസ് ടീം ഒന്നിച്ചുകൂടി 2020 മാർച്ച് മാസം പ്രാർത്ഥനാ മാസമായി ആചരിക്കുവാൻ തീരുമാനിച്ചു. ഭാരതത്തിനും ലോകം മുഴുവനും തിരുസഭയ്ക്കും വേണ്ടി മാസം മുഴുവനും പ്രാർത്ഥിക്കുവാനും എല്ലാ ഇടവകകളിലും ഈ നിയോഗങ്ങൾക്കു വേണ്ടി ദിവ്യകാരുണ്യ ആരാധന നടത്തുവാനുമാണ് ഉദ്ദേശിക്കുന്നത്.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

## വിദ്യാഭ്യാസരംഗം

### താമരശ്ശേരി കോർപറേറ്റ് വിദ്യാഭ്യാസ പ്രവർത്തക സംഗമം 2020

താമരശ്ശേരി കോർപറേറ്റിന് കീഴിൽ സേവനം ചെയുന്ന വിദ്യാഭ്യാസ പ്രവർത്തകരുടെ സംഗമവും ഈ വർഷം സർവീസിൽ നിന്ന് വിരമിക്കുന്ന സ്ഥാപനമേധാവികൾ, അധ്യാപകർ, അനദ്ധ്യാപകർ എന്നിവരുടെയും യാത്രയയപ്പ് സമ്മേളനവും സംയുക്തമായി 2020 മാർച്ച് 14 ന് താമരശ്ശേരി അൽഫോൻസാ സീനിയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടത്തപ്പെടുന്നു. 1250 ൽ അധികം ജീവനക്കാരുടെ സങ്കേതമായ ഈ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ സംഘശക്തിയുടെയും സേവനപാരമ്പര്യത്തി ന്റെയും കൂട്ടായ്മയാവട്ടെ ഈ വാർഷിക സംഗമം. രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ നേതൃത്വം വഹിക്കുന്ന ഈ വിദ്യാഭ്യാസപ്രവർത്തക സംഗമത്തിൽ വച്ച് ഈ വർഷം തങ്ങളുടെ സർവീസിൽ നിന്നും വിരമിക്കുന്ന 47 ജീവനക്കാർക്കും ആദരവും മെമെ ന്റോയും നൽകുന്നതാണ്. അധ്യാപക -അനദ്ധ്യാപക സുഹൃത്തുക്കളായ എല്ലാ വിദ്യാഭ്യാസ പ്രവർത്തകരെയും 2020 മാർച്ച് 14 ന് താമരശ്ശേരി അൽഫോൻസാ സ്കൂളിലേക്ക് സാദരം ക്ഷണിക്കുന്നു.

## പരിപാടികൾ

| | | |
|---|---|---|
| 9.30 AM - 10.00 AM | - | Registration |
| 10.00 AM - 10.15 AM | - | Welcome Meeting |
| 10.15 AM - 11.45 AM | - | Motivation Class |
| 12.00 PM - 1.30 PM | - | Retirement Meeting<br>Bp. Mar Remigious Inchananiyil |
| 1.30 PM | - | Dinner |
| 2.00 PM | - | Good Bye |

**RETIREMENT 2020**

| SL NO | NAME | DESIGNATION | SCHOOL | DATE |
|---|---|---|---|---|
| 1 | BENNY LUKOSE | PRINCIPAL | PULLURAMPARA HSS | 31.3.20 |
| 2 | THANKACHAN K J | PRINCIPAL | KULATHUVAYAL HSS | 31.3.20 |
| 3 | JOYCE JOSE | PRINCIPAL | KODENCHERY HSS | 31.5.20 |
| 4 | LYSAMMA ANTONY | HM | KODENCHERY HS | 31.5.20 |
| 5 | MERCY MICHAEL | HM | PULLURAMPARA HS | 31.3.20 |
| 6 | LISSY JOSEPH M | HM | KOORACHUNDU HS | 31.3.20 |
| 7 | SUNNY K M | HM | THIRUVAMPADY H S | 31.3.20 |
| 8 | TOSS ABRAHAM | HM | VILANGAD H S | 31.3.20 |
| 9 | THOMAS I | HM | KALLANODE LPS | 31.5.20 |
| 10 | THOMAS M T | HM | KOODARANJI LPS | 31.3.20 |
| 11 | MINI K NAIR | HM | KULATHUVAYAL LPS | 31.3.20 |
| 12 | LISAMMA V D | HM | ANAKKAMPOIL UPS | 31.5.20 |
| 13 | SUSAMMA P C | HM | CHAMAL UPS | 31.3.20 |
| 14 | ABRAHAM K T | HM | CHEMPANODA UPS | 31.5.20 |
| 15 | POULIN JOSEPH | HM | MANJUVAYAL UPS | 31.3.20 |
| 16 | REJINA AUGUSTINE | HSST (PHY) | KODENCHERY H S S | 31.3.20 |
| 17 | ANEY P SEBASTIAN | HSST (MAL) | KOODARANJI H S S | 31.3.20 |
| 18 | MOLLY JOSEPH | H.S.T (MATHS) | VENAPPARA HS | 31.3.20 |
| 19 | SHERLY ABRAHAM | H.S.T (MATHS) | KODENCHERY H S | 31.3.20 |
| 20 | THOMAS K D | H.S.T (MATHS) | CHEMPANODA H S | 31.3.20 |
| 21 | SR.DARLY P JACOB | H.S T (NS) | CHEMPANODA H S | 31.3.20 |
| 22 | ROSLIN M J | H.S T (NS) | KANNOTH H S | 31.5.20 |
| 23 | BABSY V J | H.S T (NS) | KOODARANJI H S | 31.3.20 |
| 24 | VALSAMMA V V | H.S T (NS) | PULLURAMPARA H S | 31.5.20 |
| 25 | SUNNY JOSEPH | H.S.T (PS) | VENAPPARA H S | 31.3.20 |
| 26 | XAVIOUR T J | H.S.T (PS) | PUNNAKKAL H S | 31.5.20 |
| 27 | SR. VALSAMMA K A | H.S.T (PS) | NELLIPOIL HS | 31.3.20 |
| 28 | ANSAMMA SEBASTIAN | H.S.T (MAL) | KAKKADAMPOIL H S | 31.5.20 |

| | | | | |
|---|---|---|---|---|
| 29 | MARY VARGHESE | H.S.T (MAL) | KOODARANJI H S | 31.3.20 |
| 30 | CATHERIN J | H.S.T (ENG) | KOODARANJI H S | 31.5.20 |
| 31 | LIZAMMA P J | LPST | CHAKKITTAPARA LPS | 31.5.20 |
| 32 | MARY THOMAS | LPST | CHAKKITTAPARA LPS | 31.5.20 |
| 33 | MERCYKKUTTY JOSEPH | LPST | KALLANODE LPS | 31.5.20 |
| 34 | GRACEMOL T J | LPST | KATTULLAMALA UP | 31.5.20 |
| 35 | DAISY JOSEPH | LPST | MALAPARAMBA LPS | 31.5.20 |
| 36 | DOLSY CHACKO | LPST | PARIYAPURAM UPS | 31.3.20 |
| 37 | LOVELY EMMANUEL | LPST | PASUKKADAVU UPS | 31.5.20 |
| 38 | THERESE GEORGE | LPST | PULLURAMPARA UPS | 30.4.20 |
| 39 | AGNES JACOB | LPST | PULLURAMPARA UPS | 30.3.20 |
| 40 | MARGRET JOSE | LPST | VENAPPARA UPS | 31.3.20 |
| 41 | SALAMMA V V | LPST | PULLURAMPARA UPS | 31.3.20 |
| 42 | NIRMALA JOSEPH | UPST | MARUDONKARA HS | 30.4.20 |
| 43 | VALSAMMA JOSEPH | UPST | VENAPPARA UPS | 31.5.20 |
| 44 | TREESAMMA JOSEPH | UPST | THIRUVAMPADY H S | 31.3.20 |
| 45 | SHILA JOHN | UPST | VENAPPARA UPS | 31.3.20 |
| 46 | LEELAMMA ABRAHAM | JLT HINDI | NENMENI UPS | 31.3.20 |
| 47 | SHAJU SEBASTIAN | PET | KOORACHUNDU H S | 31.3.20 |
| 48 | PHILIP P J | O A | NENMENI U PS | 31.5.20 |

**ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ**
കോർപ്പറേറ്റ് മാനേജർ

# കേരള ലേബർ മൂവ്മെന്റ്

### യൂണിറ്റ് രൂപീകരണം

കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമ മായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കട്ടിപ്പാറ, തോട്ടുമുക്കം, പുഷ്പഗിരി എന്നീ ഇടവകളിൽ കെ.എൽ.എം താമരശ്ശേരി രൂപത ഡയറക്ടർ ഫാ. ജയ്സൺ കാരക്കുന്നേൽ, കെ.എൽ.എം താമരശ്ശേരി രൂപത ആനിമേറ്റർ സി. റാണിറ്റ എസ്.എച്ച് എന്നിവർ സന്ദർശനം നടത്തുകയും പുതിയ യൂണിറ്റുകൾ ആരംഭിക്കുകയും ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

## തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റ് ഭാരവാഹികൾ

### കട്ടിപ്പാറ

പ്രസിഡന്റ് : മിനി ചെട്ടിപ്പറമ്പിൽ
സെക്രട്ടറി : മിനി മഞ്ഞനായിൽ
ഖജാൻജി : ജോസഫ് സെബാസ്റ്റ്യൻ ഓരിൽ

### തോട്ടുമുക്കം

പ്രസിഡന്റ് : ബേബി മാത്യു ഓലിയക്കാട്ടിൽ
സെക്രട്ടറി : ബിന്ദു രാജു ചാമവിള
ഖജാൻജി : ഷാജി നടുക്കുടിയിൽ

### പുഷ്പഗിരി

പ്രസിഡന്റ് : ടൈറ്റസ് കണ്ണംതറപ്പിൽ
സെക്രട്ടറി : ബിസി സിബി വെള്ളിയെപ്പിള്ളിൽ

## കെ.എൽ.എം സ്കോളർഷിപ്പ്

കേന്ദ്രഗവൺമെന്റിന്റെ സ്വാവലംബൻ പദ്ധതിയിൽ അംഗമായിരിക്കുന്നവരുടെ, ഈ വർഷം അംഗത്വം പുതുക്കിയവരുടെ 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന 80% ത്തിൽ കൂടുതൽ മാർക്കുള്ള കുട്ടികൾക്കായി നല്കി വരുന്ന സ്കോളർഷിപ്പിന്റെ അപേക്ഷ ഫോം കെ.എൽ.എം യൂണിറ്റ് ഭാരവാഹികളുടെ കൈവശം എത്തിച്ചിട്ടുണ്ട്. പൂരിപ്പിച്ച അപേക്ഷ ഫോം മാർക്ക് ലിസ്റ്റിനോടൊപ്പം പള്ളിയിൽ എത്തിച്ചാൽ കെ.എൽ.എം ഇടവക ഭാരവാഹികൾ ഓഫീസിൽ എത്തിക്കു ന്നതായിരിക്കും. തിരികെ ഏൽപ്പിക്കേണ്ട അവസാന തിയ്യതി മാർച്ച് 10 ആണ്.

**ഫാ. ജയിസൺ മാത്യു കാരക്കുന്നേൽ**
ഡയറക്ടർ കെ.എൽ.എം

# വികസന വേദി

## പച്ചമരുന്ന് നിർമ്മാണം

കൂരാച്ചുണ്ട് G.V.S ന്റെ നേതൃത്വത്തിൽ കക്കയം M.C.C യിൽവെച്ച് പച്ചമരുന്ന് നിർമ്മാണം നടത്തി.വേദന സംഹാരിയായ ചന്ദ്രകലാലേപം എന്ന മരുന്നാണ് നിർമ്മിച്ചത്.പ്രസ്തുത പരിപാടിക്ക് M.C.C പ്രസിഡന്റ്. ജെയിംസ് സ്വാഗതം

പറഞ്ഞു സി.ഒ.ഡി. ഏരിയാ കോ-ഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ പരിപാടികൾക്ക് നേതൃത്വം നൽകി .

**പുതുപ്പാടി :** പുതുപ്പാടി G.V.Sന്റെ നേതൃത്വത്തിൽ. മൈലള്ളാംപാറയിൽ വെച്ച് ചന്ദ്രകലാലേപം ഉണ്ടാക്കി. സി.ഒ.ഡി. ഏരിയാ കോ-ഓർഡിനേറ്റർ ത്രേസ്യാമ തോമസ് പച്ചമരുന്നുകൾ പരിചയപ്പെടുത്തുകയും മരുന്ന് ഉണ്ടാക്കാൻ പഠിപ്പിക്കുകയും ചെയ്തു.

### സ്കിൽ ട്രയിനിംഗ്

കോടഞ്ചേരി G.V.S ന്റെ ആഭിമുഖ്യത്തിൽ. തോട്ടുംമുഴി M.C.C യുടെ നേതൃത്വത്തിൽ ചവിട്ടി നിർമ്മാണം നടത്തി. സി.ഒ.ഡി. ഏരിയാ കോ-ഓർഡിനേറ്റർ സോളി ബെന്നി പരിശീലനം നൽകി .

**പെരിന്തൽമണ്ണ:** പാലൂർകോട്ട G.V.S ന്റെയും പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ തുണിസഞ്ചി, പേപ്പർ ബാഗ് നിർമ്മാണ പരിശീലനം നടത്തി. പുഴക്കാട്ടിരി പഞ്ചായത്ത് ക്ഷേമകാര്യ സമിതി ചെയർപേഴ്സൺ സുജാത ഉദ്ഘാടനം ചെയ്തു.സുനിതാ കൃഷ്ണൻ, വാർഡ് മെമ്പർ രാജി, തുടങ്ങിയവർ പങ്കെടുത്തു.50 പേർ പങ്കെടുത്ത പരിശീലനപരിപാടിക്ക് ലില്ലികുട്ടി ഡൊമിനിക്,തങ്കമ്മ സേവ്യർ എന്നിവർ നേതൃത്വംനൽകി.

### മെഡിക്കൽ ക്യാമ്പ്

സി.ഒ.ഡി. യുടെയും പുതുപ്പാടി G.V.S ന്റെയും. രാഗം ഓപ്റ്റിക്കൽ താമരശ്ശേരിയുടെയും നേതൃത്വത്തിൽ ജനുവരി-26ന്. സംയുക്ത നേത്രപരിശോധന ക്യാമ്പുനടത്തുകയും 30 അംഗങ്ങൾ പങ്കെടുക്കുകയും ചെയ്തു. ഡോക്ടർ വി.സി വേണുഗേപാൽ പരിശോധന നടത്തി. സി.ഒ.ഡി. ഏരിയാ കോ-ഓർഡിനേറ്റർ ത്രേസ്യാമ തോമസ് നേതൃത്വം നൽകി.

### S.H.G വാർഷികം

വെറ്റിലപ്പാറ G.V.S ന്റെ നേതൃത്വത്തിൽഉള്ള ആദർശ S.H.Gയുടെ 10-ാം വാർഷികാഘോഷം നടത്തി. വെറ്റിലപ്പാറ G.V.S പ്രസിഡണ്ട് മേഴ്സി ജെയിംസ് അധ്യക്ഷതവഹിച്ചു. സി.ഒ.ഡി. ഏരിയാ കോ-ഓർഡിനേറ്റർ ഷൈനി സിബി ഉദ്ഘാടനം നിർവഹിച്ചു. സംഘത്തിന്റെ 10 വർഷത്തെ റിപ്പോർട്ട് അവതരിപ്പിച്ചു .സംഘത്തിലെ അംഗങ്ങൾ വിവിധ കലാപരിപാടികൾ നടത്തുകയുംചെയ്തു. ശ്രീമതി സംഗീത നന്ദിപറഞ്ഞു.

### ബോധവൽക്കരണ ക്ലാസ്

വെറ്റിലപ്പാറ, തോട്ടുമുക്കം, കൂടരഞ്ഞി G.V.Sൽ. ജനുവരി 11,12,16 തിയ്യതികളിൽ പ്ലാസ്റ്റിക് മലിനീകരണത്തെകുറിച്ചും. എങ്ങനെ പ്ലാസ്റ്റിക് ഉപയോഗത്തെ മറികടക്കാം എന്നതിനെക്കുറിച്ചും. സി.ഒ.ഡി. ഏരിയാ കോ-ഓർഡിനേറ്റർ ഷൈനി സിബി ക്ലാസെടുത്തു. ശുചിത്വമിഷന്റെ

കണക്കുപ്രകാരം കേരളത്തിൽ 480 ടൺ പ്ലാസ്റ്റിക്മാലിന്യം. പുറന്തള്ള പ്പെടുന്നുവെന്നും. ഒരു കുടുംബം ശരാശരി 60 ഗ്രാം പ്ലാസ്റ്റിക് പുറന്തള്ളുന്നു. ഇതിൽനിന്ന് ഓരോ കുടുംബത്തെയും കരകേറ്റുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കണം എന്നും ക്ലാസിലൂടെ വ്യക്തമാക്കി. ക്ലാസിൽ 50 അംഗങ്ങൾ പങ്കെടുത്തു.

**ഫാ. ജോസഫ് മുകളേപ്പറമ്പിൽ**
ഡയറക്ടർ, വികസനവേദി

# ചെറുപുഷ്പ മിഷൻലീഗ്

**വിളക്കുമരം 2020**

ചെറുപുഷ്പ മിഷൻലീഗ് താമരശ്ശേരി രൂപത 'വിളക്കുമരം' എന്നപേരിൽ രൂപതാ വൈസ് ഡയറക്ടേഴ്സ് സംഗമവും രൂപതാ മാനേജിംഗ് കമ്മറ്റിയും 2020 ഫെബ്രുവരി 21 ന് പി.എം.ഒ.സി. യിൽ നടന്നു. 9.30 ന് രജിസ്ട്രേഷനോടുകൂടി പരിപാടി ആരംഭിച്ചു. 10.15 ന് വൈസ് ഡയറക്ടേഴ്സിനുവേണ്ടി ഫാ. കുര്യൻ പുരമഠം കുട്ടികളെ പക്വതയിലും സാന്മാർഗ്ഗിക മൂല്യങ്ങളിലും എങ്ങനെ വളർത്താം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസെടുത്തു. 11.45 ന് വൈസ് ഡയറക്ടേഴ്സും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും വിവിധ ഗ്രൂപ്പുകളിൽ കഴിഞ്ഞ പ്രവർത്തനങ്ങളെ വിലയിരുത്തുകയും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള കാര്യങ്ങൾ ചർച്ച ചെയ്യുകയും ഭാവി പരിപാടികൾ ആസൂത്രണം ചെയ്ത് റിപ്പോർട്ട് നൽകുകയും ചെയ്തു. 12.15 ന് പൊതുസമ്മേളനം രൂപതാ പ്രസിഡന്റ് ശ്രീ. ജോയ് ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് റാന്തൽ വിളക്കുതെളിച്ച് 'വിളക്കുമരം' പ്രോഗ്രാം ഔപചാരികമായി ഉദ്ഘാടനം ചെയ്തു. പി.എം.ഒ.സി. ഡയറക്ടർ ഫാ. ജോർജ്ജ് കളപ്പുര, രൂപത ജൂനിയർ വൈസ് പ്രസിഡന്റ് കുമാരി സോണിയ സണ്ണി, ജൂനിയർ ജോ. സെക്രട്ടറി കുമാരി മരിയ തോമസ്, ജൂനിയർ പ്രസിഡന്റ് നവനീത് ഫിലിപ്പ് എന്നിവർ ആസംശകളർപ്പിച്ചു സംസാരിച്ചു. ഈ സമ്മേളനത്തിൽ വച്ച് ദൈവവിളി മാസാചരണത്തിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച ശാഖകളായ കട്ടിപ്പാറ, മാലാപറമ്പ്, വാലില്ലാപ്പുഴ എന്നീ ശാഖകൾക്കുള്ള സമ്മാന വിതരണവും ക്രസ്തുമസ് കാർഡ് നിർമ്മാണ മത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ സമ്മാനാർഹരായ എത്സ മരിയ - പുഷ്പഗിരി, ബ്രിജിറ്റ് പാറക്കൽ - ചെമ്പനോട, മേരി കാപ്പിൽ - ചക്കിട്ടപ്പാറ,

യു.പി. വിഭാഗത്തിൽ ജസ്റ്റിൻ അഭിലാഷ് തടത്തിൽ – തലയാട്, അമെന്റ റോസ് കോയവിള – കൂടരഞ്ഞി, ലിന്റ തൈക്കാടൻ – മാവൂർ എന്നിവർക്കുള്ള സമ്മാന വിതരണവും അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് നിർവ്വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ സ്വാഗതവും രൂപതാ വൈസ് ഡയറക്ടർ സി. സെലിൻ ജോസ് നന്ദിയും പറഞ്ഞു. രൂപതാ ഭാരവാഹികളായ സിനോ തോമസ്, ലിന്റ ബാബു. എബി ദേവസ്യ, മിന ബെന്നി, അനൂപ് ജോസ്, ജിനോ മാത്യു എന്നിവർ നേതൃത്വം നൽകി. 1.30 ന് ഉച്ചഭക്ഷണത്തോടെ സമ്മേളനം സമാപിച്ചു.

## രൂപതാ മാനേജിംഗ് കമ്മിറ്റി

ചെറുപുഷ്പ മിഷൻലീഗ് രണ്ടാമത് രൂപതാ മാനേജിംഗ് കമ്മറ്റി ഫെബ്രുവരി 21 വെള്ളിയാഴ്ച 10.15 ന് പി.എം.ഒ.സി. സെമിനാർ ഹാളിൽ ചേർന്നു. രൂപതാ പ്രസിഡന്റ് ശ്രീ. ജോയ് ജോർജ്ജ് അദ്ധ്യക്ഷനായിരുന്നു. രൂപതാ വൈസ് ഡയറക്ടർ സി. സെലിൻ ജോസ് പ്രാർത്ഥന നയിക്കുകയും രൂപതാ ഓർഗനൈസർ ജിനോ മാത്യു സ്വാഗതം ആശംസിക്കുകയും ചെയ്തു. രൂപതാ സെക്രട്ടറി സിനോ തോമസ് റിപ്പോർട്ടും, കണക്കും അവതരിപ്പിച്ചു. തുടർന്ന് രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ വാമറ്റത്തിന്റെ നേതൃത്വത്തിൽ കഴിഞ്ഞ കാല പ്രവർത്തന ങ്ങളെക്കുറിച്ചും, പ്രവർത്തന മണ്ഡലത്തിൽ നേരിടുന്ന വെല്ലുവിളികളെ കുറിച്ചും ഭാവി പരിപാടികളെക്കുറിച്ചും ചർച്ച നടന്നു. രൂപതാ വൈസ് പ്രസിഡന്റ് ലിന്റ ബാബു എല്ലാവർക്കും നന്ദിപറഞ്ഞു. 11.45 ന് മാനേജിംഗ് കമ്മിറ്റി അവസാനിച്ചു.

## രൂപതാ ഇലക്ഷൻ (ജൂനിയർ)

ജൂനിയർ ഭാരവാഹികളുടെ ഇലക്ഷൻ ശാഖകളിൽ വിശ്വാസോത്സ വത്തോടനുബന്ധിച്ച് നടത്തേണ്ടതാണ്. ഭാരവാഹികൾ ഈ വർഷം 7, 8 ക്ലാസിൽ പഠിക്കുന്നവർ ആയിരിക്കാൻ ശ്രദ്ധിക്കുമല്ലോ. തിരഞ്ഞെടുക്കപ്പെടേണ്ടവർ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി. എന്നിവരാണ്.

## വചനോപാസി

ബൈബിളിലെ ഒരു പുസ്തകം മനഃപാഠമാക്കുന്ന പദ്ധതി. ഈ വർഷം വി. ലൂക്കായുടെ സുവിശേഷമാണ് മനഃപാഠമാക്കേണ്ടത്. 2020 ഏപ്രിൽ 18 നായിരിക്കും മത്സരം നടക്കുക.

## ഗ്രാന്റ് മാസ്റ്റേഴ്സ് ക്യാമ്പ്

2020 ഏപ്രിൽ 14 മുതൽ 17 വരെ തീയതികളിൽ രൂപതാ തലത്തിൽ 7 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായ് നടത്തുന്നു. ക്യാമ്പ് ഫീസ് 1200/- രൂപയാണ്. 200/- രൂപ അടച്ച് ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 75 പേർക്കാണ് പങ്കെടുക്കാനുള്ള അവസരം ഉണ്ടായിരിക്കുക. ഓഫീസിൽ നേരിട്ടും,

ബാങ്കുവഴിയും 200 രൂപ അടച്ച് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ബാങ്കുവഴി രജിസ്റ്റർ ചെയ്യുന്നവർ വിവരം ഓഫീസിൽ വിളിച്ചറിയി ക്കേണ്ടതാണ്.

അക്കൗണ്ട് നമ്പർ : Fr.Director CML
A/c No-042805 3000000324
IFC - SIBL 0000 428
Thamarassery

**ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ**
ഡയറക്ടർ, മിഷൻലീഗ്

# ക്രിസ്റ്റീൻ മൂവ്മെന്റ്

### സബ്സോൺ പുനഃസംഘടന

ക്രിസ്റ്റീൻ മിനിസ്ട്രിയുടെ സബ്സോൺ തലത്തിലുള്ള പുനഃസംഘടന ആരംഭിച്ചു. മരുതോങ്കര – ബിനു അലക്സ് കാരക്കാട്ട്, താമരശ്ശേരി – മേരി തോമസ് പുതിയാമഠം, കൂരാച്ചുണ്ട് – വിന്ധ്യ ബാബു എന്നിവരെ സബ്സോൺ കോർഡിനേറ്റർമാരായി തെരഞ്ഞെടുത്തു.

### എഫ്ഫാത്ത–2020

ക്രിസ്റ്റീൻ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ 5,6,7 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ഏപ്രിൽ, മെയ് മാസങ്ങളിൽ വിവിധ സെന്ററുകളിൽ വച്ച് ക്രിസ്റ്റീൻ ധ്യാനം ക്രിസ്റ്റഫർ ട്രയിനിംഗ് പ്രോഗ്രാം നടത്തുന്നു. ചാത്തൻകോട്ടുനട ഏപ്രിൽ 13–16 തീയതികളിലാണ് ധ്യാനം നടക്കുന്നത്. അഗസ്ത്യമുഴി, മലപ്പുറം എന്നിവിടങ്ങളിൽ മാർച്ച് മാസത്തിലായിരിക്കും ധ്യാനം നടക്കുന്നത്. ചാത്തൻകോട്ടുനട പ്രോഗ്രാം കോർഡിനേറ്റർ ബിനു കാരക്കാട്ട് ആയിരിക്കും. Mob : 7012225487,9562123738 മലപ്പുറത്ത് ഡോ. ഫ്രാൻസിസ് Mob : 9447332525 അഗസ്ത്യമുഴിയിൽ മേരി ടീച്ചർ Mob : 9447332525 ആയിരിക്കും.

### താബോർ റിട്രീറ്റ്

നേരത്തെ ക്രിസ്റ്റീൻ ധ്യാനത്തിൽ പങ്കെടുത്തിട്ടുള്ള 10,11,12 ക്ലാസുകളിലെ കുട്ടികൾക്കുവേണ്ടി ഏപ്രിൽ 19–26 തീയതികളിൽ മക്കിയാട് വച്ച് ധ്യാനം നടക്കുന്നു. ഫീസ് 1000/– രൂപയാണ്. പ്രോഗ്രാം കോർഡിനേറ്റർ ബെന്നിച്ചൻ Mob : 9539014810,9495293944

## ക്രിസ് എക്സാം

ഫെബ്രുവരി 21-ാം തീയതി പരീക്ഷ എഴുതുന്ന കുട്ടികൾക്കുവേണ്ടി പ്രാർത്ഥനാദിനമായി ആചരിച്ചു. വിവിധ സബ്സോണുകളിൽ ഈ ദിവസം ആനിമേറ്റേഴ്സ് ഒരുമിച്ചു കൂടി പ്രാർത്ഥിച്ചു.

പ്രാർത്ഥനാദിനത്തോടനുബന്ധിച്ച് ചെമ്പനോടയിൽ വച്ച് 21-ാം തീയതി ഏകദിന പരീക്ഷ ഒരുക്ക സെമിനാർ നടത്തി. ക്രിസ്റ്റീൻ മിനിസ്ട്രിയുടെ മരുതോങ്കര മേഖലാ ആനിമേറ്റർ ഫാ. ആന്റണി ചെന്നിക്കര, ഫാ. മാത്യു ചെറുവേലിൽ, ഫാ. കുര്യാക്കോസ് കൊച്ചുകൈപ്പയിൽ എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി. കേരള ക്രിസ്റ്റീൻ മിനിസ്ട്രിയുടെ ആനിമേറ്റർ സി. സ്റ്റെല്ല MSMI എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഇരുന്നൂറ്റമ്പതോളം കുട്ടികൾ വിവിധ ഇടവകകളിൽ നിന്നായി ഈ പ്രോഗ്രാമിൽ പങ്കെടുത്തു.

## സർവ്വീസ് ടീം മീറ്റിംഗ്

കോഴിക്കോട് സോൺ സർവ്വീസ് ടീം മീറ്റിംഗ് ചെമ്പ്ര വച്ച് നടത്തി. സോണൽ ഡയറക്ടർ ഫാ. സൈമൺ വള്ളോപ്പിള്ളി മീറ്റിംഗിന് നേതൃത്വം നൽകി. ഭാവി പരിപാടികളെക്കുറിച്ച് ചർച്ച ചെയ്തു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**

ഡയറക്ടർ, ക്രിസ്റ്റീൻ മൂവ്മെന്റ്



# യേശുനിധി

യേശുനിധി ഫണ്ടിൽ നിന്ന് 21.01.2020 മുതൽ 20.02.2020 വരെ അനുവദിച്ച തുക

**വിദ്യാഭ്യാസം**

| | | |
|---|---|---|
| 1 | ബാലുശ്ശേരി | 15,000.00 |
| 2 | കക്കാടംപൊയിൽ | 10,000.00 |
| 3 | കൂരോട്ടുപാറ | 10,000.00 |
| 4 | കുന്ദമംഗലം | 15,000.00 |
| 5 | മഞ്ഞുമല | 20,000.00 |
| 6 | നൂറാംതോട് | 10,000.00 |
| 7 | വേനപ്പാറ | 8,000.00 |
| 8 | വെറ്റിലപ്പാറ | 8,000.00 |

**വീട്**

| | | |
|---|---|---|
| 9 | ചക്കിട്ടപാറ | 20,000.00 |
| 10 | കരുവാരകുണ്ട് | 10,000.00 |
| 11 | കൊണ്ടോട്ടി | 20,000.00 |
| 12 | കുളത്തുവയൽ | 15,000.00 |
| 13 | പൊയിലോംചാൽ | 15,000.00 |
| 14 | വെറ്റിലപ്പാറ | 15,000.00 |

**ചികിത്സ**

| | | |
|---|---|---|
| 15 | ചമൽ | 10,000.00 |
| 16 | കക്കാടംപൊയിൽ | 15,000.00 |
| 17 | കൽക്കുണ്ട് | 10,000.00 |
| 18 | കട്ടിപ്പാറ | 7,000.00 |
| 19 | കോടഞ്ചേരി | 8,000.00 |
| 20 | കൂരാച്ചുണ്ട് | 5,000.00 |
| 21 | മാലാപറമ്പ് | 15,000.00 |
| 22 | മാലാപറമ്പ് | 15,000.00 |
| 23 | മഞ്ഞുവയൽ | 5,000.00 |
| 24 | പാലൂർകോട്ട | 15,000.00 |
| 25 | പൂഴിത്തോട് | 10,000.00 |
| 26 | പൂഴിത്തോട് | 10,000.00 |
| 27 | പുഷ്പഗിരി | 8,000.00 |
| 28 | വേനപ്പാറ | 15,000.00 |

**വിവാഹം**

| | | |
|---|---|---|
| 29 | കട്ടാങ്ങൽ | 20,000.00 |
| 30 | മഞ്ഞുമല | 20,000.00 |
| | **ആകെ തുക** | **3,79,000.00** |

**ഫാ. മാത്യു പുളിമൂട്ടിൽ**
ഫിനാൻസ് ഓഫീസർ



# അജപാലനക്കുറിപ്പുകൾ

## ഫെബ്രുവരി 2020

01 കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

02 രാവിലെ, ഗോവയിൽ സീറോ മലബാർ ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും ഏതാനും കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നല്കുകയും ചെയ്തു.

03 രാവിലെ, കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിൽ സംബന്ധിച്ചു.

04 രാവിലെ, കുറവിലങ്ങാട് മർത്ത് മറിയം ദൈവാലയത്തിൽ മൂന്നുനോമ്പിനോടനുബന്ധിച്ചുള്ള തിരുനാളിന്റെ രണ്ടാം ദിവസം ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. കപ്പൽപ്രദക്ഷിണത്തിൽ സംബന്ധിച്ചു.

05 രാവിലെ, അൽഫോൻസാ മൈനർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം, മഞ്ഞുവയൽ ഇടവകയിൽ പുതുതായി ആരംഭിച്ച കപ്പൂച്ചിൻ സന്ന്യസഭവനം വെഞ്ചരിച്ച് ചാപ്പൽ കൂദാശ ചെയ്തു.

വൈകുന്നേരം, പ്രോ-ലൈഫ് തിരുവമ്പാടി യൂണിറ്റിന്റെ കുടുംബ സംഗമത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

06 രാവിലെ, കൂരോട്ടുപാറ ഇടവക ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് ഒരു ഭവനത്തിലെ അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

രാവിലെ, കോഴിക്കോട് ഹോളിക്രോസ് കോളേജിൽ 'ഇന്റർ കോളേജ് മീറ്റ്' ഉദ്ഘാടനം നിർവ്വഹിച്ചു.

ഉച്ചക്ക്, താമരശ്ശേരി രൂപതാഭവനിൽ വെച്ച് നടന്ന മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി ചാരിറ്റബിൾ ട്രസ്റ്റിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

വൈകുന്നേരം, പുല്ലൂരാംപാറ സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ വാർഷികാഘോഷവും പ്രധാനാദ്ധ്യാപകൻ ശ്രീ. ബെന്നി ലൂക്കോസിന്റെയും മറ്റ് അദ്ധ്യാപകരുടെയും യാത്രയയപ്പ് യോഗവും ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിന്റെ നവീകരിച്ച ആവേ മരിയ ഹാളിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു.

07 രാവിലെ, അൽഫോൻസ ഭവനിൽ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ജന്മദിനത്തോടനുബന്ധിച്ച് പിതാവിനോട് ചേർന്ന് ദിവ്യബലിയർപ്പിച്ച്

ജന്മദിനാശംസകൾ നേർന്നു.

രാവിലെ, രൂപതാഭവനിൽ നടന്ന അൽഫോൻസ കോളേജ് ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു.

രാവിലെ, രൂപതാഭവനിൽ രൂപത മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങളുമായി കൂടിക്കാഴ്ച നടത്തി.

ഉച്ചക്ക്, മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ ട്രൈബ്യൂണലിന്റെ നവീകരിച്ച ഓഫീസിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

വൈകുന്നേരം, എൻ.ഐ.ടി. കട്ടാങ്ങൽ സ്വതന്ത്രകുരിശുപള്ളിയെ ഇടവകയായി ഉയർത്തുകയും തിരുനാളിന് കൊടിയേറ്റുകയും തുടർന്ന് ദിവ്യബലിയർപ്പിച്ച് സന്ദേശം നല്കുകയും ചെയ്തു.

വൈകുന്നേരം, അരീക്കോട് തിരട്ടമ്മേലിൽ കണ്ണഞ്ചേരി ചെറിയാപ്പു അനുസ്മരണ യോഗത്തിൽ പങ്കെടുത്ത് കണ്ണഞ്ചേരി ചെറിയാപ്പു ട്രസ്റ്റ് ഉദ്ഘാടനം ചെയ്ത് നാടിന് സമർപ്പിച്ചു.

08 രാവിലെ, ദേവഗിരി ഇടവക ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് ഏതാനും കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സൈ്ഥര്യലേപനവും നല്കി.

രാവിലെ, താമരശ്ശേരി ആരാധന സന്ന്യാസിനി സമൂഹത്തിന്റെ പ്രൊവിൻഷ്യൽ ഭവനത്തിൽ സുവർണ്ണ–രജത ജൂബിലി ആഘോഷിക്കുന്ന സന്യാസിനികളോടൊപ്പം ദിവ്യബലിയർപ്പിച്ച് അവർക്ക് ആശംസകൾ നേർന്നു.

ഉച്ചക്ക്, മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ കെ.സി.വൈ.എം. ഓഫീസിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിക്കുകയും സെനറ്റ് അംഗങ്ങൾക്ക് സന്ദേശം നല്കുകയും ചെയ്തു.

വൈകുന്നേരം, കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിൽ കായികരംഗത്ത് നേട്ടം കൈവരിച്ച കുട്ടികളെ അനുമോദിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, ഊരകം അൽഫോൻസ സ്കൂളിന്റെ വാർഷികാഘോഷത്തിൽ അദ്ധ്യക്ഷത വഹിച്ചു.

09 രാവിലെ, മരുതോങ്കര ഇടവക ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് മുതിർന്നവരെ ആദരിച്ചു.

വൈകുന്നേരം, പള്ളിക്കുന്ന് ലൂർദ് മാതാ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

10 രാവിലെ, കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു.

വൈകുന്നേരം, രൂപതാഭവനിൽ വെച്ച് നടന്ന ഊരകം അൽഫോൻസ സ്കൂളിന്റെ ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു.

11 രാവിലെ, കരിങ്ങാട് ഇടവക ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

രാവിലെ, മാനന്തവാടി തോണിച്ചാൽ എസ്.കെ.ഡി. സന്ന്യാസിനി സമൂഹത്തിന്റെ നവീകരിച്ച ഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മത്തിലും ഏതാനും സിസ്റ്റേഴ്സിന്റെ ജൂബിലിയാഘോഷത്തിലും നിത്യവ്രതവാഗ്ദാന കർമ്മത്തിലും പങ്കെടുത്ത് സന്ദേശം നൽകി.

വൈകുന്നേരം, പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ നടന്ന 20 -ാമത് രൂപതാ ബൈബിൾ കൺവെൻഷന്റെ സമാപനദിനത്തിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ദിവ്യകാരുണ്യ പ്രദക്ഷണത്തിന് നേതൃത്വം നൽകി.

12 രാവിലെ, കല്ലാനോട് ഇടവക ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

12-16 ബാംഗ്ലൂരിൽ നടന്ന സി.ബി.സി.ഐ. മീറ്റിംഗിൽ പങ്കെടുത്തു.

17 രാവിലെ, ഊരകം സ്കൂളിൽ നടന്ന ഊരകം അൽഫോൻസ സ്കൂൾ ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു.

19 വൈകുന്നേരം, ഈരൂട് വിയാനി പ്രീസ്റ്റ് ഹോം സന്ദർശിച്ച് വൈദികരോടൊപ്പം അത്താഴം കഴിച്ചു.

20 രാവിലെ, കൂരാച്ചുണ്ട് തിരുഹൃദയ സന്ന്യാസിനി സമൂഹത്തിന്റെ നവീകരിച്ച സെന്റ് ജോസഫ്സ് ഹോം വെഞ്ചരിച്ചു.

21 രാവിലെ, കോഴിക്കോട് മനോമയ പുതിയ ഓഫീസ് വെഞ്ചരിച്ചു.

ഉച്ചയ്ക്ക് പി.എം.ഒ.സി.യിൽ ചെറുപുഷ്പ മിഷൻലീഗിന്റെ ശാഖ വൈസ് ഡയറക്ടേഴ്സ് സംഗമം ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്, കോടഞ്ചേരി സെന്റ് മേരീസ് ഫൊറോന തീർത്ഥാടന കേന്ദ്രത്തിൽ സി. ഫെലിക്സ് എഫ്.സി.സി.യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ നേതൃത്വം നല്കി.

22 രാവിലെ, വെറ്റിലപ്പാറ ഇടവക ദൈവാലയത്തിൽ പരേതനായ സ്വപിതാവിന്റെ രണ്ടാം ചരമവാർഷികത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സിമിത്തേരിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

രാവിലെ, കോഴിക്കോട് മായനാട് ആൻസില സെക്യുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ ഭവനം വെഞ്ചരിക്കുകയും കപ്പേള കൂദാശ ചെയ്യുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, തലയാട് തിരുഹൃദയ സന്യസിനി ഭവനത്തിന്റെ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു ആഘോഷങ്ങളിൽ പങ്കെടുത്തു.

23 വടകര ഇടവകയിൽ അജപാലനസന്ദർശനം നടത്തുകയും കുടുംബവർഷത്തോടനുബന്ധിച്ച് രൂപതയിൽ നടത്തുന്ന വി. ലൂയിസ് മാർട്ടിന്റെയും വി. സെലിൻ മാർട്ടിന്റെയും തിരുശേഷിപ്പ് പ്രയാണത്തിന് ആരംഭം കുറിക്കുകയും ചെയ്തു.

24 രാവിലെ, കത്തീഡ്രൽ ദൈവാലയത്തിൽ വിഭൂതി തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കി.

25 താമരശ്ശേരി രൂപതാഭവനിൽ നടന്ന പ്രസ്ബിറ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു.

26 ഈരൂട് വിയാനി പ്രീസ്റ്റ് ഹോം സന്ദർശിച്ച് വൈദികരുമായി കൂടിക്കാഴ്ച നടത്തി.

27 എറണാകുളം പി.ഒ.സി.യിൽ നടന്ന ഇൻഫാം ദേശീയ നിർവാഹക സമിതി മീറ്റിംഗിൽ സംബന്ധിച്ചു.

28 മൗണ്ട് സെന്റ് തോമസിൽ കത്തോലിക്ക കോൺഗ്രസ് രൂപതാ ഡയറക്ടർമാരുടെ സമ്മേളനത്തിൽ സംബന്ധിച്ചു.

29 മൈനർ സെമിനാരി മൂന്നാം വർഷം പരിശീലനം നടത്തുന്ന വൈദികാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി അവരുടെ പഠനപുരോഗതി വിലയിരുത്തി.





# POPE FRANCIS

# on Fasting



Pope Francis reminded that fasting is one of the tasks of Lent, and said that even “if you cannot commit to a total fast, the kind that makes you feels hunger in your bones” you can still fast humbly and consistently.

He warned against the temptation of ‘showing off’ by fasting: “by making a fuss of it and letting people know that we are practicing Catholics and we do penance, so that people think ‘what a good person’. This is a trick” he said: “It’s pretending to be virtuous”.

“We must pretend, Francis continued, but with a smile. That is not showing others that we are performing acts of penance.”

He invited the faithful to fast in order “to help others. But always with a smile”.

Fasting, he said, also involves lowering oneself by reflecting on one’s sins and asking forgiveness from the Lord.

He exhorted Christians to “do penance”, to “feel a little hunger”, to “pray more during Lent” and to ask themselves how they behave towards the other:

“Does my fast help others? If it does not it’s fake, it’s inconsistent and it takes you on the path to a double life, pretending to be a just Christian - like the Pharisees or the Sadducees” he said.

Let us ask for the grace of consistency he concluded:” if I am unable to do something, I will not do it. I will do only what I can with the consistency of a true Christian

(March 9, 2019)